TAB

# Trichur Archdiocesan Bulletin

2021 സെപ്തംബർ വാല്യം: 88 ലക്കം: 09




കളകളുടെ ഉപമ (മത്തായി 13: 24–30)





നെഹ്റു നഗർ സെന്റ് പീറ്റർ ഇട
വകയുടെ പുനർനിർമ്മിച്ച
ദൈവാലയവും അൾത്താരയും
(മാർ ആൻഡ്രൂസ് താഴത്ത് -
2021 മെയ് 1)



പുല്ലംക്കണ്ടം സെന്റ് ജോർജ്ജ്
ഇടവകയുടെ പുനർനിർമ്മിച്ച
ദൈവാലയവും അൾത്താരയും
(മാർ ആൻഡ്രൂസ് താഴത്ത് -
2021 ആഗസ്റ്റ് 4)





Trichur Archdiocesan Bulletin TAB

**സെപ്തംബർ 2021**

ലക്കം:9 വാല്യം: 88

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 09 |
| നാളാഗമം | 18 |
| നാമകരണ നടപടികൾ | 25 |
| വൈദികർ | 29 |
| സന്യസ്തർ | 32 |
| സാമ്പത്തിക കാര്യാലയം | 36 |
| മതബോധനം | 41 |
| സ്ഥാപനങ്ങൾ | 47 |
| സംഘടനകൾ | 75 |

# സർക്കുലർ

**പി.ഒ.സി.**
**കേരള കത്തോലിക്കാ**
**സഭയുടെ ആസ്ഥാന**
**കാര്യാലയം**

Ref: 3540/K-5/KCBC/OL/DS
26.07.2021

**കേരള സർക്കാരിന്റെ 2019-ലെ കർഷക ക്ഷേമനിധി ആക്ടിനാൽ സ്ഥാപിതമായ കർഷക ക്ഷേമനിധി ബോർഡിൽ അർഹരായ ചെറുകിട - നാമമാത്ര കർഷകർക്ക് അംഗത്വം നേടുന്നതിന് സഹായകരമായ വിവരങ്ങൾ ജനങ്ങൾക്ക് നല്കുന്നതിനുവേണ്ടി കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ലേബർ കമ്മീഷൻ, ഇൻഫാം എന്നിവയുടെ ചെയർമാന്മാർ ചേർന്ന് പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കാർഷിക വൃത്തിയെ വളരെ ഉത്കൃഷ്ടമായ ഒരു ഉപജീവന മാർഗ്ഗമായി പരിഗണിക്കുന്നതും അന്നം നല്കുന്ന കർഷകനെ ആദരിക്കുന്നതുമാണ് കേരള സംസ്കാരം. എന്നാൽ കർഷക ജനതയുടെ നിലനില്പും സുരക്ഷയും പലകാരണങ്ങളാൽ ഭീഷണിയിലാണ്. ആപത്കരമായ ഈ പ്രവണതയ്ക്ക് മാറ്റം ഉണ്ടാകണം. ലോകമാസകലം ചർച്ചയ്ക്ക് വിഷയീഭവിപ്പിച്ച ഫ്രാൻസിസ് മാർപാപ്പായുടെ അതിമനോഹരമായ ചാക്രിക ലേഖനം 'ലൗദാത്തോസി'യുടെ അഞ്ചാം വർഷത്തിൽ കേരള സഭയും കാർഷിക ആഭിമുഖ്യത്തിൽ കൂടുതൽ

ഊർജ്ജസ്വലതയോടെ മുന്നേറാൻ ആഗ്രഹിക്കുന്നു. കൃഷിയെ സഭയുടെ ഒരു പ്രേഷിത പ്രവർത്തനമായി കാണണം. കർഷകന് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും ലഭിക്കുന്നുവെന്ന് സർക്കാരും സമൂഹവും ഉറപ്പാക്കണം. അതിനുതകുന്ന ഒരു അവസരമായാണ് കേരള സർക്കാരിന്റെ പുതിയ കർഷക ക്ഷേമനിധി ബോർഡിനെ സഭ കാണുന്നത്.

കേരള സംസ്ഥാനത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷ കരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ കർഷക ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സിനുശേഷം പ്രതിമാസം ചുരുങ്ങിയത് 5000/- രൂപാ പെൻഷൻ നല്കുവാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. അഞ്ച് വർഷത്തിൽ കുറയാതെ അംശാദായം അടച്ചവർക്ക് 60 വയസ്സ് തികയുമ്പോൾ അംശാദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പെൻഷൻ. ക്ഷേമനിധി ബോർഡിൽ അംഗത്വപ്രക്രിയ പൂർണ്ണ മായാൽ കർഷകർക്ക് സർക്കാർ ഇപ്പോൾ നല്കുന്ന പ്രതിമാസ കർഷക പെൻഷൻ ഈ ബോർഡ് വഴിയാകും വിതരണം ചെയ്യുക. തൃശ്ശൂർ ആസ്ഥാനമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. (ഫോൺ നമ്പർ: 0487-2320500). കർഷകർക്കെല്ലാം വളരെ ആശ്വാസവും ആവേശവും പകരുന്ന പദ്ധതിയാകും ഇതെന്ന് കരുതുന്നു.

കേരള സർക്കാർ 2019 ഡിസംബർ 20-ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു: കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. (www.kfwfb.kerala.gov.in)

**(1) ആരാണ് കർഷകൻ?**

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. അഞ്ച് സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർ. എന്നാൽ റബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ കാര്യത്തിൽ പരിധി ഏഴര ഏക്കറാണ്. കൃഷി പ്രധാന ഉപജീവന മാർഗമായി സ്വീകരിച്ചിട്ടുള്ളവർ. പ്രതിവർഷം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവർ. മൂന്നു വർഷത്തിൽ

കുറയാതെ കൃഷി ചെയ്യുന്നവർ. ഇവർക്ക് ക്ഷേമനിധിയിൽ അംഗ ങ്ങളാകാം.

**(2) ഏതെല്ലാം കൃഷികൾ?**

നെൽകൃഷി, ഉദ്യാനകൃഷി, കന്നുകാലി വളർത്തൽ (ക്ഷീര കർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങുവർഗങ്ങൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ, തീറ്റ പ്പുല്ല് കൃഷി ചെയ്യുന്നവർ വൃക്ഷങ്ങൾ നട്ടുവളർത്തൽ, മത്സ്യം, അലങ്കാര മത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽ പുഴു, കോഴി, താറാവ്, ആട് കൃഷി ഉൾപ്പെടെ എല്ലാം.

**(3) ആർക്കെല്ലാം അംഗത്വം?**

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറു രൂപ അടയ്ക്കണം. ഇതിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതി കമായി പ്രതിമാസം പരമാവധി 250/– രൂപ സർക്കാർ വിഹിതമായി വരും. അർധ വാഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യം പോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്. കർഷകർക്ക് സ്മാർട്ട് ഫോണിലൂടേയോ കമ്പ്യൂട്ടർ വഴിയോ നേരിട്ട് ഓൺലൈനായി രജിസ്റ്റർ ചെയ്യുവാനും വിഹിതം അടയ്ക്കുവാനും വിവരങ്ങൾ അറിയുവാനുമുള്ള പോർട്ടൽ സംവിധാനവും ഉണ്ടാകും. അക്ഷയ കേന്ദ്ര ങ്ങളിലും സേവനം ലഭ്യമാകും.

**(4) അംഗമാകുവാൻ ആവശ്യമായ രേഖകൾ എന്തെല്ലാം?**

(a) കർഷകരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം:

- ക്ഷീര കർഷകരാണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
- ആട്, കോഴി, താറാവ് എന്നീ കർഷകർ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
- മത്സ്യകൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടി ഫിക്കറ്റ് വാങ്ങണം.
- മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ താലൂക്ക് ഇൻഡസ് ട്രീസ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

(b) അഞ്ച് ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

(c) ആധാർ പകർപ്പ്

(d) വയസ്സ് തെളിയിക്കുന്നതിന് രേഖയായി ഐഡൻറിറ്റി കാർഡ് / എസ് എസ് എൽ സി ബുക്ക് കോപ്പി

(e) കരം അടച്ച രസീത്

(f) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

(g) രജിസ്ട്രേഷൻ ഫീസ് 100/– രൂപ

**(5) അംഗത്വ കാർഡ്:**

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധനകൾ നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തിക്കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**(6) ആനുകൂല്യങ്ങൾ:**

(a) ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കും; എങ്കിലും കുറഞ്ഞ പെൻഷൻ മാസം തോറും 5000 രൂപയെങ്കിലും ആയിരിക്കും. (ഭാവിയിൽ അതു വർധിക്കും)

(b) അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ.

(c) മക്കളുടെ വിദ്യാഭ്യാസ സഹായം

(d) അംഗങ്ങളായ വനിതകളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹസഹായം.

(e) അംഗങ്ങളായ വനിതകളുടെ പ്രസവത്തിന് രണ്ട് തവണ ആനുകൂല്യം ലഭിക്കും.

(f) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതി ഉറപ്പാക്കുന്നു.

(g) കുറഞ്ഞത് അഞ്ചുവർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ച ശേഷം മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുമെന്നത് കർഷക കുടുംബങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നതാണ്.

(h) പെൻഷൻ തിയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്ക് 60 വയസ്സുവരെ പ്രതിമാസം പെൻഷൻ ലഭിക്കും.

(i) രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉണ്ടാകുന്നവർക്ക് അവശത ആനുകൂല്യം ലഭിക്കും. ബോർഡ് തീരുമാനിക്കുന്ന ലൈഫ് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ചേരുന്ന അംഗങ്ങൾക്ക് ചികിത്സാ സഹായവും ലഭിക്കും.

പ്രിയ സഹോദരങ്ങളേ,

കർഷക ക്ഷേമനിധി ബോർഡിൽ നാമമാത്ര – ചെറുകിട കർഷകർക്ക് അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സഭാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാന തലത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം, കേരള ലേബർ മൂവ്മെന്റ്, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും ചെറുകിട കർഷകരെ ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ നടപടികൾ ചെയ്തു കൊടുക്കുന്നതിന് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കെ.എൽ.എം., ഇൻഫാം എന്നിവയുടെ ആഭിമുഖ്യത്തിൽ ആവശ്യാനുസരണം ഹെൽപ്പ് ഡെസ്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുക.

എത്ര പേർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടികൊടുത്തുവെന്ന് സംസ്ഥാന തലത്തിലേക്ക് റിപ്പോർട്ട് ചെയ്യുക.

പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ശല്യം, വിലത്തകർച്ച എന്നിവ അതിജീവിച്ച് കാർഷിക വൃത്തിയനുഷ്ഠിച്ച് സമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷക ജനതയ്ക്ക് സാധ്യമായ സാമൂഹ്യ സുരക്ഷ ഏർപ്പെടുത്തുന്നതിന് നമ്മുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

യേശു ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
ചെയർമാൻ,
ജെ.പി.ഡി. കമ്മീഷൻ

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
ലേബർ കമ്മീഷൻ

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

---

*പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി – 682 025*

# കച്ചേരി വാർത്തകൾ

സെപ്തംബർ 2021

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : എട്ടു നോമ്പാരംഭം
3 : ആദ്യവെള്ളി
4 : കൊൽക്കത്തായിലെ വി. തെരേസ (5 ഞായർ)
5 : **ഏലിയാ സ്ലീവ മൂശ രണ്ടാം ഞായർ**
8 : പരി. കന്യകാമറിയത്തിന്റെ പിറവിതിരുനാൾ
12 : **ഏലിയാ സ്ലീവ മൂശ മൂന്നാം ഞായർ**
13 : വി. ജോൺ ക്രിസോസ്തോം
14 : വി. കുരിശിന്റെ പുകഴ്ച
19 : **ഏലിയാ സ്ലീവ മൂശ നാലാം ഞായർ**
21 : വി. മത്തായി ശ്ലീഹാ
26 : **ഏലിയാ സ്ലീവ മൂശ അഞ്ചാം ഞായർ**
27 : വി. വിൻസെന്റ് ഡി പോൾ
29 : മാലാഖമാരായ വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ
30 : വി. ജെറോം

**2. വൈദികനിയമനം:**

1. മോൺ. ഞാളിയത്ത് വർഗ്ഗീസ് – ആത്മീയപിതാവ് മേരിമാത മേജർ സെമിനാരി ഒഴിവായി; സാധുത 2021 ഏപ്രിൽ 20 മുതൽ.
2. ഫാ. മാത്യു പെരുമ്പള്ളി – ആത്മീയപിതാവ് മേരിമാത മേജർ സെമിനാരി കൂടി; സാധുത 2021 ഏപ്രിൽ 20 മുതൽ.
3. ഫാ. ജിബിൻ താഴേക്കാടൻ – റസിഡന്റ് ടീച്ചർ & ലൈബ്രേറിയൻ മേരിമാത മേജർ സെമിനാരി ; സാധുത 2021 ജൂലൈ 7 മുതൽ.

4. ഫാ. ഫ്രീജോ പാറക്കൽ – ലൈബ്രേറിയൻ മേരിമാത മേജർ സെമിനാരി ഒഴിവായി; സാധുത 2021 ജൂലൈ 7 മുതൽ.
5. ഫാ. ബിൽജു വാഴപ്പിള്ളി – കപ്ലോൻ എസ്. എൻ. ഡി. എസ്. ജനറലേറ്റ് കൂടി; സാധുത 2021 ജൂലൈ 7 മുതൽ.
6. ഫാ. ജെയ്സൻ വടക്കേത്തല – ജർമ്മനിയിൽ അജപാലനശുശ്രൂഷക്കായി അവധി; സാധുത 2021 ജൂലൈ 8 മുതൽ.
7. ഫാ. തോമസ് പൂപ്പാടി– വികാരി മഡോണനഗർ & കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി; സാധുത 2021 ജൂലൈ 14 മുതൽ.
8. ഫാ. ജെയ്സൻ വട്ടനിരപ്പേൽ – നടത്തുവികാരി മഡോണനഗർ & കപ്ലോൻ സി. എച്ച്. എഫ്.; സാധുത 2021 ജൂലൈ 14 മുതൽ.
9. ഫാ. അനീഷ് ചിറ്റിലപ്പിള്ളി – പഠനാവധി; ഷംഷാബാദ് രൂപതയിൽ സേവനം; അസി. ഡയറക്ടർ പോപ് പോൾ മേഴ്സി ഹോം & വികാരി തങ്ങാലൂർ നോർത്ത് ഒഴിവായി; സാധുത 2021 ജൂലാ 28 മുതൽ.
10. ഫാ. ജാക്സൺ ചാലക്കൽ – നടത്തുവികാരി തങ്ങാലൂർ നോർത്ത് കൂടി; സാധുത 2021 ജൂലൈ 28 മുതൽ.
11. ഫാ. വിനോയ് വാഴപ്പിള്ളി – നോട്ടറി കൂരിയ കൂടി; സാധുത 2021 ജൂലൈ 26 മുതൽ.
12. ഫാ. മിഥുൻ ചുങ്കത്ത് – നോട്ടറി കൂരിയ കൂടി; സാധുത 2021 ജൂലൈ 26 മുതൽ.

**3. വൈദികരുടെ വാർഷികധ്യാനം**

ബഹു. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം 2021 സെപ്തംബർ 5 മുതൽ 28 വരെ പത്തു ബാച്ചുകളിലായി നടത്തുന്നു. ധ്യാനവേദി: ഡി. ബി. സി. എൽ. സി., തൃശ്ശൂർ

- ♦ മുഴുവൻ സമയവും താമസിച്ചു ധ്യാനിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേക്കൂട്ടി ചെയ്യണം.
- ♦ ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.
- ♦ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം, വിയാനി ഭവൻ, ക്രൈസ്റ്റ് വില്ല ബംഗ്ലാവ്, മേരിമാത സെമിനാരി, സെന്റ് മേരീസ് മൈനർ സെനാരി എന്നിവിടങ്ങളിലെ അച്ചന്മാർ പ്രസ്തുത സ്ഥാപനങ്ങളിലെ വാർഷിക ധ്യാനത്തിൽ പങ്കെടുക്കേണ്ടതാണ്.
- ♦ ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ 2021 ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷികധ്യാനം നടത്തി കുമ്പസാരപത്തേന്തിയും കുർബാനക

ണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.

- വാർഷികധ്യാനത്തിന്റെ ലിസ്റ്റ് താഴെ കൊടുത്തിട്ടുണ്ട്. ബാച്ചുകൾ മാറുവാൻ ആഗ്രഹിക്കുന്നവർ മറ്റു ബാച്ചുകളിലുള്ളവരുമായി പരസ്പരം ക്രമീകരിക്കേണ്ടതാണ്.

**ബാച്ച് 1**

ധ്യാനഗുരു : **ഫാ. മാത്യു കക്കാട്ടുപിള്ളിൽ VC**
(2021 സെപ്തംബർ 5 ഞായർ 5:00 pm മുതൽ
സെപ്തംബർ 7 ചൊവ്വ 12:30 pm വരെ)

| | |
|---|---|
| 1. Fr. Akkara Raju | 17. Fr. Chiriyankandath Ginsen |
| 2. Fr. Kundukulam Stishin | 18. Fr. Maliakkal Jijo |
| 3. Fr. Thanikkal Lazar | 19. Fr. Veliyan Sebi |
| 4. Fr. Cheruvathoor Sijo | 20. Fr. Chittilappilly Seby |
| 5. Fr. Pindiyan Prince | 21. Fr. Perumattil Christon |
| 6. Fr. Chittilappilly Jinto | 22. Fr. Muthupeedika Raphael |
| 7. Fr. Kidangan Joy | 23. Fr. Chazhoor Domini |
| 8. Fr. Pereppadan Jinto | 24. Fr. Thalakkottoor Shanto |
| 9. Fr. Arackel Paul | 25. Fr. Chullikadan Joby |
| 10. Fr. Ainikkal Jose | 26. Fr. Chiramel Jolly |
| 11. Fr. Chiramel Simson | 27. Fr. Chemmannur Libin |
| 12. Fr. Kallikkadan Paul | 28. Fr. Ukken Johnson |
| 13. Fr. Mekkattukulam Jiphy | 29. Fr. Mookken Roy |
| 14. Fr. Peramangalath Paul | 30. Fr. Moolan John |
| 15. Fr. Kuthur Varghese | 31. Fr. Poovathukkaran Joseph |
| 16. Fr. Chittilappilly Antony | |

**ബാച്ച് 2**

ധ്യാനഗുരു : **ഫാ. മാത്യു കക്കാട്ടുപിള്ളിൽ VC**
(2021 സെപ്തംബർ 7 ചൊവ്വ 5:00 pm മുതൽ
സെപ്തംബർ 9 വ്യാഴം 12:30 pm വരെ)

| | |
|---|---|
| 1. Fr. Aloor Joshy | 8. Fr. Chittilappilly Johnson |
| 2. Fr. Mukkadayil Jinson | 9. Fr. Akkamattathil Raphael |
| 3. Fr. Thattil Paulson | 10. Fr. Pettayil Noble |
| 4. Fr. Kanjirathingal Prinson | 11. Fr. Thayyalakkal Flergin |
| 5. Fr. Edathiruthy Jojo | 12. Fr. Kuttikottayil Mathew |
| 6. Fr. Kollannur Antony | 13. Fr. Kulangara Printo |
| 7. Fr. Punnoliparambil Jos | 14. Fr. Chittilapilly Jaison |

| | |
|---|---|
| 15. Fr. Maliyammavu Paul | 24. Fr. Chittilappilly John |
| 16. Fr. Vennattuparambil Joshy | 25. Fr. Vadakkan Job |
| 17. Fr. Choondal Livin | 26. Fr. Rayappan Anto |
| 18. Fr. Ponthekken Sinto | 27. Fr. Muringathery Joseph |
| 19. Fr. Panackal Joju | 28. Fr. Kizhakkekannanchira Frinto |
| 20. Fr. Edakkalathur Thomas | 29. Fr. Punnoliparambil Bastian |
| 21. Fr. Tharakan Francis | 30. Fr. Chalakkal Jackson |
| 22. Fr. Eluvathingal Justin | 31. Fr. Perinchery Ajeesh |
| 23. Fr. Choondal Jinto | |

**ബാച്ച് 3**

ധ്യാനഗുരു : **ഫാ. ജെയിംസ് തെക്കുംചേരികുന്നേൽ MCBS**
(2021 സെപ്തംബർ 9 വ്യാഴം 5:00 pm മുതൽ
സെപ്തംബർ 11 ശനി 12:30 pm വരെ)

| | |
|---|---|
| 1. Fr. Chakkery Mathew | 17. Fr. Chittilappilly Joseph |
| 2. Fr. Muringathery Jomon | 18. Fr. Marottikkal Majo |
| 3. Fr. Thekkekara Davis | 19. Fr. Vettath Sebastian |
| 4. Fr. Chiramel Chacko | 20. Fr. Eluvathingal Rojo |
| 5. Fr. Vadakkan Roy Joseph | 21. Fr. Thattil Soly |
| 6. Fr. Kunnappilly Teds | 22. Fr. Puthur Joby |
| 7. Fr. Koola Ditto | 23. Fr. Eluvathingal Antos |
| 8. Fr. Puthur Sijo | 24. Fr. Kidangan Benny |
| 9. Fr. Marokey Shinto | 25. Fr. Kanjirathingal Seby |
| 10. Fr. Chittilappilly Anvin | 26. Fr. Kallikadan Starzon |
| 11. Fr. Kanjirathingal Varghese | 27. Fr. Vattakuzhy Gladrin |
| 12. Fr. Mookken Joy | 28. Fr. Thanikkal Manoj |
| 13. Rev. Fr. Poruthur Daijo | 29. Fr. Payikkatt Sobin |
| 14. Fr. Thekkanath Paul | 30. Fr. Koreth Joyson |
| 15. Fr. Thalakkoden Dominic | 31. Fr. Valluppara Jeejo |
| 16. Fr. Mangattilayan Jomon | |

**ബാച്ച് 4**

ധ്യാനഗുരു : **ഫാ. ജെയിംസ് തെക്കുംചേരികുന്നേൽ MCBS**
(2021 സെപ്തംബർ 12 ഞായർ 5:00 pm മുതൽ
സെപ്തംബർ 14 ചൊവ്വ 12:30 pm വരെ)

| | |
|---|---|
| 1. Fr. Cherayath Davis Sr. | 4. Fr. Chittilappilly Shiju |
| 2. Fr. Nandikkara Ignatius | 5. Fr. Vadakoot Thomas |
| 3. Fr. Thekkiniyath Geo | 6. Fr. Kuttikkatt Jinto |

| | |
|---|---|
| 7. Fr. Koothur Francis | 19. Fr. Inchodikkaran James |
| 8. Fr. Thalakkottoor Francis | 20. Fr. Karippery Varghese |
| 9. Fr. Panamkulam Davis | 21. Fr. Anthikadan Johnson |
| 10. Fr. Chittilappilly Shelton | 22. Fr. Pulikkan Siju |
| 11. Fr. Kannampuzha Davis | 23. Fr. Pallipurathukaran Geo |
| 12. Fr. Mullakkara Tijo | 24. Fr. Kattookaran Sijo |
| 13. Fr. Poruthur Joju | 25. Fr. Maroky Sajan |
| 14. Fr. Vadakkan Raphael | 26. Fr. Velakombil Roy |
| 15. Fr. Palathingal Varghese | 27. Fr. Vazhappilly Frajo |
| 16. Fr. Chungath Midhun | 28. Fr. Puthiri Frango |
| 17. Fr. Nedumbakaran Yesudas | 29. Fr. Kunnappilly Tens |
| 18. Fr. Konikkara Jose, Jr. | 30. Fr. Vazhaparambil Clement |

**ബാച്ച് 5**

ധ്യാനഗുരു : **ഫാ. ജെബിൻ പതിപറമ്പിൽ MCBS**
(2021 സെപ്തംബർ 14 ചൊവ്വ 5:00 pm മുതൽ
സെപ്തംബർ 16 വ്യാഴം 12:30 pm വരെ)

| | |
|---|---|
| 1. Fr. Chittilappilly Lijo | 17. Fr. Pulikkottil Davis |
| 2. Fr. Nirappukalayil George | 18. Fr. Ainickal Johnson |
| 3. Fr. Thermadam Simon | 19. Fr. Kolambrath Dixon |
| 4. Fr. Kappilamnirappel Jijo | 20. Fr. Chalil Anu |
| 5. Fr. Alappatt Biju Joseph | 21. Fr. Kollannoor Royson |
| 6. Fr. Muringathery Joy | 22. Fr. Kuruthukulangara Antony |
| 7. Fr. Kundukulam Johnson | 23. Fr. Velookaran Thomas |
| 8. Fr. Thattil Raphy | 24. Fr. Poovathingal Prince |
| 9. Fr. Parokkaran Joshy | 25. Fr. Kizhakkuden Sony |
| 10. Fr. Alappadan Fijo | 26. Fr. Muringathery Jijo |
| 11. Fr. Kavalakkatt Seby | 27. Fr. Chalissery Johnson |
| 12. Fr. Mundenkurian Renny | 28. Fr. Cheruvathur Chacko |
| 13. Fr. Alanthanath Nysson | 29. Fr. Thacharattil Jacob |
| 14. Msgr. Kakkassery Thomas | 30. Fr. Maroky Dennis |
| 15. Fr. Thaliyaparambil Liril | 31. Fr. Chembakassery Antony |
| 16. Fr. Kanjirathingal Baiju | |

| ബാച്ച് 6 | |
|---|---|
| ധ്യാനഗുരു : **ഫാ. ജെബിൻ പതിപറമ്പിൽ MCBS** (2021 സെപ്തംബർ 16 വ്യാഴം 5:00 pm മുതൽ സെപ്തംബർ 18 ശനി 12:30 pm വരെ) | |
| 1. Fr. Chittilappilly Paul | 16. Fr. Vithayathil Daveed |
| 2. Fr. Panengadan John | 17. Fr. Kannanaickal Sajil |
| 3. Fr. Ukken Thomas | 18. Fr. Pulikottil Jaison |
| 4. Fr. Mangattilayan Majo | 19. Fr. Akkarapattiakkal Nirmal |
| 5. Fr. Padinjakkara Abijith | 20. Fr. Kollannoor Joy |
| 6. Fr. Thermadam Shajan | 21. Fr. Chiramel Davis Sr. |
| 7. Fr. Neelankavil Francis | 22. Fr. Thanissery Raphael |
| 8. Fr. Ukken Sibin | 23. Fr. Manjaly Binoy |
| 9. Fr. Thanikkal Jomon | 24. Fr. Nellangara Jithin |
| 10. Fr. Aloor Francis | 25. Fr. Akkamattathil Shonson |
| 11. Fr. Edakulathur George | 26. Fr. Arangassery Saleesh |
| 12. Fr. Mundopuram Daison | 27. Fr. Thaliyath Nibin |
| 13. Fr. Thachoth Ajith | 28. Fr. Maroky Jaison |
| 14. Fr. Vazhappilly Vinoy | 29. Fr. Vattakuzhy Jose |
| 15. Msgr. Vallooran Jose | 30. Fr. Thattil Trejin |

| ബാച്ച് 7 | |
|---|---|
| ധ്യാനഗുരു : **ഫാ. ബെന്നി പുത്തനാടയിൽ (തലശ്ശേരി)** (2021 സെപ്തംബർ 19 ഞായർ 5:00 pm മുതൽ സെപ്തംബർ 21 ചൊവ്വ 12:30 pm വരെ) | |
| 1. Fr. Marottickal Alex | 16. Fr. Arangassery Sanoj |
| 2. Fr. Choondal Thomas | 17. Fr. Kavalakkatt Franco |
| 3. Fr. Pindiyan Paul | 18. Fr. Kattukaran Paul |
| 4. Fr. Ukken Shaju | 19. Fr. Pullokkaran Raphael |
| 5. Fr. Neelamkavil Anson | 20. Fr. Cheradai Geo |
| 6. Fr. Pulikottil Jose | 21. Fr. Koothur Febin |
| 7. Fr. Arangassery Jose | 22. Fr. Chiriyankandath Shijo |
| 8. Fr. Neelankavil Pauly | 23. Fr. Ukken Varghese |
| 9. Fr. Pidiyath Wilson | 24. Fr. Chittilappilly Ajith |
| 10. Fr. Aloor Joju | 25. Fr. Vadakkan Sajan |
| 11. Fr. Ammuthan Antony | 26. Fr. Padayattil Job |
| 12. Fr. Edakulathur Jimmy | 27. Fr. Olakkengil Dijo |
| 13. Fr. Muringathery Sijo | 28. Fr. Alappat Bastin |
| 14. Fr. Thandassery Canadian | 29. Fr. Chakkalakkal Davis |
| 15. Fr. Vazhappilly Francis Sr. | 30. Fr. Vadakkethala Thomas |

| ബാച്ച് 8 | |
|---|---|
| ധ്യാനഗുരു : **ഫാ. ബെന്നി പുത്തനാടയിൽ (തലശ്ശേരി)**<br>(2021 സെപ്തംബർ 21 ചൊവ്വ 5:00 pm മുതൽ<br>സെപ്തംബർ 23 വ്യാഴം 12:30 pm വരെ) | |
| 1. Fr. Thaikkattil Sonjai | 16. Fr. Alappat Biju |
| 2. Fr. Edakalathur Louis | 17. Fr. Kidangan John |
| 3. Fr. Punnassery Jaison | 18. Fr. Puthur Sebi |
| 4. Fr. Vadakkethala Midhun | 19. Fr. Chirammel Able |
| 5. Fr. Thekkumpuram Jaison | 20. Fr. Kundukulangara Jovy |
| 6. Fr. Ollukkaran Anto | 21. Fr. Chittattukara Seby |
| 7. Fr. Muringathery Grijo | 22. Fr. Vattanirappel Jaison |
| 8. Fr. Adambukulam Joy | 23. Fr. Menachery Antony |
| 9. Fr. Anthikkat Santhosh | 24. Fr. Appadan Babu |
| 10. Fr. Emmatty Jomon | 25. Fr. Vadakkethala Saju |
| 11. Fr. Kuttikkatt Andrews | 26. Fr. Thathrathil Jos |
| 12. Fr. Muringathery Naveen | 27. Fr. Puthur Leo |
| 13. Fr. Thanikkal Denny | 28. Fr. Anthikkat Joseph |
| 14. Fr. Vazhappilly Jibi | 29. Fr. Cherayath Davis, Jr. |
| 15. Fr. Arimboor Tony | 30. Fr. Muthipeedika Mejo |

| ബാച്ച് 9 | |
|---|---|
| ധ്യാനഗുരു : **ഫാ. ബെന്നി പുത്തനാടയിൽ (തലശ്ശേരി)**<br>(2021 സെപ്തംബർ 23 വ്യാഴം 5:00 pm മുതൽ<br>സെപ്തംബർ 25 ശനി 12:30 pm വരെ) | |
| 1. Fr. Tharakan Roger | 16. Fr. Alukka Antony |
| 2. Fr. Edakkalathur Jose | 17. Fr. Kochupurackal Shaji |
| 3. Fr. Puthur Prakash | 18. Fr. Thattil Jense |
| 4. Fr. Vadakkoott James | 19. Fr. Chiriyamkandath Prince |
| 5. Fr. Olappurakkal Rinjo | 20. Fr. Maprani Alex |
| 6. Fr. Chiramel Davis Jr. | 21. Fr. Kakkassery Tony |
| 7. Fr. Kakkassery Bestin | 22. Fr. Ayyankanayil John |
| 8. Fr. Pallikkunnath Shijo | 23. Fr. Arikkat Sijo |
| 9. Fr. Olakkengil Johnson | 24. Fr. Vazhappilly Tony |
| 10. Fr. Vaikkadan Joseph | 25. Fr. Thekkekara Jose |
| 11. Fr. Arimboor Johnson | 26. Fr. Kanjirathingal Anto |
| 12. Fr. Malokkaran Jikson | 27. Fr. Chittilappilly Joffy |
| 13. Fr. Tharayil Demin | 28. Fr. Anthikkatt Johnson |
| 14. Fr. Vettath Mathew | 29. Fr. Palathingal Paulson |
| 15. Fr. Chakkalakkal Seejan | 30. Fr. Kuttikkatt Jiso |

## ബാച്ച് 10

**ധ്യാനഗുരു : ഫാ. ബെന്നി പുത്തനാടയിൽ (തലശ്ശേരി)**
(2021 സെപ്തംബർ 26 ഞായർ 5:00 pm മുതൽ
സെപ്തംബർ 28 ചൊവ്വ 12:30 pm വരെ)

| | |
|---|---|
| 1. Fr. Thanikkal Anuwin | 17. Fr. Thorayan Sinto |
| 2. V. Rev. Fr. Ambooken Noby | 18. Fr. Chiriyankandath Joju |
| 3. Fr. Pavartikaran John | 19. Fr. Muttath Francis |
| 4. Fr. Chiriyankandath Geo | 20. Fr. Kurissery Ittiachan |
| 5. Fr. Keetticka Finosh | 21. Fr. Chalissery Cyriac |
| 6. Fr. Payyappilly Paul | 22. Fr. Chemmannoor John Paul |
| 7. Fr. Alapatt Francis | 23. V. Rev. Fr. Thanikkal Paul |
| 8. Fr. Chalissery Lijo | 24. Fr. Arakkal Steephen |
| 9. Fr. Kallarakkal Pratheesh | 25. Fr. Tharakan Varghese |
| 10. Fr. Mapranathukaran Shijo | 26. Fr. Mapranathukaran Pradheep |
| 11. Fr. Pallikunnath Francis | 27. Fr. Kannanaikal Wilson |
| 12. Fr. Thattil Linson | 28. Fr. Arimboor Jerin |
| 13. V. Rev. Fr. Chalakkal Jose | 29. Rev. Fr. Parayil Shinto |
| 14. Fr. Cheruvathoor George | 30. Fr. Nettikadan David |
| 15. Fr. Chirayath Anto | 31. Fr. Chiriankandath Sunil |
| 16. Fr. Koothur Joy | |

## പൊതു വാർഷിക ധ്യാനത്തിൽ നിന്നും ഒഴിവുള്ള വൈദികർ

| | |
|---|---|
| 1. Fr. Achandy Johnson | 20. Fr. Edakkalathur Jacob |
| 2. Fr. Arackal Francis | 21. Fr. Eluvathingal Frederick |
| 3. Fr. Chakkumpeedika Thomas | 22. Fr. Kadappuran Joby |
| 4. Fr. Chalakkal Sebastian | 23. Fr. Kadavi Geo |
| 5. Fr. Chalissery Paul | 24. Fr. Kaippullyparamban Benny |
| 6. Fr. Cheeramban Shajan | 25. Fr. Kaitharath Justin |
| 7. Fr. Cheruvathoor Joyson | 26. Fr. Kanimangalathukaran Vincent |
| 8. Fr. Cheruvathoor Vincent | 27. Fr. Kannanaickal Franklin |
| 9. Fr. Chiramel Christeen | 28. Fr. Kareparamban Sinto |
| 10. Fr. Chirayath Febin | 29. Fr. Karerakkattil Aljo |
| 11. Fr. Chirayath Jeen | 30. Fr. Kollannur Ajith |
| 12. Fr. Chirayath Joffy | 31. Fr. Kombara George |
| 13. Fr. Chiriankandath Anto | 32. Fr. Koonamplakkal Jackson |
| 14. Fr. Chiriyankandath Lijo | 33. Fr. Koothoor Fexin |
| 15. Fr. Chittilappilly Joy, Jr. | 34. Fr. Koothur Anish |
| 16. Fr. Chittilappilly Binoy | 35. Fr. Koreth Mejo |
| 17. Fr. Chittilappilly Joy, Sr. | 36. Fr. Kundukulam Vincent |
| 18. Fr. Chittilappilly Vincent | 37. Fr. Maliyeckal Sanal Thomas |
| 19. Fr. Chungath John | |

38. Fr. Mandumpal Taison
39. Fr. Mecheripady Antony
40. Fr. Mulakkal John
41. Fr. Mullakkara Terin
42. Fr. Nayankara Prince
43. Fr. Nellickal Aneesh
44. Fr. Olakkengil Dunstan
45. Fr. Panattuparambil Babu
46. Fr. Panengadan Anto
47. Fr. Parrokkaran Binu
48. Fr. Pidiyath Jijo
49. Fr. Ponthekan Jomon
50. Fr. Porathur Nicholas
51. Fr. Pulikodan Renald
52. Fr. Thadathil Justin
53. Fr. Thaikkadan John Paul
54. Fr. Thaikkattil Lawrance
55. Fr. Thaivalappil Rejoy
56. Fr. Thalonikkara Tinto
57. Fr. Tharakan Geo
58. Fr. Thazhekadan Jibin
59. Fr. Thekkath Franso
60. Fr. Vellara Ansil
61. Fr. Vithayathil Rijo
62. Fr. Ainikkal Antony
63. Fr. Alapatt Paul
64. Fr. Arassery Joseph
65. Fr. Chelappadan George
66. Fr. Chirayath Shaju
67. Fr. Chittilappilly Jose T
68. Fr. Edakkalathur Francis
69. Fr. Edakulathur Anto
70. Fr. Kappany Paul
71. Fr. Kollannur Sebastian
72. Fr. Konikkara Jose Sr.
73. Fr. Mangalam Augustine
74. Fr. Mechery Antony
75. Fr. Olakkengil Lawrence
76. Fr. Panengadan Xavier
77. Fr.Panthallookkaran Devassy
78. Fr. Parakkal Cherian
79. Fr. Parayil Chacko
80. Fr. Peruttil Sebastian
81. Fr. Poopadi Thomas
82. Fr. Pulikottil Johnson
83. Fr. Thekinieth Antony
84. Fr. Thekkanath Justin
85. Fr. Thekkanath Antony
86. Fr. Therattil George
87. Fr. Thermadom George
88. Fr. Thottan Antony
89. Fr. Vadakkethala George
90. Fr. Vadakkethala Jaison
91. Fr. Vazhappilly Saijan
92. Fr. Chittilappilly Antony Anish
93. Fr. Cheruvathur Douglas
94. Fr. Puthur Joy
95. Fr. Chirayath Denny
96. Fr. Melit Palathingal Verghese
97. Fr. Thazhath Jickson
98. Fr. Vazhappilly Twinkle
99. Fr. Vazhappilly Bilju
100. Fr. Edakkalathoor Varghese
101. Fr. Nadakkeveliyil Chacko
102. Fr. Kuzhikkattumyalil Sijohn
103. Fr. Koonamplakkal Jaison
104. Msgr. Manadan George
105. Fr. Poozhikkunnel Justin
106. Fr. Thaikkattil Saijo
107 Fr. Kallingakudiyil Jimmy
108. Fr. Kokken Raju
109. Fr. Emmatty Sajeev
110. Fr. Kolambarath Martin
111. Fr. Keezhoorumuttikkal Manoj
112. Fr. Pindiyan Sajan
113. Fr. Porathur Sinto
114. Fr. Pulikkan Paul

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# നാളാഗമം

## ജൂലൈ 2021

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പടവരാട് ഇടവകയിൽ കോവിഡിനോടനുബന്ധിച്ചുള്ള കിറ്റിന്റെ വിതരണോത്ഘാടനം നിർവ്വഹിച്ചു. അഭിവന്ദ്യപിതാക്കന്മാർ ഏങ്ങണ്ടിയൂർ എം. ഐ ഹോസ്പിറ്റലിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുക്കാട്ടുക്കര ഹോളി ഫാമിലി കോൺവെന്റിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് പാക്ടിന്റെ നേതൃത്വത്തിൽ ഫൊറോന അടിസ്ഥാനത്തിൽ ഇടവകകളിൽ നിന്ന് കോവിഡ് മൂലം മരിച്ചുപോയ വൈദികർക്കും, സന്ന്യസ്തർക്കും, അത്മായ സഹോദരങ്ങൾക്കുംവേണ്ടി നടത്തിയ ഓൺലൈൻ പ്രാർത്ഥനയിൽ സംബന്ധിച്ചു.
3. പുത്തൂർ ഫൊറോന ദൈവാലയത്തിൽ വച്ചു നടന്ന അതിരൂപതാദിനാഘോഷത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് പാലയൂർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. സി. ഫോർച്ചുനേറ്റ് എഫ്. സി. സി. യുടെ മമ്മിയൂർ ലിസ്യൂ കോളേജ് കോൺവെന്റ് ചാപ്പലിൽ രാവി ലെ

നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

4. അഭിവന്ദ്യ പിതാക്കന്മാർ ചേലക്കര ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിച്ചു.
5. എരുമപ്പെട്ടി ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ശാന്തിധാം കോൺവെന്റിന്റെ രജത ജൂബിലിയാഘോഷത്തിന്റെ ഭാഗമായി വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.
6. അഭിവന്ദ്യ പിതാക്കന്മാർ കണ്ടശ്ശാംകടവ് ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ദീപിക പ്രൊമോട്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മനക്കൊടി ഓർഫനേജ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഡയറക്റ്റേഴ്സിന് വേണ്ടി സംഘടിപ്പിച്ച മീറ്റിംങ്ങിൽ സംബന്ധിച്ചു.
7. അഭിവന്ദ്യ താഴത്ത് പിതാവ് ചെങ്ങാലൂർ ഇടവകയിൽ ദിവ്യബലിയർപ്പിച്ചു. സെന്റ് മേരീസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടന്ന വിധവാസംഗമം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുകയും അഭിവന്ദ്യപിതാക്കന്മാർ മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. സിൻസൻ എടക്കളത്തൂർ അച്ചന്റെ 41–ാം ചരമദിനത്തിൽ മുല്ലശ്ശേരി പള്ളിയിൽ രാവിലെ വി. ബലി അർപ്പിച്ചു. വൈകിട്ട് സെന്റ് തോമസ് കോളേജിന്റെ ഓൺലൈൻ കോർ കമ്മിറ്റി മീറ്റിംങ്ങിൽ സംബന്ധിച്ചു.
8. അഭിവന്ദ്യ പിതാക്കന്മാർ കൊട്ടേക്കാട് ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് സി.എം.സി. സന്യാസസഭാംഗമായ സി. ലെറ്റീഷ്യയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. പോൾ പുലിക്കോട്ടിൽ അച്ചന്റെ 41–ാം ചരമദിനത്തിൽ മറ്റം ഫൊറോന പള്ളിയിൽ രാവിലെ വി. ബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ സ്ഥാപനങ്ങളുടെ ഡയറക്റ്റേഴ്സിന് വേണ്ടി സംഘടിപ്പിച്ച മീറ്റിംങ്ങിൽ സംബന്ധിച്ചു.

9. അഭിവന്ദ്യ പിതാക്കന്മാർ മറ്റം ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ദീപികയുമായി ബന്ധപ്പെട്ട് അഭിവന്ദ്യ പിതാക്കന്മാരുടെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തിരൂർ പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകു കയും മുണ്ടുപാലം സെന്റ് ജോസഫ്സ് സ്ക്കൂളിൽ നടത്തിയ പൊതുസമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. കെ. സി. ബി. സിയുടെ ഡോക്ട്രിനൽ ഓൺലൈൻ മീറ്റിംങ്ങിലും പങ്കെടുത്തു.
10. അഭിവന്ദ്യ പിതാക്കന്മാർ ഒല്ലൂർ ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി.സി.എൽ.സി യിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചെങ്ങാലൂർ പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും മേരീമാതാ സെമിനാരിയിലെ ഓൺലൈൻ ഇ–ജേണൽ മീറ്റിംങ്ങിലും പങ്കെടുക്കുയും ചെയ്തു. ലോഫ് കൂട്ടായ്മക്ക് വേണ്ടി വിശ്വാസവും ജീവിതവും എന്ന വിഷയത്തിൽ ഓൺലൈൻ ക്ലാസ്സ് നയിച്ചു.
11. അഭിവന്ദ്യ പിതാക്കന്മാർ പറപ്പൂർ ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പാലയൂർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ വി. ബലി അർപ്പിക്കുകയും നവീകരിച്ച കവാടം വെഞ്ചിരിക്കുകയും കോലഴി പള്ളിയിൽ വി. ബലി അർപ്പിക്കുകയും ചെയ്തു.
12. അഭിവന്ദ്യ പിതാക്കന്മാർ പാലയൂർ ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ക്രിസ്ത്യൻ ചെയറിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ ആദ്യ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.
13. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് പട്ടിക്കാട് ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് തലശ്ശേരി അതിരൂപതയിലെ അന്തരിച്ച ബഹു. ജോർ ജ്ജ് വണ്ടർക്കുന്നേൽ അച്ചന്റെ 41–ാം ചരമദിനത്തിൽ തലശ്ശേരി ജയഗിരി പള്ളിയിൽ വി. ബലി അർപ്പിക്കുകയും തലശ്ശേരി അതിരൂപത കേന്ദ്രവും കുന്നോത്ത് സെമിനാരിയും സന്ദർശിക്കുകയും ചെയ്തു.
14. അഭിവന്ദ്യ താഴത്ത് പിതാവ് പല്ലിശ്ശേരിയിലുള്ള നവീകരിച്ച അഭയം പാലിയേറ്റീവ് കെയറിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു. വൈകിട്ട്

ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. അതിരൂപത കൺസൽട്ടേഴ്സിന്റെ മീറ്റിംഗിലും വൈകിട്ട് ലൂർദ് ഫൊറോന വൈദികർക്കുള്ള മാസധ്യാനത്തിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോനിക്കര പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ മുഴുവൻ സ്റ്റാഫിന് വേണ്ടി നടത്തിയ ഓൺലൈൻ മീറ്റിംങ്ങിൽ അധ്യക്ഷത വഹിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് മൂണ്ടൂർ ഇടവകയുടെ ശതോത്തര സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. ആമ്പോ റിന്യൂവൽ സെന്ററിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുതുക്കാട് സി. എം. സി കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും പുതിയ ബലിപീഠം കൂദാശ ചെയ്തു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്റെ മീറ്റിംങ്ങിൽ സംബന്ധിച്ചു.

17. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് പഴുവിൽ ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിച്ചു.

18. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാർ ലൂർദ് കത്തീഡ്രൽ ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അതിരൂപത മൈനർ സെമിനാരിയിൽ വി. ബലി അർപ്പിക്കുകയും വൈദിക വിദ്യാർത്ഥികളോട് സംവദിക്കുകയും ചെയ്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ഏങ്ങണ്ടിയൂര് എം. ഐ ഹോസ്പിറ്റലിൽ വച്ചു നടന്ന ഫ്രാൻസിസ് കൂത്തൂരച്ചന്റെ പുതിയ പുസ്തകത്തിന്റെ പ്രകാശനകർമ്മത്തിൽ പങ്കെടുത്തു. വൈകിട്ട് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാക്കന്മാർ അന്തരിച്ച ബഹു. ഫാ. സ്റ്റാൻ സ്വാമി എസ്. ജെയുടെ ഭൗതികാവശിഷ്ടം ലൂർദ്ദ് പള്ളിയിൽ എത്തിച്ചപ്പോൾ ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിച്ചു. അഭിവന്ദ്യ ടോണി പിതാവ് കുഴിക്കാട്ടുശ്ശേരി യിൽ ദൈവദാസൻ ജോസഫ് വിതയത്തിൽ അച്ചന്റെ ബഹുമാനാർത്ഥം വി. ബലി അർപ്പിക്കുകയും ക്ലാസ്സ് നയിക്കുകയും

ചെയ്തു. അന്തരിച്ച ബഹു. ജോസ് കാച്ചപ്പിള്ളി അച്ചന്റെ 41–ാം ചരമദിനത്തിൽ തെക്കൻ താണിശ്ശേരി പള്ളിയിൽ വി. ബലി അർപ്പിച്ചു. അന്തരിച്ച ഇരിങ്ങാലക്കുട രൂപതാംഗം ബഹു. തോമസ് പഞ്ഞിക്കാരൻ അച്ചന്റെ വസതിയിൽ പോയി ഒപ്പീസ് ചൊല്ലുകയും കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംങ്ങിൽ പങ്കെടുക്കുകയും വൈകിട്ട് മേരീമാതാ സെമിനാരിയിൽ പറോക് കോർ ഗ്രൂപ്പ് മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് ഇരിങ്ങാലക്കുട രൂപതാംഗവും പൊയ്യ ഇടവകാംഗവുമായ ഫാ. തോമസ് പഞ്ഞിക്കാരനച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് പുതുക്കാട് ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. പാസ്റ്ററൽ കൗൺസിലിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.
21. അഭിവന്ദ്യപിതാക്കന്മാർ ആളൂർ ഇടവകാംഗമായ മോൺ. ജോസഫ് കാക്കശ്ശേരിയച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകിട്ട് പുത്തൂർ ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു. പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈ. എം. സി. എയുടെ ഓൺലൈൻ പ്രയർ മീറ്റിൽ സന്ദേശം നൽകുകയും ചെയ്തു.
22. അഭിവന്ദ്യ പിതാക്കന്മാർ ബസിലിക്ക ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു.
23. അഭിവന്ദ്യ താഴത്ത് പിതാവ് ഇരിങ്ങാലക്കുട രൂപതാംഗവും വെളയനാട് ഇടവകാംഗവുമായ ഫാ. ജോസ് കാനംകൂടം അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകിട്ട് വേലൂർ ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വടക്കേ കാരമുക്ക് ഇടവകയുടെ കീഴിലുള്ള കുരിശുപള്ളിയുടെ നവീകരിച്ച മദ്ബഹ വെഞ്ചിരിക്കുകയും വി. ബലി അർപ്പിക്കുകയും ചെയ്തു. വൈകിട്ട് പറോക് എക്സ്പ്പേർട്ട്സ് ഓൺലൈൻ മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു.
24. അഭിവന്ദ്യ താഴത്ത് പിതാവ് പുല്ലഴി ക്രിസ്റ്റീന ഹോമിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് സ്ത്രീധനത്തെക്കുറിച്ചുള്ള അഡ്വക്കേറ്റ് ഫോറത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സ്ഥിരം സിനഡിൽ പങ്കെടുത്തു. വൈകിട്ട് വടക്കാഞ്ചേരി ഫൊറോനയുടെ ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി

പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിച്ചു. സി. എൽ. സി ഓൺലൈൻ മീറ്റിംങ്ങിൽ സന്ദേശം നൽകി.

25. അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളിനോടനുബ ന്ധിച്ച് ഡി.ബി.സി.എൽ.സി.യിൽ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലിയിൽ അഭിവന്ദ്യ പിതാക്കന്മാർ വി. ബലിയർപ്പിച്ചു. വൈകിട്ട് ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വ ത്തിൽ ഓൺലൈനായി നടന്ന ഗ്രാന്റ് പാരന്റ്സ് സംഗമത്തിൽ അഭി വന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. തുടർന്ന്, ഓൺലൈനായി നടന്ന അതിരൂപതാ വൈദിക സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ഡോക്ട്രിനൽ കമ്മീഷന്റെ ഓൺലൈൻ മീറ്റിംങ്ങിൽ പങ്കെടുത്തു.
26. അഭിവന്ദ്യ താഴത്ത് പിതാവ് കത്തോലിക്കാ കോൺഗ്രസ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഇരിങ്ങാലക്കുട രൂപതയിലെ ആനന്ദപുരം ലഹരി വിമോ ചന കേന്ദ്രം സന്ദർശിക്കുകയും വി. ബലി അർപ്പിക്കുകയും തുടർന്ന് തൃശ്ശൂർ ബസിലിക്കയിൽ ബധിരരും മൂകരുമായ വ്യക്തികൾക്ക് ശ്രവ ണസഹായി വിതരണം ചെയ്യുകയും വൈകിട്ട് ഫൈനാൻസ് കൗൺസിൽ മീറ്റിംങ്ങിൽ സംബന്ധിക്കുകയും ചെയ്തു.
27. അഭിവന്ദ്യ താഴത്ത് പിതാവ് കോർപ്പറേറ്റ് മാനേജർമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ഡോക്ട്രിനൽ കമ്മീഷന്റെ വെബിനാറിൽ പങ്കെടുക്കുകയും ചെയ്തു.
28. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ വ്യാകുലമാതാ ബസിലിക്കാ ദൈവാലയത്തിൽ വച്ചു നടന്ന ഫാ. സ്റ്റാൻ സ്വാമി അനുസ്മരണ ത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചിറ്റാട്ടു ക്കര എഫ്. സി. സി കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും പുതിയ ബലിപീഠം കൂദാശ ചെയ്യുകയും ചെയ്തു.
29. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്നാഥാ പ്രോവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു. മുണ്ടൂർ ഇടവകാംഗമായ ഫാ. ജിഫി മേക്കാട്ടു കുളത്തിന്റെ അമ്മയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ അഭിവ ന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് വി. മർത്തയുടെ തിരുനാളിനോടനുബന്ധിച്ച് മണ്ണംപ്പേട്ടയിലെ മർത്ത സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വി. ബലി അർപ്പിച്ചു.
30. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചെമ്പൂക്കാവ് മഡോണ കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും മേരീമാതാ സെമിനാരി

യിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി പരി. ത്രിത്വത്തെ കുറിച്ച് ക്ലാസ്സ് എടുക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ജ്യോതി എൻജി നിയറിംഗ് കോളേജിൽ പുതിയതായി നിർമ്മിച്ച ആംഫി തിയ്യറ്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

31. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണലാടി പള്ളിയിൽ വി. ബലി അർപ്പിക്കുകയും വി. യൗസേപ്പിതാവിന്റെ രൂപം വെഞ്ചിരിച്ചു. വൈകിട്ട് അതിരൂപത മതബോധന ഡിപ്പാർട്ട്മെന്റിന്റെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

### കുരിശിന്റെ ആധ്യാത്മികത ജീവിതത്തിൽ പകർത്തിയ ഊക്കനച്ചൻ

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്ന സെപ്റ്റംബർ മാസത്തിലൂടെ കടന്നുപോകുമ്പോൾ, ക്രൂശിത ആധ്യാത്മികത സ്വന്തമാക്കിയ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ഉൾത്തുടിപ്പുകൾ തിരിച്ചറിയുന്നത് അഭികാമ്യമാണ്. ക്രിസ്തുവിന്റെ രാജ്യം വളരുന്നത് കുരിശിൽ ഉയർത്തപ്പെട്ട അവിടുന്ന്, എല്ലാ മനുഷ്യരെയും തന്നിലേക്ക് ആകർഷിക്കുന്ന സ്നേഹം കൊണ്ടാണെന്ന് തിരുസഭ നമ്മെ പഠിപ്പിക്കുന്നു. കുരിശിൽ ചിന്തിയ രക്തത്തിലൂടെ രക്ഷയും മഹത്വത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള മാർഗ്ഗവും ക്രിസ്തു നമുക്ക് നൽകി. അതിനാൽ ജീവിതത്തിൻെറ രക്ഷയും മഹത്വവും കുരിശിൽ ദർശിക്കാൻ ഊക്കനച്ചന് സാധിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ: 'നമ്മുടെ രക്ഷയുടെ ഉപകരണമാണ് കുരിശ്. നമ്മുടെ പടച്ചട്ടയും പ്രത്യാശയുമാണത്. പാപകൂപത്തിൽ നിന്നും കയറി വരുന്ന തിനുള്ള ഗോവണിയാണത്. അപമാനത്തിന്റെ അടയാളമായിരുന്ന കുരിശിനെ അങ്ങ് മഹത്വ പൂർണ്ണമാക്കുകയും ചെയ്തു'.



യേശുവിന്റെ രക്ഷാകരമായ രക്തം കൊണ്ട് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും അടയാളമായിത്തീർന്ന കുരിശിന്റെ അനർഘമായ മൂല്യവും അർത്ഥവും തിരിച്ചറിഞ്ഞ ഊക്കനച്ചൻ ഇങ്ങനെ എഴുതി: 'രക്ഷയുടെ ഈ അടയാളം ഞാനും ഇടയ്ക്ക് വരയ്ക്കട്ടെ. നർമ്മസല്ലാപം നടത്തട്ടെ... എൻെറ ഹൃദയത്തിൽ ഒരു കുരിശ് സ്ഥാപിച്ച് ഞാനതിനെ പോഷിപ്പിക്കട്ടെ'. തന്റെ ജീവിതത്തിലെ ദുഃഖങ്ങളെ മധുരമാക്കി പകർത്താനും, കുരിശിൽ നിന്നും പ്രചോദനമുൾക്കൊണ്ട് യേശുവിന്റെ സഹനത്തിൽ പങ്കുചേരുവാനും സാധിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'ദിവ്യമായ കുരിശേ, ഞാൻ നന്ദി പറയുന്നു. ഞാൻ ദുഃഖിത നാകുമ്പോൾ കുരിശിൽ നിന്നും എനിക്ക് ധൈര്യം ലഭിക്കട്ടെ'. കുരിശിന്റെ മാധുര്യം രുചിച്ചറിഞ്ഞ നിറവിൽ ഊക്കനച്ചൻ എഴുതി: 'കുരിശുകൾ ദൈവസ്നേഹത്തിന്റെ അടയാളമാണ്. ദൈവം തന്നെ സ്നേഹിക്കുന്നവരെ ക്രൂശിതനായ തന്റെ ഏകജാതനോട് തുല്യരാക്കുന്നു. അതിനാൽ കുരിശുകൾ വേണ്ടവിധം സ്വീകരിക്കുന്ന പക്ഷം അതു മധുരമുള്ള തായിത്തീരുന്നു. അതിൻെറ ഭാരം നാം അറിയുകയുമില്ല. സ്നേഹം ഭാരത്തെ ലഘൂകരിക്കുന്നു.' ക്രൂശിതനുമായുള്ള ഈ സംയോജനം സാധ്യമാകുന്നതിനായി അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു: 'കുരിശുകളെ സ്നേഹിക്കുകയാണ് വിശുദ്ധിയുടെ ആരംഭമെന്നും കുരിശുകളില്ലാത്ത ജീവിതം വിശുദ്ധർക്ക് അരോചകമാണെന്നും അങ്ങ് എന്നെ പഠിപ്പി ക്കേണമേ'.

കുരിശ് ആശ്വാസത്തിന്റെ നിർവൃതിയും രക്ഷ നൽകുന്ന സങ്കേതവുമാണെന്ന് തിരിച്ചറിഞ്ഞ ഊക്കനച്ചൻ തന്റെ അജഗണങ്ങളെ ഇങ്ങനെ ഉദ്ബോധിപ്പിച്ചു: 'ഒരു ക്രിസ്ത്യാനിയുടെ ജീവിതം കുരിശുകൾ ചുമക്കുന്ന ജീവിതമാണ്. ജനനം മുതൽ മരണം വരെ നാം യാത്ര ചെയ്യുന്നു. വലുതോ ചെറുതോ ആയ കുരിശുകൾ അഥവാ അരിഷ്ടതകൾ എപ്പോഴും നമുക്ക് ചുമക്കുന്നതിനുണ്ടായിരിക്കും. അടുത്ത് നിൽക്കുന്നവരെ പഴിക്കാതെ, നമുക്ക് സംഭവിക്കുന്നവയെല്ലാം ദൈവതിരു മനസ്സാണെന്നും അത് നമ്മുടെ നന്മയ്ക്കാണെന്നും വിചാരിച്ചു കൊണ്ട് സന്തോഷസമേതം സ്വീകരിക്കണം. അതിനാൽ നല്ല മനസ്സുള്ള ആളുക ൾക്ക് കുരിശ് ഒരു ഔഷധമാണ്...'

ഇങ്ങനെ അറിവിലും നിറവിലും ജീവിതത്തിലും കുരിശിന്റെ മഹാത്മ്യം മനസ്സിലാക്കിയ ഈ പുണ്യപിതാവിന്റെ കാലടികളെ നമുക്കും പിന്തുടരാം... കുരിശാണ് രക്ഷ ... കുരിശിലാണ് രക്ഷ എന്നു പ്രകീർത്തിക്കാം.

**ഫാ. പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

കുരിശിന്റെ പുകഴ്ചയുടെ തിരുനാളിൽ യേശുവിന്റെ സഹനങ്ങളെപ്പറ്റി അച്ചൻ എഴുതുന്നത് ശ്രദ്ധിക്കാം. 3 ചിന്തകളാണ് അച്ചൻ നല്കുന്നത്.

**1. ഈശോയുടെ കഷ്ടാനുഭവത്തിന്റെ കാഠിന്യം**



ഈശോ എപ്പോഴും അനുഭവച്ചിരുന്ന പിതാവിന്റെ കാഴ്ച (Beatific Vision) മറയ്ക്കും വിധം എല്ലാവിധ ദുഃഖങ്ങളും ഒന്നായി അവിടുത്തെമേൽ വന്നു. കഴിഞ്ഞ കാലങ്ങളിൽ താൻ ജനങ്ങൾക്കു ചെയ്ത നിരവധി ഉപകാരങ്ങളും പീഡാനുഭവവേളയിൽ അവിടുത്തോടു ജനങ്ങൾ കാണിക്കുന്ന നന്ദികേടും വരുംകാലങ്ങളിൽ ഉണ്ടാകാൻ പോകുന്ന നമ്മുടെ നന്ദികേടും ഈശോ ഓർ ക്കുന്നു. ആദത്തിന്റെ പാപവും ജലപ്രളയവും ഈജിപ്തിലെ തെറ്റുകളും— ഓരോ ഘട്ടത്തിലും അവരെ തനിക്ക് ശിക്ഷിക്കാമായിരുന്നു. എന്നാൽ തന്റെ ജനമായിട്ട് താൻ സംരക്ഷിച്ചു. അവരുടെ വംശത്തിലും രക്തത്തിലും ഭൂജാതനായി. അവരുടെ രോഗികളെ

സുഖപ്പെടുത്തി. ദുഃഖിതരെ ആശ്വസിപ്പിച്ചു. അവർക്കു രക്ഷയുടെ സുവിശേഷ ത്തെ പ്രസംഗിച്ചു. ഇതിനെല്ലാം പ്രതിനന്ദിയായി അവർ തന്നെ ക്രൂശിക്കുന്നു. യൂദാസിന്റെ ഒറ്റിക്കൊടുക്കലും പത്രോസിന്റെ തള്ളിപ്പറയലും പീഡാനുഭവവും പ. അമ്മയുടെ ദുഃഖവും അന്തോണിയച്ചൻ തുടർന്നു വിവരിക്കുന്നു.

**2. അപമാനത്തിന്റെ ആഴം**

ഇതു മനസ്സിലാകണമെങ്കിൽ ഈശോയുടെ ബഹുമാനത്തിന്റെ അളവും മനസ്സിലാക്കണം. സ്വർഗ്ഗത്തിൽ മാലാഖമാർ പരിശുദ്ധൻ പരിശുദ്ധൻ എന്നു ഈശോയെ പാടി സ്തുതിക്കുന്നത് അച്ചൻ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ ലോകത്തിൽത്തന്നെ അവിടുന്ന് അനേകരിൽ സ്നേഹിക്കപ്പെട്ടും ബഹുമാനിക്കപ്പെട്ടുമിരുന്നു. യോഹന്നാൻ ഉയർത്തവനായും നിവ്യന്മാരിൽ ഒരാളായും ദൈവപുത്രനായിത്തന്നെയും അവിടുന്ന് മാനിക്കപ്പെട്ടിരുന്നു. ഓശാന ഞായറാഴ്ച ജയവീരുവായി ജനങ്ങൾ സ്വീകരിച്ചു. ആ തെരുവീഥികളിൽക്കൂടി മഹാകുറ്റക്കാരനായി അവിടുന്ന് കൊണ്ടുപോകപ്പെടുന്നു.

**3. സ്നേഹത്തിന്റെ ആധിക്യം**

ഈ ലോകത്തെ എന്നല്ല പതിനായിരം ലോകങ്ങളെ രക്ഷിക്കുന്നതിന് അവിടുത്തെ ഒരു തുള്ളി രക്തമോ വിയർപ്പോ വേണ്ടുവോളം മതിയായിരുന്നു. രക്ഷക്ക് അതുമതി, എന്നാൽ തന്റെ സ്നേഹത്തിന് അതു പോരാ. ഈ സ്നേഹത്തെക്കുറിച്ച് വി. തോമസ് വില്ലനോവ എഴുതുന്നു. ഈ സ്നേഹം ഉയരത്തിൽ ആകാശത്തോളവും വിസ്താരത്തിൽ ഭൂമിയുടെ നാലതിരുകൾ വരെയും ആഴത്തിൽ നിത്യത്വം വരെയും വലിപ്പമുള്ളതാണ്. ഉയരത്തിൽ സ്വർഗ്ഗം വരെ– അതായത് ഈ സ്നേഹമാണ് സ്വർഗ്ഗത്തിൽ നിന്ന് തന്നെ ഭൂമിയിലേക്ക് ഇറക്കിയത്. വിസ്താരത്തിൽ ലോകം മുഴുവനും.... അതായത് എല്ലാ മനുഷ്യരേയും അടക്കിക്കൊള്ളുന്നത്. ആഴത്തിൽ നിത്യത്വം വരെ– അതായത് അനാദി തൊട്ടു ദൈവം ദൈവമായിരിക്കുന്നിടത്തോളം കാലം. ഈ വിചിന്തനത്തിൽ അന്തോണിയച്ചൻ നമ്മോടു ചോദിക്കുന്നു: ഈ സ്നേഹത്തിനു എന്തു പ്രതിസ്നേഹം കാണിച്ചാൽ മതിയാകും? ഈ ചിന്തകളുടെ അവസാനത്തിൽ അന്തോണിയച്ചൻ നമ്മെ ആഹ്വാനം ചെയ്യുന്നു: നമ്മുടെ പരീക്ഷയിലും പ്രയാസഘട്ടങ്ങളിലും കുരിശിൽ നമുക്കായി കയറിയ നമ്മുടെ രാജാവിനെ നോക്കി ധീരധീരം പോരാടി ജയിക്കാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

ഫാ. ജോയ് ചിറ്റിലപ്പിള്ളി Sr. 02
ഫാ. ആന്റോ എടക്കുളത്തൂർ 02
ഫാ. ആന്റോ രായപ്പൻ 02
ഫാ. ആന്റണി തോട്ടാൻ 05
ഫാ. ജെറിൻ അരിമ്പൂർ 06
ഫാ. ക്ലമന്റ് വാഴപറമ്പിൽ 06
ഫാ. ജിയോ തരകൻ 07
ഫാ. രാജു കൊക്കൻ 08
ഫാ. ടെറിൻ മുള്ളക്കര 08
ഫാ. പോളി നീലങ്കാവിൽ 08
ഫാ. ഡെമിൻ തറയിൽ 08
ഫാ. ഡേവിസ് ചെറയത്ത് Jr. 10
ഫാ. ഡേവിസ് ചിറമ്മൽ Sr. 10
ഫാ. ഫ്രാൻസിസ് എടക്കളത്തൂർ 10
ഫാ. ഏബിൾ ചിറമ്മൽ 13
ഫാ. ജോൺ പോൾ തൈക്കാടൻ 18
ഫാ. ജിയോ കടവി 20
ഫാ. ആന്റണി ആലുക്ക 21
ഫാ. ആന്റോസ് എലുവത്തിങ്കൽ 22
ഫാ. ബെസ്റ്റിൻ കാക്കശ്ശേരി 22
ഫാ. ജിജോ മാളിയേക്കൽ 25
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 27
ഫാ. ഫ്രാങ്കോ പുത്തിരി 27
ഫാ. റാഫേൽ വടക്കൻ 29
ഫാ. സൈജൻ വാഴപ്പിള്ളി 30

# FEAST DAY



## നാമഹേതുകതിരുനാൾ

ഫാ. നൈസൺ ഏലന്താനത്ത് 21
ഫാ. മാത്യു ചാക്കേരി 21
ഫാ. സുനിൽ ചിരിയങ്കണ്ടത്ത് 21
ഫാ. ലിജോ ചിറ്റിലപ്പിള്ളി 21
ഫാ. മാത്യു കുറ്റിക്കോട്ടയിൽ 21
ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ 21
ഫാ. ജിൻസൻ മുക്കടയിൽ 21
ഫാ. ജിതിൻ നെല്ലങ്കര 21
ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ 21
ഫാ. മാത്യു വെട്ടത്ത് 21
ഫാ. വിൻസെന്റ് ചെറുവത്തൂർ 27
ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി 27
ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ 27
ഫാ. വിൽസൺ കണ്ണനായ്ക്കൽ 27
ഫാ. വിൻസെന്റ് കുണ്ടുകുളം 27
ഫാ. റാഫേൽ ആക്കാമറ്റത്തിൽ 29
ഫാ. ജോൺ ചിറ്റിലപ്പിള്ളി 29
ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ 29
ഫാ. അലക്സ് മാപ്രാണി 29
ഫാ. ജോയ് മൂക്കൻ 29
ഫാ. സിജോ മുരിങ്ങാത്തേരി 29
ഫാ. റാഫേൽ മുത്തുപീടിക 29
ഫാ. ചെറിയാൻ പാറക്കൽ 29
ഫാ. റെനാൾഡ് പുലിക്കോടൻ 29
ഫാ. റാഫേൽ പുല്ലോക്കാരൻ 29
ഫാ. റാഫേൽ താണിശ്ശേരി 29
ഫാ. റാഫി തട്ടിൽ 29
ഫാ. സോളി തട്ടിൽ 29
ഫാ. റാഫേൽ വടക്കൻ 29
ഫാ. ഫ്രജോ വാഴപ്പിള്ളി 29

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ചിറമ്മൽ ദേവസ്സി | 1938 |
| ഫാ. അറക്കൽ ജേക്കബ് സീനിയർ | 14–09–1946 |
| ഫാ. വാഴപ്പിള്ളി പോൾ | 17–09–1952 |
| ഫാ. ബ്രഹ്മകുളം സെബാസ്റ്റ്യൻ | 03–09–1960 |
| ഫാ. കൊടിയൻ ആന്റണി | 04–09–1960 |
| ഫാ. അടമ്പുകുളം തോമസ് | 14–09–1962 |
| ഫാ. മാളിയേക്കൽ ആന്റണി | 28–09–1968 |
| ഫാ. മഞ്ഞളി ജോസഫ് | 01–09–1969 |
| ഫാ. ചെറയത്ത് ജോൺ | 19–09–1970 |
| ഫാ. മാമ്പിള്ളി അബ്രാഹം | 02–09–1972 |
| ഫാ. പ്ലാശ്ശേരി ജോൺ | 11–09–1973 |
| ഫാ. ചെമ്മണ്ണൂർ ജേക്കബ് | 20–09–1977 |
| ഫാ. മാളിയേക്കൽ ജോൺ സീനിയർ | 30–09–1978 |
| ഫാ. ചിറമ്മൽ ജോൺ | 06–09–1990 |
| ഫാ. കൂനൻ ജോർജ്ജ് | 09–09–1996 |
| ഫാ. തട്ടിൽ അഗസ്റ്റിൻ | 25–09–1996 |
| മോൺ. മാളിയേക്കൽ ആന്റണി | 03–09–2001 |
| ഫാ. തോട്ടാൻ ആന്റണി സീനിയർ | 29–09–2001 |
| ഫാ. മാളിയേക്കൽ ജോസഫ് | 11–09–2009 |
| ഫാ. ഐനിക്കൽ ജേക്കബ് | 19–09–2010 |
| ഫാ. അക്കര അഗസ്റ്റിൻ | 15–09–2012 |
| ഫാ. മാറോക്കി പോൾ | 10–09–2017 |
| ഫാ. അറയ്ക്കൽ സെബാസ്റ്റ്യൻ | 20–09–2019 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ജൂലൈ 2021

**1. സി.എം.സി.**

തൃശ്ശൂർ കാർമ്മൽ ശാന്തി ധാം കൗൺസിലിംഗ് സെന്ററിന്റെ സിൽവർ ജൂബിലി വളരെ ലളിതമായ ചടങ്ങുകളോടെ ഘോഷിച്ചു. മഠം ചാപ്ലിൻ ഫാ. ജോയ് മൂക്കൻ ദിവ്യബലി അർപ്പിച്ചു. പ്രൊവിൻഷ്യൽ സുപ്പീരി യർ സി. അനിജ, വികർ പ്രൊവിൻഷ്യൽ സി. ക്രിസ് ലിൻ, കൗൺസിലർ സി. റിറ്റി എന്നിവർ പങ്കെടുത്തു. പരി. കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ CMC സിസ്റ്റേഴ്സും ദിവ്യബലി മധ്യേ തങ്ങളുടെ വ്രതനവീകരണം നടത്തി. അധ്യാപകരംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനു വേണ്ടി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച നടത്തിയ ഒരു ദിവസത്തെ Seminar ൽ Fr. Sunny Punnoliparambil CMI ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ലോക്കൽ സുപ്പീരിയേഴ് സിനായി നടത്തിയ വാർഷികധ്യാനത്തിൽ Fr. Saji Thomas CMI നേതൃത്വം നല്കി. നാല്പത്തിനാല് സുപ്പീരിയേഴ്സ് ഇതിൽ പങ്കെടുത്തു. സെന്റ് എവുപ്രാസ്യ ഹോമിയോ ഭവന്റെ സിൽവർ ജൂബിലി ആഘോഷം ഒല്ലൂർ വി. എവുപ്രാസ്യ മഠത്തിൽ വെച്ച് നടത്തി.

**2. സി.എച്ച്.എഫ്.**

ധന്യൻ ജോസഫ് വിതയത്തിൽ പിതാവിന്റെ 156-ാം ജന്മദിനത്തോടനുബന്ധിച്ച് ഹോളിഫാമിലി കോൺഗ്രിഗേഷൻ സംഘടിപ്പിച്ച ഗാനമത്സരത്തിൽ ഗ്രൂപ്പ് സോങ്ങ് ഇനത്തിൽ സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ ജൂനിയർ സിസ്റ്റേഴ്സ് ഒന്നാം സ്ഥാനവും സിഗിൾ സോങ്ങ് ഇനത്തിൽ സി. ബിൻസി തോമസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹോളിഫാമിലി കോൺഗ്രിഗേഷനും കുഴിക്കാട്ടുശ്ശേരി തീർത്ഥകേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച ധന്യൻ ജോസഫ് വിതയത്തിലച്ചനെ ആസ്പദമാക്കി കാലം അടയാളപ്പെടുത്തിയ കർമ്മയോഗി എന്ന വിഷയത്തിൽ വെബിനാർ നടത്തി. ശതാബ്ദി ദിനത്തിൽ കുഴിക്കാട്ടുശ്ശേരി കബറിട ദേവാലയത്തിൽ ദിവ്യപൂജയും തിരുകർമ്മങ്ങളും നടത്തി.

ധന്യൻ ജോസഫ് വിതയത്തിൽ പിതാവിന്റെ 156-ാം ജന്മദിന ശതാബ്ദി യോടനുബന്ധിച്ച് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ബ്ലഡ് ഡൊണേ ഷൻ നടത്തി. അതോടൊപ്പം തന്നെ 150 കിഡ്നി രോഗികൾക്ക് 700 രൂപ വച്ച് 105000 രൂപ ഡയാലിസിനായി നൽകി.

**3. എഫ്.സി.സി.**

ജൂലായ് 1-ാം തീയതി ഡോക്ടേഴ്സ് ഡേ യോടനുബന്ധിച്ച് പഴുവിൽ സെന്റ് ആന്റണീസ് മിഷൻ ഹോസ്പിറ്റലിൽ വെച്ച് എല്ലാ ഡോക്ടേഴ്സിനേയും പ്രത്യേകിച്ച് കോവിഡ് രോഗികൾക്ക്വേണ്ടി വീടുകളിൽ ചെന്ന് നിസ്വാർത്ഥസേവനം ചെയ്ത ഡോ. സി. മെർളി മാടക്കായിയെയും, ഡോ. അലക്സിനെയും, ബാംഗ്ലൂർ രാജീവ്ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റേഴ്സ് ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ (എം.എച്ച്. എ) ഒന്നാം റാങ്ക് കരസ്ഥമാക്കിയ സി. ആരതി ജോണിനെയും, MSc MLTയിൽ Hariyana Amity Universityയിൽ നിന്ന് ഒന്നാം റാങ്ക്, ഗോൾ ഡൻ മെഡൽ എന്നിവ കരസ്ഥമാക്കിയ സി. ലീനസ് ക്രിസ്റ്റോയെയും പ്രൊവിൻഷ്യൽ ടീം ആദരിച്ചു. ജൂലായ് 4-ാം തീയതി വരന്തരപ്പിള്ളി നടമ്പാടം, ചീനിക്കുന്ന് സ്ട്രീറ്റിലെ ആദിവാസി കോളനിയിൽ സൗജന്യമെഡിക്കൽ ക്യാമ്പും, കോവിഡിന്റെ പശ്ചാത്തലത്തിൽ കൈ താങ്ങായി ഭക്ഷ്യകിറ്റ് വിതരണവും നൽകി. ബഹു. നോർബർട്ടമ്മയുടെ ഏഴാം ചരമവാർഷികത്തോടനുബന്ധിച്ച് മരത്താക്കര ബ്ലസഡ് സാക്ര മെന്റ് കോൺവെന്റ് ചാപ്പലിൽ വച്ച് ജൂലായ് 5-ാം തീയതി നടത്തിയ വിശുദ്ധബലിയിലും പ്രാർത്ഥനകളിലും പ്രൊവിൻഷ്യൽ കൗൺസിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. തുടർന്ന് നോർബർട്ടമ്മയുടെ പുണ്യജീവിതത്തെ അടിസ്ഥാനമാക്കി സി. നവീന രചിച്ച സ്നേഹസമ

ർപ്പണം എന്ന കവിതാസമാഹാരത്തിന്റെ പ്രകാശനകർമ്മം പ്രൊവിൻഷ്യൽ സുപ്പീരി യർ ബഹു. സി. ലിറ്റിൽ മേരി നിർവ്വഹിച്ചു. ജൂലായ് 31–ാം തീയതി മണലാടി ഹോളി എയ്ഞ്ചലൽസ് കോൺവെന്റിലെ പുനർനിർമ്മാണം ചെയ്ത മദുബ്ഹ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു.

**4. എസ്.എ.ബി.എസ്.**

8, 9 തീയ്യതികളിൽ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് രണ്ടാം വർഷ നോവിസ്സസിന്റെ Parents Meet നടത്തി. 24 ന് KCMS സംഘടിപ്പിച്ച 'Consecrated Life in Today's Society എന്ന വെബിനാറിൽ ബഹുപ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും പങ്കെടുത്തു. 25 ന് ഫരീദാബാദ് രൂപതയിലെ ലാഡോ സരായി അന്ദേരിയ മോഡ് ലിറ്റിൽ ഫ്ളവർ ദേവാലയം തകർക്കപ്പെട്ടതിനും വി.കുർബാന അവഹേളിക്കപ്പെട്ടതിനും പരിഹാരമായി ആരാധന നടത്തി പ്രാർത്ഥിച്ചു.

## ആദരാഞ്ജലികൾ



**30.07.2021 – സി.എച്ച്.എഫ് :** നവജ്യോതി പ്രോ വിൻസിലെ ഒറീസ ബദ്രക് ഹോളി ഫാമിലി കോൺവെന്റ് സുപ്പീരിയറായിരുന്ന സി. പൗളിൻ മൂഞ്ഞേലി നിര്യാതയായി. സിസ്റ്ററിന്റെ മൃതദേഹം 01.08.2021ന് കേരളത്തിൽ എത്തി ക്കുകയും 02.08.2021 തിങ്കളാഴ്ച രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒളരിക്കര നവജ്യോതി പ്രോവിൻഷ്യലേറ്റ് കല്ലറ യിൽ സംസ്ക്കരിച്ചു.



**02.07.2021– എഫ്.സി.സി.:** ഗുരുവായൂർ എഫ്.സി ചെറുപുഷ്പാശ്രം ഭവനാംഗമായ ബഹു. സി. ഫോർച്ചുനാറ്റ നിര്യാതയായി. തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ പിറ്റേദിവസം ഗുരുവായൂർ ലിസ്യു മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.

# ആദരാഞ്ജലികൾ



**08.07.2021– സി.എം.സി. :** കണ്ടശ്ശാംകടവ് എസ്. എച്ച്. ഓഫ് മേരീസ് ഭവനാംഗമായ സി. ലെറ്റീഷ്യ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ കണ്ടശ്ശാംകടവ് മഠം കല്ലറയിൽ സംസ്കരിച്ചു.



**02.08.2021– സി.എച്ച്.എഫ്. :** നവജ്യോതി പ്രോവിൻസിലെ മുക്കാട്ടുകര ഭവനാംഗമായ സി. ട്രീസ അഗസ്റ്റിൻ നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ പിറ്റേദിവസം മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ മുക്കാട്ടുകര ബെത്‌ലേഹം കോൺവെന്റ് ചാപ്പലിൽ നടത്തി.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**1. സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ**

സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് സമർപ്പിക്കൽ ഒക്ടോബർ 19–ാം തിയ്യതി മുതലാണ് തുടങ്ങുന്നത്.

| | | | |
|---|---|---|---|
| 1. | ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | ഒക്ടോബർ 19 | 10.00 am |
| 2. | സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് ലിലിയൻ ഫോണ്ടസ് | ഒക്ടോബർ 19 | 10.00 am |
| 3. | സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | ഒക്ടോബർ 19 | 11.00 am |
| 4. | സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | ഒക്ടോബർ 19 | 11.00 am |
| 5. | ഹോളി ചൈൽഡ് ഹുഡ് | ഒക്ടോബർ 19 | 12.00 pm |
| 6. | ഫ്രാൻസിസ്കൻ അസോസിയേഷൻ | ഒക്ടോബർ 19 | 12.00 pm |
| 7. | കുടുംബകൂട്ടായ്മ | ഒക്ടോബർ 20 | 10.00 am |
| 8. | ജോൺപ്പോൾ പ്രോലൈഫ് മുവ്മെന്റ് | ഒക്ടോബർ 20 | 10.00 am |

| | | |
|---|---|---|
| 9. ചൈതന്യ ക്ലീനിക് | ഒക്ടോബർ 20 | 10.00 am |
| 10. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | ഒക്ടോബർ 20 | 11.00 am |
| 11. ഡാമിയൻ എസ്റ്റേറ്റ് | ഒക്ടോബർ 20 | 11.00 am |
| 12. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | ഒക്ടോബർ 20 | 12.00 pm |
| 13. ജൂബിലി മിഷൻ ഹോസ്പിറ്റൽ | ഒക്ടോബർ 21 | 10.00 am |
| 14. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | ഒക്ടോബർ 21 | 10.00 am |
| 15. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | ഒക്ടോബർ 21 | 11.00 am |
| 16. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | ഒക്ടോബർ 21 | 11.00 am |
| 17. കെ.സി.എസ്.എൽ | ഒക്ടോബർ 21 | 12.00 pm |
| 18. മാതൃസംഘം | ഒക്ടോബർ 21 | 12.00 pm |
| 19. ബൈബിൾ അപ്പസ്തോലേറ്റ് | ഒക്ടോബർ 22 | 10.00 am |
| 20. തൊഴിൽ അഭ്യസന പീഠം | ഒക്ടോബർ 22 | 10.00 am |
| 21. കെ.എൽ.എം, സാക്രിസ്റ്റ്യൻസ് | ഒക്ടോബർ 22 | 11.00 am |
| 22. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.ഐ | ഒക്ടോബർ 22 | 11.00 am |
| 23. ഐ.ടി.ഐ അളഗപ്പനഗർ | ഒക്ടോബർ 22 | 11.00 am |
| 24. സ്പിരിചൽ ആനിമേഷൻ സെന്റർ | ഒക്ടോബർ 22 | 12.00 pm |
| 25. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി | ഒക്ടോബർ 25 | 10.00 am |
| 26. മേരി മാതാ മേജർ സെമിനാരി, മുളയം | ഒക്ടോബർ 25 | 10.00 am |
| 27. ഹോം ഓഫ് ലൗ, മുളയം | ഒക്ടോബർ 25 | 11.00 am |
| 28. മാർ കുണ്ടുകുളം ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ഒക്ടോബർ 25 | 11.00 am |
| 29. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | ഒക്ടോബർ 25 | 12.00 pm |
| 30. സെന്റ് മേരീസ് മൈനർ സെമിനാരി | ഒക്ടോബർ 25 | 12.00 pm |
| 31. പാറോക്ക് | ഒക്ടോബർ 25 | 12.00 pm |
| 32. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | ഒക്ടോബർ 26 | 10.00 am |
| 33. കേറ്റിക്കിസം | ഒക്ടോബർ 26 | 10.00 am |
| 34. കേറ്റിക്കിസം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | ഒക്ടോബർ 26 | 11.00 am |

| | | |
|---|---|---|
| 35. കേറ്റിക്കിസം ബുക്ക് സ്റ്റാൾ | ഒക്ടോബർ 26 | 11.00 am |
| 36. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | ഒക്ടോബർ 26 | 12.00 pm |
| 37. ഡി.ബി.സി.എൽ.സി. | ഒക്ടോബർ 26 | 12.00 pm |
| 38. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | ഒക്ടോബർ 26 | 12.00 pm |
| 39. കത്തോലിക്ക കോൺഗ്രസ് | ഒക്ടോബർ 27 | 10.00 am |
| 40. കാത്തലിക് ഇൻഫർമേഷൻ സെന്റർ | ഒക്ടോബർ 27 | 10.00 am |
| 41. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | ഒക്ടോബർ 27 | 11.00 am |
| 42. സി.എൽ.സി | ഒക്ടോബർ 27 | 11.00 am |
| 43. അൾത്താര സംഘം | ഒക്ടോബർ 27 | 11.00 am |
| 44. കെ.സി.വൈ.എം | ഒക്ടോബർ 27 | 12.00 pm |
| 45. ലേ ലീഡർഷിപ്പ് | ഒക്ടോബർ 27 | 12.00 pm |
| 46. ലിജീയൻ ഓഫ് മേരി | ഒക്ടോബർ 28 | 10.00 am |
| 47. സോഷ്യൽ ആക്ഷൻ | ഒക്ടോബർ 28 | 10.00 am |
| 48. സോഷ്യൽ വെൽഫെയർ സെന്റർ | ഒക്ടോബർ 28 | 11.00 am |
| 49. സോഷ്യൽ ഹൗസിംഗ് സെന്റർ | ഒക്ടോബർ 28 | 11.00 am |
| 50. സേവ് എ ഫാമിലി പ്ലാൻ | ഒക്ടോബർ 28 | 12.00 pm |
| 51. സ്ലം സർവീസ് | ഒക്ടോബർ 28 | 12.00 pm |
| 52. മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | നവംബർ 1 | 10.00 am |
| 53. റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | നവംബർ 1 | 10.00 am |
| 54. ഫാ. തച്ചുപറമ്പിൽ ട്രസ്റ്റ്, ചേലക്കര | നവംബർ 1 | 11.00 am |
| 55. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | നവംബർ 1 | 11.00 am |
| 56. സെന്റ് ജോസഫ്സ് ഹോം, പുല്ലഴി | നവംബർ 1 | 11.00 am |
| 57. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | നവംബർ 1 | 12.00 pm |
| 58. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | നവംബർ 1 | 12.00 pm |
| 59. ആബാ റിന്യൂവൽ സെന്റർ, രാമവർമ്മപുരം | നവംബർ 2 | 10.00 am |
| 60. നെസ്റ്റ്, രാമവർമ്മപുരം | നവംബർ 2 | 10.00 am |

| | | |
|---|---|---|
| 61. സെന്റ് പോൾ ഗുരുകുലം, | | |
| തിരുവില്വാമല | നവംബർ 2 | 11.00 am |
| 62. പോപ്പ് പോൾ മേഴ്സി ഹോം, | | |
| പെരിങ്ങണ്ടൂർ | നവംബർ 2 | 11.00 am |
| 63. മാർ കുണ്ടുകുളം മെമ്മോറിയൽ | | |
| റിസർച്ച് &റിഹാബിലിറ്റേഷൻ സെന്റർ | നവംബർ 2 | 11.00 am |
| 64. പോപ്പ് ജോൺ പോൾ പീസ് ഹോം, | | |
| പെരിങ്ങണ്ടിയൂർ | നവംബർ 2 | 12.00 pm |
| 65. ടിംഹാൻസ്, പെരിങ്ങണ്ടൂർ | നവംബർ 2 | 12.00 pm |
| 66. കലാസദൻ | നവംബർ 3 | 12.00 pm |
| 67. കാത്തലിക് നേഴ്സസ് ഗിൽഡ് | നവംബർ 3 | 10.00 am |
| 68. കാത്തലിക് സെന്റർ | നവംബർ 3 | 10.00 am |
| 69. പാസ്റ്ററൽ സെന്റർ | നവംബർ 3 | 11.00 am |
| 70. സാവിയോ ഹോം, മനക്കൊടി | നവംബർ 3 | 11.00 am |
| 71. പബ്ലിക് റിലേഷൻസ്&ഡയോമീഡിയ | നവംബർ 3 | 12.00 pm |
| 72. എക്സൽ അക്കാദമി | നവംബർ 3 | 12.00 pm |
| 73. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | നവംബർ 4 | 10.00 am |
| 74. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് | | |
| സ്കൂൾ, ഏങ്ങണ്ടിയൂർ | നവംബർ 4 | 10.00 am |
| 75. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം | | |
| സ്കൂൾ, കുരിയച്ചിറ | നവംബർ 4 | 11.00 am |
| 76. ടി.ടി.ഐ., കുരിയച്ചിറ | നവംബർ 4 | 11.00 am |
| 77. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | നവംബർ 4 | 12.00 pm |
| 78. മദ്യവിരുദ്ധ സമിതി | | |
| (ടെമ്പറൻസ് മൂവ്മെന്റ്) | നവംബർ 4 | 12.00 pm |
| 79. കരിസ്മാറ്റിക് മൂവ്മെന്റ് | നവംബർ 5 | 10.00 am |
| 80. ഹോളി ക്രോസ് സ.ബി.എസ്.ഇ. | | |
| സ്കൂൾ ആർത്താറ്റ് | നവംബർ 5 | 10.00 am |
| 81. പഴുവിൽ ധ്യാനകേന്ദ്രം | നവംബർ 5 | 11.00 am |
| 82. ജോതി എഞ്ചിനിയറിംഗ് കോളേജ്, | | |
| ചെറുതുരുത്തി | നവംബർ 5 | 11.00 am |
| 83. സെന്റ് ജോർജ്ജ് ഹോസ്റ്റൽ | നവംബർ 8 | 11.00 am |

| | | | |
|---|---|---|---|
| 84. | സെന്റ് തോമാസ് ഹോസ്റ്റൽ | നവംബർ 8 | 12.00 pm |
| 85. | സെന്റ് തോമാസ് കോളേജ് | നവംബർ 8 | 10.00 am |
| 86. | സെന്റ് തോമാസ് എജുക്കേഷൻ സെന്റർ | നവംബർ 8 | 10.00 am |
| 87. | പ്രീസ്റ്റ് വെൽഫയർ ഫണ്ട് | നവംബർ 8 | 10.00 am |

**2. കോവിഡ് സഹായ ഫണ്ട്**

2021–2022 വർഷത്തിൽ സിൽവർ ജൂബിലി ആഘോഷിച്ച വൈദികർ കോവിഡ് സഹായ ഫണ്ടിലെക്ക് 100000/– രൂപ സംഭാവന ചെയ്തു

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

**എന്റെ കുഞ്ഞേ എന്റെ ഹൃദയത്തിൽ മാത്രമേ നീ സുരക്ഷിതയായിരിക്കുകയുള്ളൂ. എപ്പോഴെല്ലാം നീ വീണു പോകുന്നുവോ അപ്പോഴെല്ലാം എന്റെ കൃപകൾ നിനക്ക് തന്നു കൊണ്ട് ഞാൻ നിന്നെ തിരികെ എന്നി ലേക്കു നയിക്കുന്നു. ഒന്നിനെക്കുറിച്ചും നീ ആകുലപ്പെടേണ്ട എന്നെ മുറുകെപിടിക്കുക.** *(ലോകത്തിനുവേണ്ടിയുള്ള നമ്മുടെ നാഥയുടെ കരുണയുടെ സന്ദേശം, പേജ് 167)*

ഈശോയുടെ അമ്മയെ നമ്മുടെ ഓരോരുത്തരുടെയും അമ്മയായി കാൽവരിയിൽ വെച്ച് ഈശോ നമുക്ക് തന്നു. നമ്മുടെ അമ്മയുടെ ജന്മദിനം വളരെ മനോഹരമായി ആഘോഷിക്കുവാൻ നാം ശ്രമിക്കാറുണ്ട്. സെപ്റ്റംബർ മാസത്തിൽ നാം രണ്ട് അമ്മമാരെ പ്രത്യേകമാംവിധം ഓർക്കുന്നു. ഒന്നാമത്തെ അമ്മ യേശുവിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയം. പരിശുദ്ധ അമ്മയുടെ ജനന തിരുനാൾ ആഘോഷിക്കാൻ എട്ടുനോമ്പ് എടുത്ത് നാം ഒരുങ്ങണം. പരിശുദ്ധ അമ്മയുടെ ജനന തിരുനാൾ നമ്മുടെ അമ്മമാർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്ന ദിനമാണ്. രണ്ടാമത്തെ അമ്മ പാവങ്ങളുടെ അമ്മയായ വിശുദ്ധ മദർതെരേസയാണ്. ദിവ്യകാരുണ്യ സന്നിധിയിൽ ഇരുന്ന് വാക്കും പ്രവർത്തിയും, ചിന്തയും ബുദ്ധിയും, പഞ്ചേന്ദ്രിയങ്ങളും യേശു സ്നേഹത്താൽ നിറച്ച് എല്ലാവരിലും ക്രിസ്തുവിനെ കണ്ടു ശുശ്രൂഷിച്ച അമ്മ.

പരിശുദ്ധ അമ്മയും പാവങ്ങളുടെ അമ്മയും നമുക്ക് തരുന്ന ഒരു സന്ദേശം അവർ തങ്ങളുടെ കുഞ്ഞുനാളിൽ അനുസരണത്തിലൂടെയും വിധേയത്വത്തിലൂടെയും ദൈവത്തിന് പ്രീതികരമായി ജീവിച്ചു എന്നുള്ളതാണ്. കോവിഡ് 19 നമ്മെ സാമൂഹിക അകലം പാലിച്ച് അകന്നിരിക്കാൻ പഠിപ്പിച്ചപ്പോൾ കൂടുതൽ സമയവും നാം ചിലവഴിക്കുന്നത് വീട്ടിലാണ്. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായി മാതാപിതാക്കൾക്ക്

കൈത്താങ്ങായി ഒരുപാട് കുഞ്ഞുങ്ങൾ മാറി. എന്നാൽ ചിലർ സ്വന്തം ഇഷ്ടങ്ങളെ മാത്രം പിന്തുടർന്ന് മാതാപിതാക്കൾ മുതിർന്നവർ അധ്യാപകർ തുടങ്ങിയവരെ അവഹേളിക്കുകയോ അവർ ആവശ്യപ്പെടുന്ന കാര്യങ്ങളോട് സഹകരിക്കാതെ ഒഴിഞ്ഞു മാറുകയും ചെയ്യുന്നുണ്ട്. അത്തരം പ്രവണതകളെ തിരുത്താൻ കുട്ടികളായ നിങ്ങൾ പരിശ്രമിക്കണം. അതേസമയം, കീഴ്‌വഴക്കവും അനുസരണവും അടിമത്വത്തിലേക്കുള്ള വാതായനം ആകരുത്. മറ്റുള്ളവർ പറയുന്നത് മാത്രം കേട്ട് ജീവിക്കുന്നവർക്ക് ഒരു സാഹസികതയും അനുഭവിക്കുവാൻ കഴിയുകയില്ല. പരിശുദ്ധ അമ്മയും മദർ തെരേസയും കീഴ്‌വഴങ്ങിയത് ദൈവവചനത്തിനാണ്. *ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! (ലൂക്കാ. 1, 38)* എന്ന മറിയത്തിന്റെ പ്രത്യുത്തരം നമ്മെ ഓർമ്മപ്പെടുത്തുന്നത് ദൈവവചനത്തെ അനുസരിക്കേണ്ടതിന്റെ ആവശ്യകതയാണ്.

പ്രൈമറി സ്കൂളിൽ തങ്ങളെ പഠിപ്പിച്ച അധ്യാപകന്റെ വീട്ടിൽ വർഷങ്ങൾക്കുശേഷം ആ ചെറുപ്പക്കാർ ഒത്തുകൂടി. എല്ലാവരും സാറിനോട് ചോദിച്ചത് ഒരേ ചോദ്യം: സന്തോഷം ലഭിക്കാൻ എന്തു ചെയ്യണം? അധ്യാപകൻ എല്ലാവർക്കും ചായ നൽകി. അവരെല്ലാം ചായ എടുത്തു കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു; ഇനിയും രണ്ടു ചായ മിച്ചമുണ്ട് അത് രണ്ടും സ്റ്റീൽ ഗ്ലാസിലാണ്. ഞാൻ എല്ലാ ഗ്ലാസ്സിലും ഒരേ ചായയാണ് ഒഴിച്ചിരിക്കുന്നത് എന്തുകൊണ്ടാണ് എല്ലാവരും ചിത്രപ്പണികൾ നിറഞ്ഞ വിലകൂടിയ കപ്പുകൾ എടുത്ത് സ്റ്റീൽ ഗ്ലാസുകൾ അവഗണിച്ചത്? ചെറുപ്പക്കാർ ഒന്നും മിണ്ടിയില്ല. അധ്യാപകൻ പറഞ്ഞു ചായയ്ക്ക് നൽകേണ്ട പ്രാധാന്യം ചായ കോപ്പകൾക്ക് നൽകുമ്പോഴാണ് ജീവിതത്തിലെ സന്തോഷം നഷ്ടമാകുന്നത്.

പുറത്തിറങ്ങാൻ, കൂട്ടുകാരൊത്തു കളിക്കാൻ കഴിയാ ത്ത അവസരത്തിൽ നിങ്ങളും സന്തോഷം ആഗ്രഹിക്കുന്നുവെങ്കിൽ ചില കാര്യങ്ങൾ ശ്രദ്ധയിലുണ്ടാകണം. തിരഞ്ഞെടുപ്പുകൾ നടത്തേണ്ടി വരുമ്പോൾ പ്രാധാന്യം നൽകേണ്ടത് എന്തെന്ന് തിരിച്ചറിഞ്ഞ് അവയെ മാത്രം തെരഞ്ഞെടുക്കാനുള്ള വിവേകവും ആണ് സന്തോഷത്തിന്റെ ആരംഭം. ലോകം വെച്ചുനീട്ടുന്ന ക്ഷണിക സുഖങ്ങൾ തിരഞ്ഞെടുക്കാ തെ ഉള്ളിൽ ആനന്ദം നിറയ്ക്കുന്ന ദൈവത്തെ തെരഞ്ഞെടുക്കുവാൻ നമുക്ക് ജാഗ്രതയുള്ളവരാകാം. ഒരാളുടെ തെരഞ്ഞെടുപ്പുകൾ നിരീക്ഷിച്ചാൽ അയാൾ വിലകൽപ്പിക്കുന്ന മൂല്യങ്ങളെ തിരിച്ചറിയാം. തൊഴിലും വരുമാനവും അഴകും കഴിവുമെല്ലാം ചായക്കോപ്പകൾ മാത്രമാണെന്നും ആയുസ്സും ആത്മബന്ധങ്ങളും കൂടി ചേരുന്നിടത്താണ് ജീവിതമെന്ന കടുപ്പമുള്ള ചായ രുചികരമാകുന്നത് എന്ന് മനസ്സിലാക്കുവാൻ ചെറുപ്പത്തിലേ

നമുക്ക് ശീലിക്കാം.

തിരഞ്ഞെടുപ്പുകൾ സ്വാതന്ത്ര്യത്തോടെയാകണം അപരന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാകരുത്. എന്റെ തെരഞ്ഞെടുപ്പുകൾ എന്റെയും കൂടെയുള്ളവരുടെയും ആത്മ രക്ഷയ്ക്ക് ഉതകുന്നത് ആകട്ടെ തിരഞ്ഞെടുപ്പുകൾ ഒരിക്കലും ആത്മാവിന്റെ ആനന്ദം എടുത്തുകളയുന്ന താകാതിരിക്കട്ടെ. പരിശുദ്ധ അമ്മയുടെയും പാവങ്ങളുടെ അമ്മയായ വിശുദ്ധ മദർ തെരേസയുടെയും തിരഞ്ഞെടുപ്പുകൾ നമുക്ക് ധ്യാനിക്കാം പഠിക്കാം. നമ്മുടെ തെരഞ്ഞെടുപ്പുകൾക്ക് അവ പ്രചോദനമാകട്ടെ...

മിശിഹായിൽ സ്നേഹപൂർവ്വം



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

കാലാവസ്ഥാകെടുതികളും കൊറോണ വൈറസും, നമ്മുടെ ജീവിതത്തിന്റെ പദ്ധതികളെല്ലാം തകിടം മറിച്ചു കൊണ്ട് ജീവിതാനുഭവങ്ങളുടെ മധ്യേ കടന്നുപോയ്കൊണ്ടിരിക്കുന്നു. ഇതിനിടയിൽ ദൈവേഷ്ടം മാത്രം നിറവേറ്റാൻ ജീവിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന തിരുനാൾ ആഗതമാകുകയാണ്. കൃപനിറഞ്ഞവളും കർത്താവുകൂടെയുണ്ടായിരുന്നവളുമായ അവൾ കടുത്ത ജീവിത സഹനങ്ങളിലൂടെ കടന്നുപോയി. പക്ഷേ, ആ യാത്ര പരാജയങ്ങളുടെ പാതാളങ്ങളിലേക്കായിരുന്നില്ല. ഈശോയോടൊപ്പമുള്ള സ്വർഗ്ഗീയ മഹത്വത്തിലേക്കാണ്.

സകല തലമുറകളും അനുഗൃഹീത എന്നു വിളിക്കുന്ന ജന്മം! സ്വർഗ്ഗീയ മഹത്വത്തെ ലക്ഷ്യം വച്ച് മുന്നേറി നമ്മുടെയും ജന്മത്തെ സഫലമാക്കാൻ പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ പ്രചോദനം നൽകട്ടെ. ഈശോയെ കൂടുതൽ അടുത്തറിയാനും അനുഭവിക്കാനും ഈ കാലഘട്ടം നമ്മെ സഹായിക്കട്ടെ. ഈ പ്രതിസന്ധികൾക്കിടയിലാണ് അർദ്ധവാർഷിക പരീക്ഷകൾ അടുത്തമാസം വരുന്നത്. എങ്കിലും, ഈശോയെ കൂടുതലായി അറിയാൻ കുട്ടികൾ പഠനത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ പ്രതിസന്ധികളെ മറികടക്കാൻ അധ്യാപകരും മാതാപി

താക്കളും അവരെ പ്രോത്സാഹിപ്പിക്കണം.

**1. പ്രിൻസിപ്പൽമാരുടെ കോൺഫ്രൻസ്**

ഡിബിസിഎൽസി യിൽ വെച്ച് നടത്തുന്നു. ഓരോ ഫൊറോനയ്ക്കുമുള്ള സമയവും തിയതിയും താഴെ കൊടുക്കുന്നു. എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ പിന്നീട് അറിയിക്കുന്നതാണ്.

**സെപ്റ്റംബർ 26 – ഞായർ, സമയം 10 AM 12 PM**

ചേലക്കര, എരുമപ്പെട്ടി, കണ്ടശ്ശാംകടവ്, തൃശ്ശൂർ ഡോളേഴ്സ്

**സെപ്റ്റംബർ 26 – ഞായർ, സമയം 2 PM 4 PM**

മറ്റം, ഒല്ലൂർ, പാലയൂർ, പറപ്പൂർ

**ഒക്ടോബർ 3– ഞായർ, സമയം 10 AM 12 PM**

പട്ടിക്കാട്, പഴുവിൽ, തൃശ്ശൂർ ലൂർദ്ദ്, പുത്തൂർ

**ഒക്ടോബർ 3 – ഞായർ, സമയം 2 PM 4 PM**

പുതുക്കാട്, വേലൂർ, വടക്കാഞ്ചേരി, കൊട്ടേകാട്

അന്നേ ദിവസം കാലത്തെ ഇവിടെ കുർബാന ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**2. അർദ്ധവാർഷിക പരീക്ഷകൾ ഞായർ വിശ്വാസപരിശീലനം**

ഇടവക തലത്തിൽ എഴുത്തുപരീക്ഷകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. ചോദ്യപേപ്പർ സാധാരണരീതിയിൽ തന്നെയായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

വിശ്വാസപരിശീലകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസപരിശീലന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക–വാർഷിക പരീക്ഷകൾക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിശ്വാസപരിശീലനവിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്.

**3. മാർക്ക് എൻട്രിയും ഹാജരും**

അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തിയ്യതി **നവംബർ 14** ആണ്. അതോടൊപ്പം തന്നെ എല്ലാ ക്ലാസ്സുകളിലെയും **നവംബർ 7** ഉൾപ്പെടെയുള്ള ഹാജരുകളും സോഫ്റ്റ് വെയറിൽ ചെയ്യേണ്ട അവസാന തിയതി നവംബർ 14 ആണ്. നവംബർ 14 നു ശേഷം നവംബർ 7 വരെയുള്ള ഹാജർ ചെയ്യാൻ സാധിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഇത് പ്രത്യേകം ശ്രദ്ധിക്കുകയും ഹാജരും മാർക്ക് എൻട്രിയും ചെയ്യേണ്ടതുമാണ്. ചെയ്യാത്തവർക്ക് വെറെ ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.

**4. ഞായർ വിശ്വാസപരിശീലനം: Re-Examination & Examination for Absentees**

വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84–85 കാണുക.

**5. സോഫ്റ്റ് വെയറും പരീക്ഷകളും**

വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട വിവിധകാര്യങ്ങൾ ക്രമീകരിക്കുന്നത് യൂണിറ്റുകൾ സോഫ്റ്റ് വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനാൽ യൂണിറ്റുകളിൽ നിന്നുള്ള ഡാറ്റ എപ്പോഴും കൃത്യമാക്കണം. അർദ്ധവാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പറുകൾ യൂണിറ്റുകൾക്ക് നൽകുന്നതിനുള്ള എണ്ണം കണക്കാക്കുന്നത് Student Summary യിൽ നിന്നുമാണ്. അതനുസരിച്ചുള്ള എണ്ണം ചോദ്യപേപ്പർ ആണ് യൂണിറ്റുകളിലേക്ക് നൽകുന്നത്. സെപ്റ്റംബർ 14 നു ശേഷം 'Student Summary' യിൽ വരുത്തുന്ന മാറ്റങ്ങൾ യൂണിറ്റിലേക്കു തരുന്ന ചോദ്യപേപ്പറിന്റെ എണ്ണത്തിൽ ഉണ്ടായിരിക്കുകയില്ല. ആയതിനാൽ വിദ്യാർത്ഥികളുടെ എണ്ണം കൃത്യമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക.

**6. Std. XII വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം **Std. XII** ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)
2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ **(150 x 200 pix)**ആണ് അപ്ലോഡ് ചെയ്യേണ്ടത്).

**7. പ്രോഗ്രസ്സ് റിപ്പോർട്ട്**

കുട്ടികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ഫോമുകൾ ഡി. ബി. സി. എൽ. സി. യിലെ റിലീജിയസ് സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്.

**8. സ്കൂൾ വേദോപദേശം & സന്മാർഗ്ഗശാസ്ത്രം അർദ്ധവാർഷിക പരീക്ഷകൾ**

സെപ്റ്റംബർ 24 വെള്ളി. ചോദ്യപേപ്പറുകൾ തരുന്ന വിവരം നിങ്ങളെ അറിയിക്കുന്നതാണ്.

**9. യൂണിറ്റ് വിസിറ്റ്**

ഓഫീസ് വിസിറ്റെങ്കിലും നടത്തണം എന്നാണ് ഉദ്ദേശിക്കുന്നത്. സാഹചര്യം അനുകൂലമായാൽ സന്ദർശനം ആരംഭിക്കുന്നതാണ്. ഒരുങ്ങിയിരിക്കുക.

പ്രാർത്ഥനയോടെ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**
(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies**
(affiliated to Katholicke Universiteit, Leuven, Belgium):

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു.

2021–2022 അദ്ധ്യായനവർഷത്തിലെ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. ഈ വർഷം B.A. Theology കോഴ്സിന് 28 പേരാണ് റെജിസ്റ്റർ ചെയ്തിട്ടുള്ളത്. Christian Latin (Sr. Sheeja Jose SSPC), Theology of Justice (Rev. Dr. Denny Thanikkal) എന്നീ ക്ലാസ്സുകൾ കഴിഞ്ഞ മാസം നടന്നു.

**2. Certificate Course in Theology**
(affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ വർഷത്തെ Certificate Course-ൽ 75 പേരാണ് പങ്കെടുക്കുന്നത്. ത്രിയേകദൈവം (Mar Tony Neelankavil), ദൈവവചനം വചനവ്യാഖ്യാനം (Rev. Fr. Anuwin Thanikkal) എന്നീ ക്ലാസ്സുകൾ ആഗസ്റ്റ് മാസത്തിൽ നടന്നു.

**3. Advanced Certificate Course in Theology**
(affiliated to Chair for Christian Studies and Research, Calicut University):

സന്യാസിനികൾക്കായി Theology Course, പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ ആരംഭിച്ചു.

- ആറുമാസം നീണ്ടുനിൽക്കുന്നു.
- ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.
- സന്യാസിനികൾക്കു മാത്രം.

**4. Catechumenate Course**

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**5. Basic CTC**

നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം. ഒക്ടോബർ മാസത്തിൽ 5 ബാച്ചുകളായി നടത്തുന്നു.

**6. Advanced CTC**

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. നവംബർ മാസത്തിൽ നടത്തുന്നു.

**ഫാ. ലിജോ ചാലിശേരി**
**ഡീൻ & റെജിസ്ട്രാർ**

**ഫാ. ഫ്രാൻസിസ് ആളൂർ**
**ഡയറക്ടർ**

# മേരിമാത
# മേജർ സെമിനാരി

**1. കൃതജ്ഞതയോടെ**

ദീർഘക്കാലം സെമിനാരിയിലെ റസിഡന്റ് സ്റ്റാഫംഗമായിരുന്ന റവ. ഫാ. ചാക്കോ നടക്കേവേലിയിൽ അജപാലന ശുശ്രൂഷകൾക്കും തുടർപഠനത്തിനുമായി ജൂലൈ 20-ാം തിയ്യതി ജർമ്മനിയിലേക്ക് യാത്രയായി. അന്നേദിവസം സെമിനാരി കുടുംബം അദ്ദേഹത്തിന്റെ സ്തുത്യർഹമായ സേവനങ്ങളെ ഏറെ നന്ദിയോടെ അനുസ്മരിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

**2. എക്സ്റ്റൻഷൻ ലക്ചർ**

ഈ അധ്യയനവർഷത്തെ പ്രഥമ എക്സ്റ്റൻഷൻ ലക്ചർ **കേരള ക്രൈസ്തവരുടെ പിന്നോക്കാവസ്ഥയും ക്ഷേമവും** എന്ന വിഷയത്തെ ആസ്പദമാക്കി ജൂലൈ 20-ാം തിയ്യതി സംഘടിപ്പിച്ചു. കേരള കാർഷിക സർവ്വകലാശാല പ്രൊഫസറായ ഡോക്ടർ മേരി റെജീനയാണ് വിഷയാവതരണം നടത്തിയത്.

**3. സർഗജ്യോതി ഉദ്ഘാടനം**

സെമിനാരിയിലെ കലാസാഹിത്യവേദിയായ സർഗജ്യോതിയുടെ ഈ അധ്യയനവർഷത്തെ പ്രവർത്തനോദ്ഘാടനം ജൂലൈ 26-ാം തിയ്യതി സിനിമതാരം ശ്രീ. ഷൈൻ ടോം നിർവ്വഹിച്ചു. ഉദ്ഘാടനയോഗത്തിൽ ബ്രദർ അഗസ്റ്റിൻ കുഴിത്തറയിൽ ആശംസകൾ നേർന്ന് സംസാരിച്ചു.

**4. സ്റ്റാഫ് പ്രാർത്ഥനാദിനം**

സെമിനാരിയിലെ റസിഡന്റ് സ്റ്റാഫംഗങ്ങൾ ജൂലൈ 28-ാം തിയ്യതി പ്രാർത്ഥനാദിനമായി ആചരിച്ചു. വിൻസെൻഷ്യൻ സഭാംഗമായ ബഹു. ബാബു വടക്കേക്കരയച്ചൻ അനുയോജ്യമായ വചനസന്ദേശം നൽകി.

**5. *Atelier - 2021***

മേരിമാതാ സെമിനാരിയിലെ മീഡിയ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 31-ാം തിയ്യതി *Atelier 2021* എന്ന പേരിൽ ഒരു പഠന

ശിബിരം സംഘടിപ്പിച്ചു. നവമാധ്യമങ്ങളുടെ ഉപയോഗത്തെ ക്കുറിച്ചും അവയുടെ സാധ്യതകൾ എങ്ങനെ സെമിനാരി വിദ്യാർത്ഥിക ൾക്ക് പ്രയോജനപ്രദമാക്കാമെന്നും ക്ളാസ്സുകൾ നയിച്ച റവ. ഫാ. നിതിൻ ഇലഞ്ഞിമറ്റം വിശദീകരിച്ചു.

**6. വിയാനി ഡേ**

ആത്മീയാനുഷ്ഠാനങ്ങളോടെ ഇക്കൊല്ലത്തെ വിയാനി ഡേ ആച രിച്ചു. ആഗസ്റ്റ് 3–ാം തിയ്യതിയിലെ വേസ്പരയ്ക്ക് ബഹു. റോണി പുത്തൻ വീട്ടിലച്ചൻ കാർമ്മികത്വം വഹിച്ചു. ആഗസ്റ്റ് 4–ാം തിയ്യതി കൂട്ടാല ഇട വക വികാരി ബഹു. തോമസ് എടക്കളത്തൂരച്ചൻ ആഘോഷമായ ദിവ്യ ബലി അർപ്പിച്ച് തിരുവചനസന്ദേശം നൽകി.

**7. സിമ്പോസിയം**

Marymatha Encounters of Pastoral Challenges (MEPC) ന്റെ ആഭിമുഖ്യത്തിലുള്ള 14–ാമത് അന്തരാഷ്ട്ര സിമ്പോസിയം 2021 ആഗസ്റ്റ് 13, 14 തിയ്യതികളിൽ നടന്നു. Until Christ is Formed in You" (Gal 4:19b): Prospects and Challenges of Faith Formation" എന്നതായിരുന്നു സിമ്പോസിയത്തിന്റെ വിഷയം. ബഹു. ഫാ. ബിൽജു വാഴപ്പിള്ളി, ബഹു. ഫാ. സാജൻ പിണ്ടിയാൻ, ബ്രദർ പ്രിജോവ് വടക്കേത്തല എന്നിവരുടെ നേതൃത്വത്തിൽ സിമ്പോസിയത്തിന്റെ വിജയത്തിനായി അക്ഷീണം പ്രയ ത്നിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

**8. സ്വർഗ്ഗാരോപണതിരുന്നാളും സ്വാതന്ത്ര്യദിനാഘോഷവും**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുന്നാളും ഇന്ത്യയുടെ 75–ാം സ്വാതന്ത്ര്യദിനവും ആഗസ്റ്റ് 15–ാം തിയ്യതി സമുചിത മായി ആചരിച്ചു. ബഹു. മനോജ് കീഴൂരുമുട്ടിക്കലച്ചൻ ആഘോഷമായ തിരുന്നാൾ വിശുദ്ധ കുർബ്ബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ഭാരതത്തിന്റെ ദേശീയ പതാക ഉയർത്തി മാതൃ രാജ്യത്തോടുള്ള സ്നേഹവും ആദരവും സെമിനാരി കുടുംബം പ്രകടി പ്പിച്ചു.

**9. മാസധ്യാനം**

സെമിനാരി കുടുംബത്തിന് ആത്മീയ ഉണർവ്വ് പ്രദാനം ചെയ്ത മാസധ്യാനം ആഗസ്റ്റ് 16–ാം തിയ്യതി നടന്നു. റവ. ഫാ. സിന്റോ പൊറ ത്തൂർ ധ്യാനചിന്തകൾ പങ്കുവച്ചു. നല്ല ഫലങ്ങൾ പുറപ്പെടുത്താനുള്ള ജാഗ്രത എപ്പോഴും നമുക്കുണ്ടാകണമെന്ന് അച്ചൻ പ്രത്യേകം ഓർമ്മി പ്പിച്ചു.

**10. ബേഴ്സ് സ്ഥാപിച്ചവർ**

## Patron Membership

1. ശ്രീ. സിനോജ് ആലപ്പാട്ട്, ആലപ്പാട്ട് ഹൗസ്, പേരാമംഗലം, തൃശൂർ.

## Benefactor Membership

1. ശ്രീമതി മീന പോൾ പി., വെള്ളറ ഹൗസ്, കാരയൂർ, തൃശൂർ.
2. ശ്രീ. വിൻസെന്റ് എ. ടി., അറങ്ങാശ്ശേരി ഹൗസ്, പറപ്പൂർ, തൃശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# മൈനർ സെമിനാരി

**1. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

വി. യാക്കോബ് ശ്ലീഹായുടെ നാമധാരിയായ അഭിവന്ദ്യ മാർ ജേക്കബ് തുങ്കുഴി പിതാവിന് സെമിനാരി കുടുംബം തിരുനാൾ ആശംസകൾ നേർന്നു. ജൂലൈ 24-ന് അഭിവന്ദ്യ പിതാവ് വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

**2. വിശുദ്ധ വിയാനിയുടെ തിരുനാൾ**

വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ന് സമുചിതമായി ആഘോഷിച്ചു. ഒല്ലൂർ പള്ളി വികാരി പെരിയ ബഹു. ജോസ് കോനിക്കര ജൂനിയർ അച്ചൻ വിശുദ്ധ കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. വിശുദ്ധ വിയാനിയുടെ ജീവിതത്തെ ആസ്പദമാക്കി വൈദിക വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

**3. സ്വർഗ്ഗാരോപണ തിരുനാൾ – ഇന്ത്യൻ സ്വാതന്ത്ര്യദിനം**

ആഘോഷമായ തിരുനാൾ കുർബ്ബാനക്ക് ഫാ. സൻജയ് തൈക്കാട്ടിൽ കാർമ്മികത്വം വഹിക്കുകയും സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ദേശീയ പതാക ഉയർത്തുകയും ചെയ്തു.

**4. പരീക്ഷകൾ – അവധിക്കാലം**

ഈ വർഷത്തെ ആദ്യ ടേം പരീക്ഷകൾ ആഗസ്റ്റ് 9 മുതൽ 18 വരെ ദിവസങ്ങളിൽ നടന്നു. കൊറോണയുടെ പ്രത്യേക സാഹചര്യത്തിൽ ഓണാവധിക്കാലം വൈദിക വിദ്യാർത്ഥികൾ സെമിനാരിയിൽത്തന്നെയാണ് ചെലവഴിച്ചത്.

**5. പുല്ലംകണ്ടം സെന്റ് ജോർജ്ജ് ദൈവാലയ സന്ദർശനം**

സെമിനാരിയുടെ ആത്മീയ പിതാവും ഫിനാൻസ് ഓഫീസറുമായ ബഹു. വർഗ്ഗീസ് എടക്കളത്തൂരച്ചന്റെ നേതൃത്വത്തിൽ പുല്ലംകണ്ടത്ത് പുതുക്കി പണിത ദൈവാലയം വൈദിക വിദ്യാർത്ഥികൾ സന്ദർശിച്ച് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും ബഹു. വർഗ്ഗീസ് അച്ചന് അഭിനന്ദനങ്ങൾ ആശംസിക്കുകയും ചെയ്തു.

**6. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ലാസർ സി.എ., ചുങ്കത്ത് ഹൗസ്, പാവറട്ടി
2. പ്രൊഫ. സുമിത്ത് കുന്നുംകൽ, ഹൈദ്രാബാദ്
3. ശ്രീമതി റീത്ത തോമസ്, വടക്കൂട്ട് ഹൗസ്, മമ്മിയൂർ
4. ശ്രീ. ബിജോയ് ടി. വടക്കൂട്ട്, കാലിഫോർണിയ
5. ശ്രീ. ജോസഫ് ലിയോ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
6. ശ്രീ. ജോസ് ജോസി, എലുവത്തിങ്കൽ ഹൗസ്, മരിയാപുരം
7. ശ്രീ. അൽദോ, പാലിയേക്കര ഹൗസ്, ചിയ്യാരം
8. ശ്രീമതി മീന പോൾ, വെള്ളറ ഹൗസ്, കാവീട്
9. ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ, തൃശൂർ അതിരൂപത
10. ശ്രീ പൗലോസ് പി.വി., പൊറത്തൂർ, മരിയാപുരം
11. ഫാ. റാഫേൽ വടക്കൻ, പുത്തൻപീടിക ഇടവകയിൽനിന്നുള്ള വൈദികരുടെ പേരിൽ നൽകിയ ബേഴ്സ്. :
    1. ഫാ. ലാസർ ചെറയത്ത്, നെല്ലൂർ രൂപത
    2. മോൺ. ഇഗ്നേഷ്യസ് ചാലിശ്ശേരി, തൃശൂർ അതിരൂപത
    3. ഫാ. ലോനപ്പൻ തട്ടിൽ

4. ഫാ. സെബാസ്റ്റ്യൻ തട്ടിൽ, പാലക്കാട് രൂപത
5. ഫാ. പീറ്റർ കുരുതുകുളങ്ങര, പാലക്കാട് രൂപത
6. ഫാ. ആന്റണി ചെറയത്ത്, നൽഗോണ്ട രൂപത
7. ഫാ. ഫ്രാൻസിസ് മഞ്ഞളി, തൃശൂർ അതിരൂപത
8. ഫാ. റാഫേൽ വടക്കൻ, തൃശൂർ അതിരൂപത
10. ഫാ. ബാബു ചെറയത്ത്, ഉദയംപൂർ രൂപത
12. എം.ജെ. തോമസ്, മാഞ്ഞൂക്കാരൻഹൗസ്, ഒളരിക്കര
13. ശ്രീ. ജോൺസൻ വി.എൽ., വാഴപ്പിള്ളി ഹൗസ്, പുത്തൂർ, എടക്കളത്തൂർ
14. പി.ജെ. സേവ്യർ, പുലിക്കോട്ടിൽ ഹൗസ്, തൃശൂർ, ലൂർദ്ദ്
15. സിൽവർ ജൂബിലി ആഘോഷിക്കുന്ന (1996–2021) അതിരൂപത വൈദികർ
16. ശ്രീമതി ഷീല ജോൺസൻ & ശ്രീ. കെ.ആർ. ജോൺസൻ, കാഞ്ഞിരത്തിങ്കൽ ഹൗസ്, പാവറട്ടി
17. വി. മരിയ ജോൺ വിയാനി കുടുംബകൂട്ടായ്മ, നോർത്ത് കാരമുക്ക് ഇടവക

വൈദിക വിദ്യാർത്ഥികളെ സ്വന്തമെന്ന് കരുതി പ്രാർത്ഥന കൊണ്ടും സാമ്പത്തികമായും സഹായിക്കാൻ ഈ കോവിഡ് കാലത്തും മുന്നോട്ടുവന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി** Jr.
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

## 1. Adverse Drug Reaction Monitoring Centre

ജൂബിലി മിഷൻ ആശുപത്രിയെ ഇന്ത്യൻ ഫാർമകോപ്പിയ കമ്മീഷൻ (IPC) നാഷണൽ കോ-ഓർഡിനേഷൻ സെന്റർ (NCC) ഫാർമകോവിജിലൻസ് പ്രോഗ്രാം ഓഫ് ഇന്ത്യ (PVPI) ഖാസിയാബാദ് എന്നിവയുടെ കീഴിൽ പ്രവർത്തിക്കാവുന്ന Adverse Drug Reaction Centre ആയി അംഗീകരിച്ചു.

ഈ പ്രോഗ്രാമിന് രണ്ട് പ്രധാന ലക്ഷ്യങ്ങളുണ്ട്. ആദ്യമായി ADR തടയുന്നതിനായി Adverse Drug Reaction റിപ്പോർട്ട് ചെയ്യുതിനുള്ള ഒരു സംസ്കാരം വളർത്തിയെടുക്കുക. രണ്ടാമതായി NMC, NABH അക്രിഡിയേഷന് വേണ്ടി നിർബന്ധിതവും വ്യക്തവുമായ ഒരു പ്രക്രിയ സ്ഥാപിക്കുക.

കൃത്യമായ റിപ്പോർട്ടിങ്ങ് സിസ്റ്റം വഴിയായി നമ്മുടെ ആശുപത്രിയിലെ ADRകളുടെ തരങ്ങളെയും ഭാരത്തെയും കുറിച്ചുള്ള വ്യക്തമായ ധാരണ നമുക്ക് ലഭിക്കും. കൂടുതൽ ഗുരുതരമായ ADRകൾ തടയാൻ സഹായിക്കുന്നതിനുള്ള ആദ്യപടിയായി ഡിസ്ചാർജിൽ രോഗിക്ക് അലേർട്ട് കാർഡുകൾ നൽകുന്നു.

## 2. അഖിലേന്ത്യ നേത്രരോഗ വിഭാഗം സൊസൈറ്റി വാർഷിക സമ്മേളനം

AIOC നടത്തിയ വെർച്വൽ വാർഷിക സമ്മേളനത്തിൽ 12 ശാസ്ത്രീയ പ്രവർത്തനങ്ങൾ കാഴ്ച വെക്കാനായത് ജൂബിലി മിഷൻ നേത്രരോഗ വിഭാഗത്തിന് പ്രത്യേക നേട്ടമായി കരുതപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ ജൂബിലി മിഷൻ നേത്രരോഗ വിഭാഗം അധ്യാപകരുടെയും ബിരുദാനന്തര വിദ്യാർത്ഥികളുടെയും 2 പ്രബന്ധങ്ങളും 7 ഇലക്ട്രോണിക് പോസ്റ്ററുകളും അവതരിപ്പിച്ചു. റിഫ്രാക്ഷൻ ഇൻസ്ട്രക്ഷൻ കോഴ്സിന്റെയും പോസ്റ്റർ ഫ്രീ പേപ്പർ വിഭാഗത്തിന്റെയും ചെയർമാനും കോ ഇൻസ്ട്രക്ടറും വിധി കർത്താവുമായി പ്രൊഫ.

ഡോ. സി വി ആൻഡ്രൂസ് പ്രവർത്തിച്ചു.

**3. കണ്ണിൽ 7 മാസം മുൻപ് കുരുങ്ങിയ മരക്കമ്പ് നീക്കി**

പൂ പറിക്കാൻ കുമ്പിട്ടപ്പോൾ തലയടിച്ചു വീണ അഞ്ചുവയസ്സുകാരൻ നാസിഹിന്റെ കണ്ണിൽ തട്ടിയ കമ്പ് മുത്തശ്ശി വലിച്ചൂരിയിരുന്നു. കണ്ണിൽ മുറിവുമായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട നാസിഹിന്റെ കാഴ്ച മെല്ലെ മെല്ലെ നഷ്ടപ്പെട്ടു. MRI സ്കാൻ ചെയ്തപ്പോൾ കണ്ണിനകത്തെ നീരു കണ്ട് അർബുദമാണെന്നു പല ഡോക്ടർമാരും വിധിയെഴുതി. എങ്കിലും പ്രതീക്ഷയോടെ മണ്ണാർക്കാട് കണ്ടമംഗലം മുജീബും ഷെമീറയും നാസിഹുമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തി. താക്കോൽദ്വാരശസ്ത്രക്രിയ നടത്തിയപ്പോഴാണ് കണ്ണിൽ നിന്നു തലച്ചോറിലേക്കുള്ള ധമനികളോടു ചേർന്നു കമ്പിന്റെ അംശങ്ങൾ കിടക്കുന്നതായി ന്യൂറോ സർജറി പ്രൊഫസർ ഡോ. എസ്. രമേഷിന്റെ ശ്രദ്ധയിൽപ്പെട്ടത്.

ഉടനെ തന്നെ ഒപ്താൽമോളജി അസിസ്റ്റന്റ് പ്രൊഫസർ ഡോ. റോളണ്ട് ഗോഡ്‌ലി, ഇ.എൻ.ടി പ്രൊഫസർ ഡോ. എ. ടി. ഇഹ്സാൻ എന്നിവരുടെ സഹായത്തോടെ അവ പുറത്തെടുക്കാനുള്ള ശ്രമം ആരംഭിച്ചു. ന്യൂറോ സർജൻ ഡോ. രാഹുൽ ശ്രീനിവാസൻ, അനസ്തീസിയ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുമേഷ് എന്നിവരുടെ സഹായവും തേടി. 3 കഷ്ണങ്ങളാണു പുറത്തെടുത്തത്. ജനുവരി 7ന് ആയിരുന്നു നാസിഹ് അപകടത്തിൽപ്പെട്ടത്.

**4. ജൂബിലിയിലെ കോവിഡ് പ്രവർത്തനങ്ങൾക്ക് അതിരൂപതയുടെ പ്രത്യേക ആദരവ്**

സ്നേഹത്തോടെയുള്ള സേവനം എന്ന മുദ്രാവാക്യവുമായി ഏഴു പതിറ്റാണ്ടു കാലത്തിലേറെയായി ആതുര സേവനരംഗത്ത് പ്രവർത്തിച്ചു വരുന്ന ജൂബിലി മിഷൻ ആശുപത്രിയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് അതിരൂപത യുടെ പ്രത്യേക ആദരവ്. തൃശൂർ അതിരൂപതയുടെ 134 –ാം സ്ഥാപന ദിനത്തിൽ ആശുപത്രിയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, മെഡിക്കൽ സൂപ്രണ്ട് ഡോ. സി വി ആൻഡ്രൂസ്, നഴ്സിംഗ് സൂപ്രണ്ട് സി. ഫിലോപോൾ എന്നിവർ ചേർന്ന് ഏറ്റു വാങ്ങി.

**5. വായനാദിനാഘോഷം**

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗിൽ വായനദിനത്തോടനുബന്ധിച്ചു 'വായനയുടെ ബാല്യവും, കൗമാരവും, യൗവനവും, വാർദ്ധക്യവും' എന്ന വിഷയത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാ

ശാലയിലെ സെന്റർ ഫോർ സയൻസ് & സൊസൈറ്റി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അഭേഷ് രഘുവരൻ ഓൺലൈനിലൂടെ മുഖ്യ പ്രഭാഷണം നടത്തി. വൈസ് പ്രിൻസിപ്പൽ ഡോ സിസ്റ്റർ ഫിലോ രശ്മി സ്വാഗതവും പ്രിൻസിപ്പൽ ഡോ. ഏയ്ജല ജ്ഞാനദുരൈ ഉദ്ഘാടനവും ലൈബ്രേറിയൻ ഡോ. ക്രിസ്സ് തോമസ് നന്ദിയും പറഞ്ഞു. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ക്വിസ് മത്സരവും പൊതുജനങ്ങൾക്ക് വേണ്ടി സാമൂഹിക മാധ്യമം വഴി ഇ-സർട്ടിഫിക്കറ്റോടുകൂടിയ അഞ്ച് ദിവസം നീണ്ടു നിന്ന ക്വിസ് മത്സരവും നടത്തി.

**6. ജൂബിലിയിൽ പുസ്തക പ്രകാശനം**

ബയോമെഡിക്കൽ സ്റ്റാഫ് അഭിലാഷ് എം എഴുതിയ ചെറുകഥകളുടെ സമാഹാരമായ കൂറ്റൻ മതിൽ എന്ന പുസ്തകം ജൂബിലി മിഷൻ ഡയറക്ടർ ഫാദർ ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം നിർവഹിച്ചു. സംവിധായകനും എഴുത്തുകാരനുമായ കെ വി ഗണേശ് മാസ്റ്റർ പരിപാടിക്ക് അധ്യക്ഷസ്ഥാനം അലങ്കരിച്ചു. ജൂബിലി ഫിനാൻസ് മാനേജർ CA ജീൻ പോൾ പുസ്തകം പരിചയപ്പെടുത്തി. ജൂബിലി മിഷൻ ഹോസ്പിറ്റൽ CEO ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. പോൾ പേരമംഗലത്ത്, ഫാ. റെന്നി മുണ്ടൻകുര്യൻ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ഡെമിൻ തറയിൽ, ഫാ. ജിമ്മി എടക്കളത്തൂർ, ഫാദർ ഷിജോ മാപ്രാണത്തുകാരൻ, HR ജനറൽ മാനേജർ ശ്രീ ജോഷി പോൾ, HR മാനേജർ ശ്രീ നോബിൾ തോമസ് എന്നിവർ പരിപാടിക്ക് ആശംസകൾ നേർന്നു.

**7. ഡോക്ടേഴ്സ് ഡേ പുരസ്കാരം**

ഡോക്ടേഴ്സ് ഡേ യോട് അനുബന്ധിച്ചു ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (IMA) തൃശൂർ ശാഖ, സംഘടനയിലെ മികച്ച സേവനം കാഴ്ച വയ്ക്കുന്ന മുതിർന്ന ഡോക്ടർമാരെ അനുമോദിക്കാനായി സംഘടിപ്പിച്ച യോഗത്തിൽ പ്രതിഭകളെ ആദരിക്കുന്നു എന്ന ശീർഷകത്തോടെ ഡോക്ടർ ബി സി റോയിയുടെ ഓർമ ആചരിച്ചു കൊണ്ട് നടത്തിയ യോഗത്തിൽ തൃശൂർ എംഎൽഎ ബഹു. പി ബാലചന്ദ്രൻ അവർകൾ, ഡോ. പി ഗോപികുമാർ (ഐഎംഎ കേരള സംസ്ഥാന സെക്രട്ടറി), മറ്റു മുതിർന്ന ഐഎംഎ ഡോക്ടർമാർ തുടങ്ങിയ വിശിഷ്ടാതിഥികൾ പങ്കെടുത്ത ചടങ്ങിലാണ് ഡോ. സി വി ആൻഡ്രൂസ് (പ്രൊഫസർ & HoD, നേത്രരോഗ വിഭാഗം, മെഡിക്കൽ സൂപ്രണ്ട്, ജൂബിലി) എം എൽ എ ബാലചന്ദ്രൻ അവർകളുടെ കരങ്ങളിൽ നിന്നും ഡോക്ടർസ് ഡേ പ്രതിഭാപുരസ്കാരം സ്വീകരിച്ചത്.

**8. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- മരിയ, ഹെൽത്ത് ഡിപ്പാർട്ടുമെന്റ്
- സുലൈമാൻ, ചെട്ടിപറമ്പിൽ ഹൗസ്, പെരിങ്ങോട്ടുകര, തൃശ്ശൂർ
- ഫ്രാൻസിസ് വർഗ്ഗീസ്, അരിമ്പൂർ ചീരോത ഹൗസ്, തൃശ്ശൂർ
- ജോർജ്ജ്കുട്ടി പി. എ
- അഭ്യുദയകാംക്ഷി (ഇ.സി.എച്ച്.എസ്), ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ.

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. വെബിനാർ**

മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ‘ജാതി, കവിത, ഭാഷ എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. പ്രശസ്ത കവി എം. ആർ രേണു കുമാർ വെബിനാർ നയിച്ചു.

- പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ അന്തർദേശീയ ജസ്റ്റീസ് ഡെയുടെ ഭാഗമായി ‘ജന്റർ ആൻഡ് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷൻ : ദ കെയ്സ് ഫോർ സെൻസിറ്റൈസേഷൻ എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. എറണാകുളം സി.ബി.ഐ കോടതി ജഡ്ജ് ജസ്റ്റിസ് ഹണി എം. വർഗ്ഗീസ് മുഖ്യപ്രഭാഷണം നടത്തി.
- വിമൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ ‘വിമൻ ഇൻ സിനിമ എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. വിമല കോളേജ് തൃശ്ശൂർ മലയാള വിഭാഗം അദ്ധ്യാപിക ഡോ. അനു പി.പി ക്ലാസ്സുകൾ നയിച്ചു.

- ഫിനിഷിംഗ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ 'സ്റ്റുഡന്റ് ഫോർ ലൈഫ് എന്ന വിഷയത്തിൽ മോട്ടിവേഷണൽ ടോക്ക് സംഘടിപ്പിച്ചു. പ്രശസ്ത മോട്ടിവേഷണൽ സ്പീക്കർ മിസ്. ദീപ വിനൈ ക്ലാസ്സുകൾ നയിച്ചു.
- കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റേയും, എന്റർപ്രണോർഷിപ്പ് ക്ലബിന്റേയും, സ്റ്റാർട്ട്അപ്പ് ആന്റ് ഇന്നൊവേഷൻ സെല്ലിന്റേയും ആഭിമുഖ്യത്തിൽ 'ഹൗ ടു പ്ലേൻ ഫോർ സ്റ്റാർട്ട്അപ്പ്– ലീഗൽ ആന്റ് എത്തിക്കൽ സ്റ്റെപ്പ് എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കേരള ഡി.ഐ. സി ജനറൽ മാനേജർ ഡോ. കെ.എസ് കൃപകുമാർ ക്ലാസ്സ് നയിച്ചു.
- 'ഹാഗ്ഔട്ട് വിത്ത് സക്സസ്ഫുൾ എന്റർപ്രണോർ എന്ന വിഷയത്തിൽ സംഘടിപ്പിച്ച ആശയവിനിമയ പ്രോഗ്രാമിൽ മിസിസ്. ടീന അവിര തരകൻ റിസോഴ്സ് പേഴ്സണായിരുന്നു.
- 'ബിൽഡ് ആൻ ഇന്നോവേഷൻ ഓർ പ്രോഡക്ട് ഫിറ്റ് ഫോർ ദ മാർക്കറ്റ് എന്ന വിഷയത്തിൽ നടത്തിയ വെബിനാറിൽ മിസ്റ്റർ അനുരൂപ് കെ.ബി ക്ലാസ്സ് നയിച്ചു.
- മാത്ത്സ് ഡിപ്പാർട്ട്മെന്റിന്റേയും, ഇൻസ്റ്റിറ്റ്യൂട്ട് ഇന്നോവേഷൻ കൗൺസിലിന്റേയും ആഭിമുഖ്യത്തിൽ 'ഇന്റലക്ചൽ പ്രോപ്പർട്ടി റൈറ്റിനെ അടിസ്ഥാനപ്പെടുത്തി ഒരു വെബിനാർ സംഘടിപ്പിച്ചു. കോളേജ് ലൈബ്രേറിയനും ഐ.ഐ. സി ഇന്നൊവേഷൻ അബാസിഡറുമായ ശ്രീ സാൻജൊ ജോസ് ക്ലാസ്സ് നയിച്ചു.
- ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റേയും, സ്റ്റാർട്ടപ്പ് & ഇന്നൊവേഷൻ കോളേജ് തല സെല്ലിന്റേയും ആഭിമുഖ്യത്തിൽ 'പ്രോട്ടോടൈപ്പ് ഡിസൈൻ & ഡവലപ്പ്മെന്റ് യൂസിംഗ് ഐ ഒ റ്റി എന്ന വിഷയത്തിൽ സെന്റർ ഫോർ സ്ക്കിൽ എൻഹാൻസ്മെന്റ് & എബ്ലോയിബിലിറ്റി ഡവല്പ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.
- വിമൻസെല്ലിന്റേയും, കേരള വനിതാ കമ്മീഷന്റേയും ആഭിമുഖ്യത്തിൽ സംസ്ഥാന തല നിയമ ബോധവത്ക്കരണ വെബിനാർ സംഘടിപ്പിച്ചു. അഡ്വ. ഷിജി ശിവജി ഉത്ഘാടനം ചെയ്ത ചടങ്ങിൽ അഡ്വ. കെ. ആർ സുമേഷ് മുഖ്യപ്രഭാഷണം നടത്തി.
- എൻ.എസ്.എസ് യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ, ജില്ല വനിത, ശിശുക്ഷേമ ഓഫീസിന്റെ സഹായത്തോടെ 'ജന്റർ സെൻസിറ്റൈസേഷൻ എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. എൻ.എസ്.എസ്, പ്രൊജക്ട് കൺസൾട്ടന്റ് ജസ്റ്റിൻ കെ. ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ചിത്രലേഖ കെ.കെ, ലേഖ എസ് (വനിത ശിശുക്ഷേമം), സി. അൽഫോൺസ മാത്യു എന്നിവർ ആശംസയും, പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് ഉത്ഘാടനവും നിർവ്വഹിച്ചു.

**2. അഭിനന്ദനങ്ങൾ**

'വാഴൂർ, സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി എന്ന സ്ഥാപനം നടത്തിയ നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഡെ ആഘോഷത്തിന്റെ ഭാഗമായി നടത്തിയ ഉപന്യാസരചനയിൽ അഖില കെ വർഗ്ഗീസ് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

- ആകാശവാണി മഞ്ചേരി സംഘടിപ്പിച്ച വെയ്ക്ക് ഓഫ് കോവിഡ് 19 സ്പെഷ്യൽ യുവവാണി പ്രോഗ്രാമിൽ കുമാരി സി. മീട്ടു മനോജ്, എൻ എസ് എസ് ബ്രെയ്ക്ക് ഹാർട്ട് ഓഫ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ബ്രാന്റ് അബാസിഡറായി തെരഞ്ഞെടുത്തു.
- കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ മൂഡിൽ ട്രെയിനിംഗ് ടീമിലേക്ക് കോളേജിലെ മൂഡിൽ ട്രെയ്നേഴ്സായ ഡോ. ജോൺസ് നടുവത്ത്, പ്രൊഫ. റെമീല രവീന്ദ്രൻ കെ, പ്രൊഫ. ആഷ്ബിൻ മാത്യു എന്നിവർ റിസോഴ്സ് പേഴ്സണായി തെരഞ്ഞെടുത്തു.
- സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ പ്രൊഫ. റസിൻ ആർ.എസ് ഫാക്കൽട്ടി ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ 'സ്റ്റാറ്റിസ്റ്റിക്സ് ഫോർ ഡാറ്റ അനലിറ്റിക്സ് സിരീസ് – 1 എന്ന വിഷയത്തിൽ റിസോഴ്സ് പേഴ്സൺ ആയി തെരഞ്ഞെടുത്തു.
- ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ ഡോ. റ്റി.വി വിമൽകുമാർ പൂല്ലൂറ്റ് കെ.കെ.റ്റി എം. കോളേജ് സംഘടിപ്പിച്ച 'ഹയർ എഡുക്കേഷനിലെ സാധ്യതകൾ എന്ന വിഷയത്തിൽ റിസോഴ്സ് പേഴ്സൺ ആയി പങ്കെടുത്തു.

**3. എൻ.എസ്.എസ്**

എൻ.എസ്.എസ് യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ ലോക മലാല ദിനം, ലോക യുവജന സ്ക്കിൽ ഡെ, 'ഇന്റർ നാഷണൽ ജസ്റ്റിസ് ഡെ, നെൽസൺ മണ്ടേല ദിനം, മൂൺ ഡെ, കാർഗിൽ വിജയ ദിനം, വേൾഡ്നെയ്ച്ച് കൺസർവേഷൻ ഡെ, അന്തർദേശിയ കടുവ ദിനം, ഹിരോഷിമ ദിനം എന്നിവ ആഘോഷിച്ചു.

**4. അദ്ധ്യാപക ട്രെയിനിംഗ്**

കോളേജ് അദ്ധ്യാപകർക്ക് 'മൂഡിൽ പ്ലാറ്റ്ഫോമിൽ മികച്ചരീതിയിൽ അദ്ധ്യാപനം നടത്തുന്നതിനായി മൂഡിൽ ട്രെയിനിംഗ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ 5 ദിവസത്തെ ട്രെയിനിംഗ് നടത്തപ്പെട്ടു.

**5. മത്സരം സംഘടിപ്പിച്ചു**

വിമൻസെല്ലിന്റെ ആഭിമുഖ്യത്തിൽ 'വിമൻ ഇൻ സിനിമ എന്ന വിഷയത്തിൽ നിമിഷ പ്രസംഗവും, പെൻസിൽ ഡ്രോയിംഗ് മത്സരവും ഇന്റർകോളേജിയേറ്റ് തലത്തിൽ നടത്തി.

- പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ബിരുദ

ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 'റോൾ ഓഫ് ഐ.സി.സി ഇൻ ക ണ്ടന്റിംഗ് ട്രാഫിക്കിംഗ് ഇൻ ഹ്യൂമാൻ ബീയിംഗ്സ് എന്ന വിഷയത്തി ൽ പേപ്പർ പ്രസന്റേഷൻ മത്സരം സംഘടിപ്പിച്ചു.

- കുക്കറി ക്ലബിന്റെ ആഭിമുഖ്യത്തിൽ മിൽക്ക് മെയ്ഡ് മധുരപായസ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. വിജയികളെ സമ്മാനം നൽകി ആദരിച്ചു.

**6. കരിയർ ഗൈഡൻസ്**

എൻ.സി.സി യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ 'എൻട്രി ഇൻ ഇ ന്ത്യൻ ആർമി എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ലെഫ്. കമാന്റർ അമൻദീപ്, ഡയറക്ടർ റിക്രൂട്ടിംഗ്, നോർത്ത്, കേരള മുഖ്യപ്ര ഭാഷണം നടത്തി.

**7. പി.എച്ച്.ഡി നൽകി**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന ഹരികൃഷ്ണൻ എം.പി, ഡോ. പി നന്ദകുമാർ, ഡോ. വിജു സി.എസ് യുടേയും മേൽനോട്ടത്തിൽ പി.എച്ച്.ഡി നേടി.

- ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരു ന്ന മിസ് നിഷ റ്റി.എ ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. സാബു പി.ജെ യു ടെ മേൽനോട്ടത്തിൽ പി.എച്ച്.ഡി ബിരുദം നേടി.
- ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായ ശ്രീ. ശശി സി. ഡോ. കെ.എം ഫ്രാൻസിസിന്റേയും, ഡോ. സാബു പി.ജെ യുടേയും മേൽനോട്ടത്തിൽ പി.എച്ച്.ഡി നേടി.

**8. ജന്മദിനാശംസകൾ**

മാനേജർ മാർ ടോണി നീലങ്കാവിലിന് കോളേജ് ജന്മദിനാശം സകൾ നേർന്നു.

**9. കാമ്പസ് പ്ലെയ്സ്മെന്റ്**

ടി.സി.എസ്- 1, വിപ്രോ- 1, ഫോക്കസ് എഡ്യുമേറ്റിക്- 3, ഇം ഗ്ലീഷ് പ്ലസ് അക്കാദമ- 2, ഡെലോയിറ്റ്- 1, സൗത്ത് ഇന്ത്യൻ ബാങ്ക്- 62

ഈ വർഷം ഉന്നത വിജയം നേടിയ വിദ്യാർത്ഥികളിൽ 243 പേർക്ക് കാമ്പസ് പ്ലെയ്സ്മെന്റ് ലഭിച്ചു. ഈ വിദ്യാർത്ഥികളെ അനു മോദിക്കാനും, പ്ലെയ്സ്മെന്റ് സെൽ കൺവീനർ ഡോ. സുനിൽ സണ്ണി യെ അനുമോദിക്കാനുമായി 'റസണൻസ്' എന്ന പേരിൽ വെബിനാർ സംഘടിപ്പിച്ചു. മാനേജർ മാർ ടോണി നീലങ്കാവിൽ, എക്സിക്യൂട്ടീവ് മാനേജർ ഫാ ബിജു പാണേങ്ങാടൻ, പ്രിൻസിപ്പാൾ, മുൻ പ്രിൻസിപ്പാൾ മാർ എന്നിവർ യോഗത്തിൽ സംസാരിച്ചു.

**10. അഡ്മിഷൻ**

കോളേജിലെ ബിരുദ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക്

ഓൺലൈനായി അപേക്ഷ സ്വീകരിച്ചു തുടങ്ങി.

**11. ആദരാഞ്ജലികൾ**

1999 മുതൽ 2003 വരെ മാനേജരായിരുന്ന മോൺ. ജോസഫ് കാക്കശ്ശേരിയുടെ ദേഹവിയോഗത്തിൽ കോളേജ് അതിയായ ദുഖം രേഖപ്പെടുത്തി.

**12. കെ.വി.പി.വൈ. സ്കോളർഷിപ്പ്**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ ഷാബിൻ എം. ദേശീയ സ്കോളർഷിപ്പായ കെ.വി.പി.വൈ മത്സര പരീക്ഷ ജയിച്ചു. പ്രതിവർഷം 1 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് തുക.

**13. എൻ.സി.സി**

എൻ.സി.സി യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ 'സ്പീച്ച് വിവേഴ്സ് എന്ന പ്രോഗ്രാം കാർഗിൽ വിജയദിനാഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ടു. പ്രസംഗ വീഡിയോയെ അടിസ്ഥാനപ്പെടുത്തി 1,2 സ്ഥാനങ്ങൾ നേടിയവർക്ക് കാഷ് പ്രൈസ് നൽകി അനുമോദിച്ചു.

**14. സ്പോർട്ട്സ്**

| | | | |
|---|---|---|---|
| അജിത് കെ | കാലിക്കറ്റ് യൂണിവേഴ്സിറ്റി | ഹാഫ് മാരത്തോൺ | സെക്കന്റ് |
| ആൻ റോസ് ടോമി | കാലിക്കറ്റ് യൂണിവേഴ്സിറ്റി | വിമൻസ് 100 മീറ്റർ ഓട്ടം | തേഡ് |
| അഞ്ജലി പി.ഡി | കാലിക്കറ്റ് യൂണിവേഴ്സിറ്റി | വിമൻസ് 100 മീറ്റർ ഓട്ടം | ഫസ്റ്റ് |
| അഞ്ജലി പി.ഡി | കാലിക്കറ്റ് യൂണിവേഴ്സിറ്റി | വിമൻസ് 200 മീറ്റർ ഓട്ടം | ഫസ്റ്റ് |
| ആൻസി സോജൻ ഇ | കാലിക്കറ്റ് യൂണിവേഴ്സിറ്റി | 200 മീറ്റർ ഓട്ടം | തേർഡ് |
| മെൻ സൈക്ലിംഗ് & വിമൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പ് | | 4x100 മീറ്റർ റിലെ | ഫസ്റ്റ് |
| പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് | | | |

കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്പോർട്ട്സ് മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച വിദ്യാർത്ഥികളേയും, പരിശീലിപ്പിച്ച കായിക അദ്ധ്യാപകരേയും അനുമോദിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
(എക്സിക്യൂട്ടീവ് മനേജർ)

**ഡോ. ആന്റോ പി. വി.**
(പി.ആർ.ഒ)

# മഹാജൂബിലി
# ട്രെയിനിംഗ് കോളേജ്

**1. ചെസ്സ് മത്സരം സമാപിച്ചു**

സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓൺലൈൻ ചെസ്സ് മത്സരം സമാപിച്ചു. ജൂലൈ 20ന് നടത്തിയ ഫൈനലിൽ ഒന്നാം സ്ഥാനം ഫിസിക്കൽ എഡ്യുക്കേഷൻ അസി.പ്രൊഫസർ ഷിജോ ജോർജ്, രണ്ടാം സ്ഥാനം എം.എഡ് വിദ്യാർത്ഥി ഫാ. അഭിലാഷ്, മൂന്നാംസ്ഥാനം ബി.എഡ്.വിദ്യാർത്ഥി ജസ്ല.സി എന്നിവർ കരസ്ഥമാക്കി.

**2. ബക്രീദ് ആഘോഷിച്ചു**

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ജൂലൈ 20ന് ബക്രീദ് ആഘോഷിച്ചു. ചടങ്ങിൽ ബക്രീദിന്റെ ചരിത്രവും പ്രാധാന്യവും വ്യക്തമാക്കിയ വീഡിയോയും പങ്കുവെച്ചിരുന്നു.

**3. ക്വിസ് മത്സരം സംഘടിപ്പിച്ചു**

പ്രകൃതി സംരക്ഷണ ദിനത്തിന്റെ ഭാഗമായി ഇക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൂലൈ 28ന് ക്വിസ് മത്സരം സംഘടിപ്പിച്ചു. ക്വിസിൽ ഒന്നാം സമ്മാനം മാത്തമാറ്റിക്സ് ഓപ്ഷണൽ വിഭാഗം മിസ്. ജിസ്ന ജോർജ് കരസ്ഥമാക്കി. 50%ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവർക്ക് ഇ–സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

**4. അന്താരാഷ്ട കടുവദിനം ആചരിച്ചു**

ഫിസിക്കൽ സയൻസ് ഓപ്ഷണൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂലൈ 29ന് ഇ–പോസ്റ്റർ മത്സരം സംഘടിപ്പിച്ചു. 'കടുവ സംരക്ഷണം' എന്ന വിഷയത്തിലാണ് പോസ്റ്റർ മത്സരം സംഘടിപ്പിച്ചത്.

**5. ഇന്റേണൽ പരീക്ഷകൾ സമാപിച്ചു**

ബി.എഡ് വിദ്യാർത്ഥികളുടെ രണ്ടാം സെമെസ്റ്ററിലെ രണ്ടാമത്തെ ഇന്റേണൽ പരീക്ഷകൾ സമാപിച്ചു. ജൂലൈ 27, 29, 30 തിയ്യതികളിൽ ഒരു മണിക്കൂർ ദൈർഘ്യങ്ങളിലാണ് പരീക്ഷകൾ നടന്നത്.

**6. ക്രിട്ടിസിസം ക്ലാസ്സുകൾ ആരംഭിച്ചു**

ബി.എഡ് വിദ്യാർത്ഥികളുടെ രണ്ടാം സെമെസ്റ്ററിലെ ക്രിട്ടിസിസം ക്ലാസുകൾ ആരംഭിച്ചു. ജൂലൈ 27 മുതൽ ആഗസ്റ്റ് 13 വരെ 45 മിനിറ്റ് ദൈർഘ്യത്തിലാണ് വിദ്യാർത്ഥികൾ ക്ലാസ്സ് എടുക്കുന്നത്.

**7. മാഗസിൻ പ്രകാശനം ചെയ്തു**

2019–2021 ബി.എഡ് സീനിയർ ബാച്ചിന്റെ മാഗസിൻ ജൂലൈ 26ന് മാനേജർ മോൺ. തോമസ് കാക്കശ്ശേരി ബർസാർ ഫാ. വർഗ്ഗീസ് കുത്തൂരിന് നൽകി പ്രകാശനം ചെയ്തു. "ഹയാത്" എന്ന പേരിൽ പ്രകാശനം ചെയ്ത മാഗസിൻ സ്റ്റാഫ് എഡിറ്റർ ആയ ഫിലോസഫി അധ്യാപകൻ നസീർ.എ, സ്റ്റുഡന്റ് എഡിറ്റർ ജിദ എന്നിവരുടെ നേതൃത്വത്തിലാണ് തയ്യാറാക്കിയത്.

**8. ഫീസ്റ്റ് ഡേ ആഘോഷിച്ചു**

കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ജൂലൈ 25ന് ഫീസ്റ്റ് ഡേ അനുബന്ധിച്ച് അസിസ്റ്റന്റ് ബർസാർ റവ.ഫാ.ഷിജു ചിറ്റിലപ്പിള്ളി, കോളേജ് പ്രിൻസിപ്പൽ റവ.ഫാ. ചാക്കോ ചിറമ്മൽ എന്നിവരുടെ ഫീസ്റ്റ് ആഘോഷിച്ചു. രാവിലെ 9 മണി മുതൽ 10 മണി വരെ ഉണ്ടായി രുന്ന ചടങ്ങിൽ മാനേജർ മോൺ. തോമസ് കാക്കശ്ശേരി സംസാരിച്ചു. ഫീസ്റ്റ് ആശംസകൾ നേരുന്ന വീഡിയോ, ഡാൻസ് പ്രസന്റേഷൻ, ഏകാന്തസംഗീതം തുടങ്ങി നിരവധി പരിപാടികളോടൊപ്പം ഫാദർമാരുടെ ജീവിതയാത്രകളും അവരുടെ ഓർമ്മകളും പങ്കുവച്ചു.

**9. വീഡിയോ പ്രദർശിപ്പിച്ചു**

ഇംഗ്ലീഷ് ഓപ്ഷണൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 19ന് മുഹറം ആഘോഷത്തിന്റെ ഭാഗമായി വീഡിയോ പ്രദർശിപ്പിച്ചു. ഓപ്ഷനിലെ അംഗങ്ങൾ മെഹന്തി ഡിസൈനുകൾ കയ്യിൽ പകർത്തിയ വീഡിയോ ആണ് പങ്കുവച്ചത്.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. അദ്ധ്യാപക ദിനാശംസകൾ**

എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

**2. മെയിന്റനൻസ് ഗ്രാന്റ് അപേക്ഷ**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ലാ, ജില്ലാ വിദ്യാ ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻ വർഷത്തിലെ ഗ്രാന്റ് ഇതുവരെയും ല ിച്ചിട്ടില്ലായെങ്കിലും നടപ്പ് വർഷത്തെ അപേക്ഷ സമയത്ത് തന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ (4 കോപ്പികൾ വീതം) സെപ്തംബർ 10 ന് വെള്ളിയാഴ്ചയ്ക്ക് മുൻപ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 20,000/ രൂപയ്ക്ക് മുകളിലുള്ള സംഖ്യയ്ക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം. അപേക്ഷയിൽ കോർപറേറ്റ് മാനേജരാണ് ഒപ്പുവെയ്ക്കേണ്ടത്.

## 3. Result of Higher Secondary Examination-March 2021

| Name of school | Students appeared | D+ and above | School Percentage 2020-2021 |
|---|---|---|---|
| 1. St. Thomas C.H.S.S., Thrissur | 303 | 302 | 99.67 |
| 2. St. Antony's H.S.S., Puthenpeedika | 121 | 120 | 99.17 |
| 3. C.J.M.A.H.S.S., Varandarappilly | 220 | 216 | 98.18 |
| 4. St. John's H.S.S., Parappur | 165 | 161 | 97.58 |
| 5. St. Antony's H.S.S., Ammadam | 260 | 253 | 97.31 |
| 6. St. Antony's H.S.S., Pudukad | 598 | 562 | 93.98 |
| 7. St. Thomas H.S.S., Thope, Thrissur | 172 | 160 | 93.00 |
| 8. St. Thomas H.S.S., Thiroor | 110 | 100 | 90.91 |
| 9. St. Thomas H.S.S., Engandiyur | 185 | 167 | 90.27 |
| 10. St. Thomas H.S.S., Vallachira | 165 | 145 | 87.88 |

| | | | |
|---|---|---|---|
| 11. St. Antony's H.S.S., Pazhuvil | 108 | 89 | 82.40 |
| 12. St. Joseph's H.S.S., Avinissery | 164 | 133 | 81.10 |
| 13. St. Joseph's H.S.S., Velupadam | 114 | 86 | 75.44 |
| 14. St. Thomas H.S.S., Mayannur | 174 | 129 | 74.14 |

Higher Secondary പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് അഭിനന്ദനങ്ങൾ !

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

Santhwanam
ARCHDIOCESE OF TRICHUR

**1. സാന്ത്വനം ഫൊറോന പ്രമോട്ടർമാരുടെ യോഗം സംഘടിപ്പിച്ചു**

അതിരൂപതയിൽനിന്നും സാന്ത്വനത്തിന്റെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ച ഫോറോന പ്രമോട്ടർമാരുടെ യോഗം കാത്തലിക് സെന്റർ ഹാളിൽ വെച്ച് നടന്നു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ സ്വാഗതം ആശംസിച്ച യോഗത്തിൽ സാന്ത്വനം ചെയർമാൻ, മോൺ. തോമസ് കാക്കശ്ശേരി അധ്യക്ഷത വഹിച്ചു. ഇടവക തോറും സംഘങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചാലുള്ള ഗുണങ്ങളെക്കുറിച്ചും സാന്ത്വനം അസോ. ഡയറക്ടർ ഡോ. ജോസ് വട്ടക്കുഴി സംസാരിച്ചു. സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ കൊവീഡ് സെൽഫ് കെയർ കിറ്റും മൺസൂൺ കിറ്റും ഫാ.ജോയ് മൂക്കൻ പരിചയപ്പെടുത്തി. ഓരോ ഇടവകയിലും ഒരു വ്യക്തിയെങ്കിലും കിറ്റുകൾ ഓർഡർ എടുത്ത് വിൽപന നടത്തി ജീവിതമാർഗ്ഗം കണ്ടെത്തണം എന്നതാണ് ഞങ്ങളുടെ ലക്ഷ്യമെന്നും ഡയറക്ടർ അറിയിച്ചു. തുടർന്ന് കാരിത്താസ് ഇന്ത്യ വഴി സാന്ത്വനത്തിനു ലഭിച്ച മെഡിക്കൽ കിറ്റുകൾ ഇടവകകളിലേക്ക് വിതരണം ചെയ്യുന്നതിനായി പ്രമോട്ടർമാരെ ഏൽപിച്ചു.

**2. കേന്ദ്ര ആഭ്യന്തരവകുപ്പ് ഉദ്യോഗസ്ഥർ സന്ദർശനം നടത്തി**

സാന്ത്വനത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ FCRA എക്കൗണ്ട് വിവരങ്ങൾ പരിശോധിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ സാന്ത്വനം ഓഫീസ് സന്ദർശിക്കുകയും എക്കൗണ്ടുകൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുകയും ചെയ്തു.

**3. കേരള സോഷ്യൽ സർവ്വീസ് ഫോറം - വാർഷീക യോഗം**

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ 40-ാമത് ആന്വൽ ജനറൽ ബോഡി യോഗം, ഗുഡ് സമരിറ്റൻ സെന്റർ, പാലയിൽ വെച്ച് നടന്നു. കേരളത്തിലെ രൂപതകളിലെ സോഷ്യൽ സർവ്വീസ് സെന്ററുകളുടെ ഡയറക്ടർമാർ പങ്കെടുത്ത മീറ്റിങ്ങിൽ KSSF ചെയർമാൻ മാർ ജോസ് പുളിക്കൽ അധ്യക്ഷത വഹിച്ചു. തൃശൂർ അതിരൂപതയിൽ നിന്ന് സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ മീറ്റിങ്ങിൽ പങ്കെടുത്തു. മീറ്റിങ്ങിൽ പങ്കെടുത്ത എല്ലാവർക്കും സാന്ത്വനത്തിന്റെ " കോവിഡ് സെൽഫ് കെയർ കിറ്റ് " സാന്ത്വനം ഡയറക്ടർ വിതരണം ചെയ്തു.

**4. കർഷകദിനാചരണം**

തൃശൂർ അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനവും അതിരൂപത ഇൻഫാം പ്രസ്ഥാനവും സംയുക്തമായി ചിങ്ങം ഒന്ന് കർഷകാവകാശദിനമായി ആചരിച്ചു. കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കാനും കാർഷികമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാനും സർക്കാരിനെ പ്രേരിപ്പിക്കാനുമാണ് കർഷകാവകാശദിനം ആചരിക്കുന്നത്. കർഷകദിനാചരണത്തിന്റെ ഭാഗമായി നടന്ന യോഗത്തിൽ അതിരൂപതാ ഇൻഫാം ഡയറക്ടർ ഫാ. ജോയ് മൂക്കൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത യോഗത്തിൽ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിച്ചു. തദവസരത്തിൽ കാർഷികവിഭവങ്ങൾ വിറ്റഴിക്കാനുള്ള ഓൺലൈൻ വിപണിയുടെയും കർഷക റജിസ്ട്രേഷന്റെയും ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിക്കുകയുണ്ടായി. സാന്ത്വനം അസോ.ഡയറക്ടർ ഡോ. ജോസ് വട്ടക്കുഴിയുടെ നന്ദിയോടെ യോഗം സമാപിച്ചു.

**5. സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ ഓണക്കിറ്റ്**

ഓണത്തോടനുബന്ധിച്ച് സാന്ത്വനം സ്വിഫ്റ്റ് മാർട്ട് കായവറവ്, 250g, ശർക്കരവരട്ടി 250g, കായ നാലുനുറുക്ക് 100g, പുളിഞ്ചി 200g, വടുകപുളി അച്ചാർ 200g എന്നിവയടങ്ങിയ കിറ്റ് വിപണിയിലിറക്കി. അതിരൂ

പതയിലെ വിവിധ ഇടവകകളിലെ അമ്മമാരും സാന്ത്വനത്തിന്റെ കീഴി ലുള്ള സംഘാംഗങ്ങളും തയ്യാറാക്കുന്ന വിഭവങ്ങളാണ് ഇവ. കർഷക രിൽനിന്ന് വാങ്ങുന്ന ഉൽപന്നങ്ങൾ സ്വിഫ്റ്റ് മാർട്ടിൽ നിന്ന് ഇവർക്ക് ലഭ്യമാക്കുകയും ഇവർ അത് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റു കയും ചെയ്യുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കിയവർക്ക് കൺവെർഷൻ ചാർജ് വിതരണം ചെയ്തു.

**6. സുധീർ പ്രോജക്റ്റ്**

കാരിത്താസ് ഇന്ത്യയും ക്രിസ്ത്യൻ റിലീഫ് സർവ്വീസസും(CRS) ചേർന്ന് കേരള സോഷ്യൽ സർവ്വീസസ് ഫോറം (KSSF)വഴി നടപ്പിലാ ക്കുന്ന Covid 19 Awareness Programme ആണ് സുധീർ പ്രോജക്റ്റ്. കോവിഡ് 19 നെ ക്കുറിച്ചുള്ള ബോധവൽക്കരണം നല്കി ആരോഗ്യ മുള്ള കമ്മ്യൂണിറ്റികളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതി.

കോട്ടപ്പുറം , ഇരിഞ്ഞാലക്കുട, പാലക്കാട്, തൃശൂർ എന്നീ രൂപ തകളിലെ വളണ്ടിയേഴ്സിന് തൃശൂർ അതിരൂപത റീജിയണൽ കോർഡി നേറ്റർ ശ്രീ. തോമസ് എലുവത്തിങ്കൽ ട്രെയിനിങ്ങ് പ്രോഗ്രാം നടത്തുക യുണ്ടായി. കേരളത്തിലെ രൂപതകൾക്കുവേണ്ടി CRS പുതുതായി തെര ഞ്ഞെടുത്ത 8 റീജിയണൽ കോർഡിനേറ്റേഴ്സിന് നിലവിലുള്ള റീജിയ ണൽ കോർഡിനേറ്റേർമാർ ട്രെയിനിങ്ങ് നടത്തി.

**7. സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ**

സാന്ത്വനത്തിന്റെ സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയിലെ പുതിയ ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാം ഫീൽഡ് കോർഡിനേറ്റർ ആയി ശ്രീമതി. അനു. വി.എസ് നെ നിയമിച്ചു. സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുടെ കാഞ്ഞൂര് ഐശ്വര്യഗ്രാം ഓഫീസിൽ നിന്നുമുള്ള 3 ദിവ സത്തെ ഇൻഡക്ഷൻ ട്രെയിനിങ്ങ് ഓൺലൈൻ പ്ലാറ്റ്ഫോം സൂമിൽകൂടി പുതിയ കോർഡിനേറ്റർ പങ്കെടുത്തു.

**8. മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു**

കാരിത്താസ് ഇന്ത്യ സാന്ത്വനത്തിനു നല്കിയ മെഡിക്കൽകി റ്റുകൾ തൃശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലേക്കായി സാന്ത്വ നത്തിന്റെ ഫൊറോന പ്രമോട്ടർമാർ വഴി വിതരണം ചെയ്തു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് വിതരണോ ദ്ഘാടനം നിർവ്വഹിച്ചു. കാരിത്താസ് ജർമ്മനിയുടെ സഹായത്തോടെ കാരിത്താസ് ഇന്ത്യ സാന്ത്വനത്തിന് നല്കിയ ഓക്സിജൻ കോൺസെന്റ റേറ്ററിന്റെ വിതരണവും തദവസരത്തിൽ അഭിവന്ദ്യ പിതാവ് നിർവ്വഹി

ക്കുകയുണ്ടായി. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ. അബീഷ് ആന്റണി കോ–ഓർഡിനേറ്റർ ശ്രീ. നെൽസൺ സി.ടി. തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

**9. ഓൺലൈൻ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു**

അതിരൂപത സാന്ത്വനത്തിന്റെ കീഴിലുള്ള ഗ്രേഡിങ്ങ് നടത്തിയ സ്വയം സഹായസംഘങ്ങൾക്ക്(SHG) ഓൺലൈൻ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. കൃപ , ആലപ്പാട്, നിർമ്മലമാത ഒളരി, മേരിമാതാ ഒല്ലൂർ, സെന്റ് ജോസഫ് ഒല്ലൂർ എന്നീ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ മീറ്റിങ്ങിലൂടെ നൽകുകയുണ്ടായി. മീറ്റിങ്ങിൽ, സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ സെൽഫ് കെയർ കിറ്റ്, മൺസൂൺ കിറ്റ് എന്നിവയെ ക്കുറിച്ച് അസോ. ഡയറക്ടറച്ചൻ സംഘാംഗങ്ങളോട് വിവരിക്കുകയുണ്ടായി. സാന്ത്വനം അസോ.ഡയറക്ടർ ഡോ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ്, ആനിമേറ്റർ ശ്രീമതി. അനിത ജോസഫ്, എന്നിവർ മീറ്റിങ്ങിന് നേതൃത്വം നല്കി.

**10. “ NURTURE ”പ്രോജക്റ്റ് ഉദ്ഘാടനം ചെയ്തു**

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ പുതിയ പ്രോജക്റ്റ് “NURTURE”ന്റെ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, മാനന്തവാടിയിൽ വെച്ച് നടന്നു. പ്രകൃതി പരിപോഷണം നമ്മുടെ കടമ (Laudato Si and climate - resilient livelihood)എന്ന വിഷയത്തിൽ റീജിയണൽ ട്രെയിനർമാരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ KSSF നടത്തിയ രണ്ടു ദിവസത്തെ ട്രെയിനിങ്ങിൽ സാന്ത്വനത്തിനു വേണ്ടി കോർഡിനേറ്റർ നെൽസൺ പങ്കെടുക്കുകയുണ്ടായി. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് ഓർഗാനിക് ഫാമിങ്ങിനെക്കുറിച്ച് പരിശീലനം നല്കി സഹായിക്കുക എന്നതാണ് ഈ പ്രോജക്റ്റിന്റെ ലക്ഷ്യം.

**11. ആശാകിരണം റിസോഴ്സ് ടീം ട്രെയിനിങ്ങ്**

തൃശൂർ അതിരൂപതയുടെ സാമൂഹ്യസേവനവിഭാഗമായ സാന്ത്വനവും കാരിത്താസ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിച്ച ആശാകിരണം റിസോഴ്സ് ടീം ട്രെയിനിങ്ങ് ഓൺലൈൻ പ്ലാറ്റ്ഫോം ഗൂഗിൾ മീറ്റിൽ നടന്നു. സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ ഡോ. ജോസ് വട്ടക്കുഴി, കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ. അബീഷ് ആന്റണി , ആശാകിരണം DLO ശ്രീ. നെൽസൺ സി.ടി എന്നിവർ സംസാരിച്ച ട്രെയിനിങ്ങ് പ്രോഗ്രാമിൽ 25–ഓളം വളണ്ടിയേഴ്സ് പങ്കെടുത്തു.

**12. ഗോഡ്സ് ഓൺ ഫാമിലി പദ്ധതി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതി വഴി സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു. ചേലക്കര–Rs.48,000/–, ഒല്ലൂർ–Rs.10,000/–, തലോർ–Rs.35,000/–, അടാട്ട്– Rs.10,000/–, പൂച്ചുണ്ണിപ്പാടം–Rs.2000/–.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഡോ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി.ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

# മാതൃവേദി

**മാതൃവേദിയുടെ പതിനാറായിരം നിവേദനങ്ങൾ**

സംസ്ഥാന സർക്കാർ ക്രൈസ്തവരുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാനായി നിയമിച്ച റിട്ടയേർഡ് ജസ്റ്റിസ് ജെ.ബി കോശി കമ്മീഷന് മുമ്പാകെ തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ പതിനാറായിരത്തിൽ പരം നിവേദനങ്ങൾ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിനും സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിനും സമർപ്പിക്കുകയുണ്ടായി. മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, മാതൃവേദി പ്രസിഡന്റ് ശ്രീമതി മേരി വിൻസെന്റ്, സെക്രട്ടറി ശ്രീമതി ജൂലി ബാബു എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി

**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്

# ഫാമിലി അപ്പസ്തോലേറ്റ് സെന്റർ

## പ്രഥമ മുത്തശ്ശി മുത്തശ്ശന്മാരുടെ ദിനം ആചരിച്ചു

പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ 2021 ജൂലായ് 25 ഞായറാഴ്ച പ്രഥമ ആഘോള ഗ്രാന്റ് പാരന്റസ് ദിനമായി ആചരിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഗ്രാന്റ് പാരന്റസ് ദിനം ആചരിച്ചു. പ്രഥമ മുത്തശ്ശി മുത്തശ്ശന്മാരുടെ ദിനം സൂം ഫ്ളാറ്റ് ഫോമിലാണ് ആചരിച്ചത്. മേരി വർഗ്ഗീസ് ദമ്പതികളുടെ പ്രാർത്ഥനാ ഗാനത്തോടുകൂടെ ആഘോഷം ആരംഭിക്കുകയും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ ഏവരേയും സ്വാഗതം ചെയ്യുകയും ചെയ്തു. ഈ ദിനത്തിന്റെ ആഘോഷ പരിപാടികൾക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. റവ. ഡോ. വിൻസെന്റ് കുണ്ടുകുളം മുത്തശ്ശി മുത്തശ്ശന്മാർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ സെമിനാർ നയിക്കുകയും അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് സമാപന സന്ദേശം നൽകുകയും ജോസ് ബിന ദമ്പതികളുടെ നന്ദിയോടു കൂടെ ആഘോഷപരിപാടികൾ സമാപിക്കുകയും ചെയ്തു. പ്രഥമ മുത്തശ്ശി മുത്തശ്ശന്മാരുടെ ദിനം ആഘോഷമാക്കാൻ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ, ഫാ. ജിന്റോ ചൂണ്ടൽ എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർമാർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനത്തിൽ നാം എങ്ങോട്ട്?**

സി.ബി.സി.ഐ യുടെയും കെ.സി.ബി.സിയുടെയും തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും ആഹ്വാനമനുസരിച്ച് തൃശ്ശൂർ അതിരൂപതാ ജോൺപോൾ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ഭാരത സർക്കാർ നടപ്പിലാക്കിയ MTP Act എന്ന നിയമത്തിന്റെ 50–ാം വർഷ പൂർത്തീകരണവുമായി ബന്ധപ്പെട്ട് വെബിനാർ ഓഗസ്റ്റ് 15 ഞായറാഴ്ച്ച വൈകീട്ട് 7 മുതൽ 8.30 വരെ നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വെബിനാർ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ പോൾ ആന്റണി മുല്ലശ്ശേരി പിതാവ് അനുഗ്രഹ സന്ദേശം നൽകുകയുണ്ടായി. തുടർന്ന് പ്രൊഫ. ഡോ. കെ.എം. ഫ്രാൻസീസ് സാറും ഡോ. ഫിന്റോ ഫ്രാൻസീസും വിഷയാവതരണം നടത്തി. കെ.സി.ബി.സി പ്രോലൈഫ് സമിതിയുടെ ഡയറക്ടർ റവ. ഫാ. പോൾസൺ സീമേന്തിയും കെ.സി.ബി.സി പ്രോലൈഫ് സമിതി പ്രസിഡണ്ട് സാബു ജോസും ആശംസകൾ അർപ്പിച്ചു. വെബിനാറിന് അതിരൂപത പ്രോലൈഫ് സമിതി ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ സ്വാഗതം അർപ്പിച്ചു. അതിരൂപത പ്രോലൈഫ് പ്രസിഡണ്ട് ശ്രീ. ജെയിംസ് ആഴ്ചങ്ങാടനും അതിരൂപത പ്രോലൈഫ് ഭാരവാഹികളും നേതൃത്വം നൽകി.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ദീപിക പ്രചരണ തീവ്രയജ്ഞത്തിന്റെ ഭാഗമായി ഓഗസ്റ്റ് 1 നും ഓഗസ്റ്റ് 8 നും അതിരൂപതയിലെ എല്ലാ യൂണിറ്റിലേയും എല്ലാ ഭാരവാഹികൾക്കും വേണ്ടി വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രണ്ട് വെബിനാറും ഉദ്ഘാടനം ചെയ്യുകയുണ്ടായി. അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്ക്ൽ ഈ വെബിനാറുകൾക്ക് സ്വാഗതം അർപ്പിച്ചു. റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ, റവ. ഫാ. ജിയോ തെക്കിനിയത്ത്, റവ. ഫാ. ജോമോൻ മുരിങ്ങാത്തേരി എന്നിവർ ദീപിക പ്രചരണ തീവ്രയജ്ഞത്തിന്റെ പ്രാധാന്യവും പ്രസക്തിയും അവതരിപ്പിക്കുകയുണ്ടായി. അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളായ ശ്രീ. പോൾ പാറക്കൽ, ശ്രീ. ഷിന്റോ മാത്യു എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ
**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ
**പോൾ പാറക്കൽ**
ജനറൽ കൺവീനർ

# സ്ലം സർവ്വീസ് സെന്റർ

**1. ഓണാഘോഷവും ലോൺ വിതരണവുംനടത്തി**

തൃശൂർ: അതിരൂപത സ്ലം സർവ്വീസ് സെന്ററിന്റെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഓണാഘോഷവും അയൽക്കൂട്ടങ്ങൾക്കുള്ള ലോൺ വിതരണവും നടത്തപ്പെട്ടു. ആഘോഷങ്ങൾ ഡെപ്യൂട്ടി മേയർ രാജശ്രീ ഗോപൻ ഉദ്ഘാടനം ചെയ്തു. "സേവനസംഘടനകളും അയൽക്കൂട്ടങ്ങളും മാറിയ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠനം സുഗമമാക്കുന്നതിനും സാധാരണ ജനങ്ങളുടെ അനുദിനജീവിതഉന്നമനത്തിനു

വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും മുൻഗണന നല്കണമെന്ന് അഭിപ്രായപ്പെട്ടു." ഡയറക്ടർ ഫാ. സിന്റോ തൊറയൻ അദ്ധ്യക്ഷത വഹിച്ചു. എം. പീതാംബരൻ മാസ്റ്റർ ഓണസന്ദേശം നല്കി.

"നിന്നെപ്പോലെ അയൽക്കാരനെ സ്നേഹിക്കുകയെന്ന ആശയത്തിൽനിന്നു രൂപം കൊണ്ട അയൽക്കൂട്ടങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വിവിധ മതങ്ങൾ വിഭാവനം ചെയ്യുന്ന സ്നേഹം, ഐശ്വര്യം, സമൃദ്ധി എന്നിവയാണെന്നും അതുതന്നെയാണ് ഓണത്തിന്റെയും ഗാന്ധിജി ആവിഷ്ക്കരിച്ച ഗ്രാമസ്വരാജ്, സർവ്വോദയം തുടങ്ങിയവയുടെയും പൊരുളെന്നും ആയതു നടപ്പാക്കാൻ നാം ശ്രമിക്കണമെന്നും ആഹ്വാനം ചെയ്തു." 8 അയൽക്കൂട്ടങ്ങൾക്ക് കേരള പിന്നോക്ക വികസന കോർപ്പറേഷൻ വഴി നല്കുന്ന 40ലക്ഷം രൂപയുടെ ലോൺ വിതരണം പിന്നോക്ക കോർപ്പറേഷൻ അസി. ജന. മാനേജർ പി.എൻ. വേണുഗോപാൽ നിർവ്വഹിച്ചു. കൗൺസിലർ ആൻസി ജെയ്ക്കബ്, പ്രസിഡണ്ട് ബേബി മൂക്കൻ, പി.എം.എം. ഷെറീഫ്, സെക്രട്ടറി ജോയ്പോൾ എന്നിവർ പ്രസംഗിച്ചു. ജെസ്സി രാജുവും സംഘവും ഓണപ്പാട്ട് അവതരിപ്പിച്ചു. പൂക്കളവും ഓണപാക്കറ്റ് വിതരണവും, ഭാഗ്യശാലി വിജയികൾക്കുള്ള സമ്മാനങ്ങളും അയൽക്കൂട്ടാംഗങ്ങൾക്കുള്ള ആശ്രിതസഹായവിതരണവും യോഗത്തിൽ വെച്ച് നടത്തപ്പെട്ടു.

**2. ഫാ. വി.എസ്. അറക്കൽ 26–ാം ചരമവാർഷികാനുസ്മരണം നടത്തി**

തൃശൂർ: അതിരൂപത സ്ലം സർവീസ് സെന്റർ സ്ഥാപക ഡയറക്ടറും സാഹിത്യ സാംസ്കാരിക പ്രവർത്തകനുമായിരുന്ന ഫാ. വി.എസ്. അറക്കലിന്റെ 26–ാം ചരമവാർഷികാനുസ്മരണം നടത്തി. റവ.ഡോ. ദേവസി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്തു.

സാഹിത്യ സാംസ്കാരികരംഗം, ചേരി നിർമ്മാർജനം, അജപാലനം തുടങ്ങിയ രംഗങ്ങളിൽ ഒരേപോലെ പ്രവർത്തിച്ച അതിരൂപതയിലെ അപൂർവ്വം വൈദീകരിൽ ഒരാളായിരുന്നു ഫാ. അറക്കലെന്നും അഭിപ്രായപ്പെട്ടു. ഫാ. തോമസ് ചൂണ്ടൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. ഷൊർണൂർ കാർത്തികേയൻ അനുസ്മരണ പ്രഭാഷണം നടത്തി. കവി സി. രാമചന്ദ്രമേനോൻ, ബേബി മൂക്കൻ, കാവിൽ രാജ്, ഫാ. സിന്റോ തൊറയൻ, ജോബ് ചിറമ്മൽ, ജോയ് പോൾ എന്നിവർ പ്രസംഗിച്ചു.

പുഷ്പാർച്ചനക്ക് പ്രേമ മൈക്കിൾ, എ.എസ്. ജോൺസൻ, റപ്പായി പാലമറ്റം തുടങ്ങിയവർ നേതൃത്വം നൽകി.

| | |
|---|---|
| **ബേബി മൂക്കൻ** | **ഫാ. സിന്റോ തൊറയൻ** |
| പ്രസിഡണ്ട് | ഡയറക്ടർ |

# EXCEL ACADEMY

DBCLC, East Fort, Thrissur - 680005
mob: 9744941585
email : excelacademytcr@gmail.com
web : www.excelacademytcr.com

EXCEL ACADEMY
Archdiocese of Trichur
Institute for Career Formation

തൃശ്ശൂർ ആർച്ച് ബിഷപ്പ്സ് ഹൗസ്, ഡിബിസിഎൽ സി കാമ്പസ്സിൽ നടക്കുന്ന എക്സൽ അക്കാദമിയുടെ കോഴ്സുകൾ :–

- ജൂണിൽ ആരംഭിച്ച ഈ വർഷത്തെ K-TET കോഴ്സിന്റെ പത്താമത്തെ ബാച്ച് വിജയകരമായി പൂർത്തീകരിച്ചു. K-TET കോഴ്സിന്റെ (4 കാറ്റഗറി) പതിനൊന്നാമത്തെ ബാച്ചിന്റെ അഡ്മിഷൻ, സെപ്റ്റംബർ 10 മുതൽ ആരംഭിക്കുന്നു.
- പ്ലസ് ടു അധ്യാപകർക്കുള്ള Set പരീക്ഷക്കുള്ള കോച്ചിങ്ങ്, എക്സൽ അക്കാദമിയിൽ ആരംഭിക്കുന്നു. കോമേഴ്സ്, ഇംഗ്ലീഷ്, എക്ണോമിക്സ് വിഷയങ്ങളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും. സെപ്റ്റംബർ 10 മുതൽ അഡ്മിഷൻ ആരംഭിക്കുന്നു.
- ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു ഫൗണ്ടേഷൻ കോഴ്സ് ആരംഭിക്കുന്നു. സയൻസ് ജീനിയസ്, ജൂനിയർ IAS (സയൻസ്, സിവിൽ സർവ്വീസ്) എന്നീ വിഭാഗങ്ങളിൽ 8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. ക്ലാസ്സുകൾ ഉടനെ ആരംഭിക്കും.
- സ്കൂൾ പ്രിൻസിപ്പാൾ / ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുവാൻ, അധ്യാപകർ നിർബന്ധമായും പാസ്സായിരിക്കേണ്ട KER / KSR പരീക്ഷക്കുള്ള കോച്ചിങ്ങ്, സെപ്റ്റംബർ 4–ാം തിയതി എക്സൽ അക്കാദമിയിൽ ആരംഭിക്കുന്നു.
- വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ആവശ്യത്തിനായി; അന്യോന്യം സഹകരിച്ച് പ്രവർത്തിക്കുവാൻ, തൃശ്ശൂർ എക്സൽ അക്കാദമിയുമായുള്ള ധാരണ സമ്മതപത്രം (MOU), ആഗസ്റ്റ് 18–ാം തിയതി; തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഹാളിൽ ചേർന്ന ചടങ്ങിൽ ഒപ്പുവച്ചു. ചടങ്ങിൽ മുഖ്യ അതിഥിയായി, ബഹുമാനപ്പെട്ട ടോണി നീലങ്കാവിൽ പിതാവ് സംബന്ധിച്ചിരുന്നു. സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഫാ. മാർട്ടിൻ കൊളമ്പ്രത്ത്, എക്സൽ അക്കാദമി ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ, എക്സൽ അക്കാദമി അക്കാദമിക് ഹെഡ് ഡോ.മാണി കെ. പീറ്റർ, ഡോ. ഇഗ്നേഷ്യസ് ആന്റണി, ഫാ, അനിൽ കോങ്കോത്ത് എന്നിവർ യോഗത്തിൽ സംബന്ധിച്ചിരുന്നു.

ഇപ്പോഴത്തെ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് – 9744941585 / 9847276657

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്

**1. മീഡിയസെൽ പ്രവർത്തനം ആരംഭിച്ചു**

അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ മീഡിയ സെൽ പ്രവർത്തനം ആരംഭിച്ചു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘടനം ചെയ്തു. കാലഘട്ടത്തിന്റെ സ്പന്ദന മായി സഭയ്ക്കും സമൂഹത്തിനും നന്മയ്ക്ക് ഉതകുന്ന വിധത്തിലാണ് മീഡിയ സെല്ലിന്റെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

**2. ഗ്ലോബൽ വർക്കിഗ് കമ്മിറ്റി തൃശൂരിൽ**

കത്തോലിക്ക കോൺഗ്രസിന്റെ ഗ്ലോബൽ വർക്കിങ്ങ് കമ്മിറ്റി ഓഗസ്റ്റ് 14ന് തൃശൂർ ആർച്ച് ബിഷപ്പ് ഹൗസിൽ വെച്ച് സംഘടിപ്പിച്ചു. ഗ്ലോബൽ ഭാരവാഹികളടക്കം പങ്കെടുത്ത യോഗം കോവിഡ്–19 പ്രോട്ടോ കോൾ പ്രകാരമായിരുന്നു സംഘടിപ്പിച്ചത്.

**3. അഗതിമന്ദിരങ്ങളോടുള്ള അവഗണനക്കെതിരെ പ്രതിഷേധം**

അഗതിമന്ദിരങ്ങളിലുള്ളവർക്കുള്ള ക്ഷേമപെൻഷൻ വേണ്ട എന്ന് സംസ്ഥാന സർക്കാർ നിലപാടിനെതിരെ കത്തോലിക്ക കോൺഗ്രസ്സ് പ്രതിഷേധം രേഖപ്പെടുത്തുകയും, ഭരണാധികാരികളെ അറിയിക്കുകയും ചെയ്തു.

**4. ഫാ. സ്റ്റാൻലി സ്വാമിക്ക് സ്മരണാഞ്ജലി**

പാപപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വേണ്ടി ജീവിച്ച് മരിച്ച പാ. സ്റ്റാൻ സ്വാമിക്ക് മുന്നിൽ പ്രണാമം അർപ്പിച്ചുകൊണ്ട് സ്മരണാഞ്ജലികൾ അർപ്പിച്ചു. പുത്തൻപള്ളി ഫൊറോന ദൈവാല യത്തിൽ വെച്ച് നടന്ന ചടങ്ങിൽ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ദീപം തെളിയിച്ചു. രൂപത ഫൊറോന ഭാരവാഹികൾ പങ്കെടു ത്തു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്

**എൻ.പി. ജാക്സൻ**
ജനറൽ സെക്രട്ടറി

# KCYM

**1. സൈനീക വീരഗാഥയ്ക്ക് സ്നേഹാദരം**

തൃശ്ശൂർ അതിരൂപത കെസിവൈഎം ജൂലൈ 26, പാക്കിസ്ഥാനുമായുള്ള യുദ്ധത്തിനുശേഷം കാർഗിലിൽ ഇന്ത്യ നേടിയ വിജയത്തിന്റെ 22ാം വാർഷിക ദിനത്തിൽ കാർഗിൽ യുദ്ധസമയത്ത് മാതൃഭൂമിയെ സംരക്ഷിക്കാൻ ജീവൻ ബലിയർപ്പിച്ച ഇന്ത്യൻ സൈനീകരെ സ്മരിച്ച് കൊണ്ട് അയ്യന്തോൾ അമർ ജവാൻ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി. തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോയ് പുഷ്പചക്രം സമർപ്പിച്ചു. തൃശ്ശൂർ അതിരൂപത ഡയറക്ടർ ഫാ.ലിൻസൺ തട്ടിൽ കാർഗിൽ വിജയ് ദിവസിൽ രാജ്യം മുഴുവൻ രക്തസാക്ഷികളായ സൈനികരെ അനുസ്മരിക്കുകയും അവരുടെ കുടുംബങ്ങളെ അനുസ്മരിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. നമ്മുടെ വീരന്മാരുടെ അപര്യാപ്തമായ ധൈര്യത്തിനും ധീരതയ്ക്കും ത്യാഗത്തിനും അഭിവാദ്യം അർപ്പിച്ച് ട്രഷറർ ജിഷാദ് ജോസ് സംസാരിച്ചു.

**2. സ്വാതന്ത്ര്യ ദിനാഘോഷം**

കെസിവൈഎം തൃശ്ശൂർ അതിരൂപതയുടെയും, പുത്തൂർ ഫൊറോനയുടെയും സംയുക്താഭിമുഖ്യത്തിൽ സ്വാതന്ത്ര്യ ദിനഘോഷം വെട്ടുക്കാട് സെന്റ് ജോസഫ് പള്ളിയിൽ നടന്നു. കെ സിവൈഎം തൃശ്ശൂർ അതിരൂപത ഡയറക്ടർ റവ ഫാ ലിൻസൺ തട്ടിൽ ദേശീയ പതാക ഉയർത്തി. അതിരൂപത ട്രഷറർ ജിഷാദ് ജോസ് സ്വാഗതം പറഞ്ഞ പൊതുസമ്മേളനത്തിന് അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ അദ്ധ്യക്ഷത വഹിച്ചു. ഇടവക വികാരി റവ.ഫാ.റോയ് മൂക്കൻ ആമുഖ പ്രഭാഷണം നടത്തി. അതിരൂപത വൈസ് പ്രസിഡന്റ് ജെസ്ന ജീജോ, സിസ്റ്റർ ഫ്രാൻസി മരിയ, സെക്രട്ടറി മെജോ മോസസ്, വെട്ടുകാട് യൂണിറ്റ് പ്രസിഡന്റ് ആൽബിൻ വടക്കൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.പുത്തൂർ ഫൊറോന പ്രസിഡന്റ് അഷർ ഷാജു നന്ദി പറഞ്ഞു.ൊ

**3. സൗജന്യ കോവിഡ് വാക്സിന്റെ ലഭ്യത കുറവിൽ റിലേ പ്രതിഷേധം**

സൗജന്യ വാക്സിൻ എന്ന പ്രഖ്യാപനം കടലാസുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സാഹചര്യത്തിൽ കെ.സി.വൈ.എം. യുവാക്ക

ളെ അണിനിരത്തി കൊണ്ട് സ്വാരാജ് റൗണ്ടിൽ റിലേ പ്രതിഷേധ പദയാത്രയും ,നിൽപ്പ് സമരവും സംഘടിപ്പിച്ചു. പാസ്റ്റർ സെന്ററിൽ നിന്നും ആരംഭിച്ച റിലേ പ്രതിക്ഷേധ പദയാത്ര  മുൻ കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ് ആന്റോ തൊറയൻ ഉദ്ഘാടനം  ചെയ്തു. തുടർന്ന് പതിനാറ് ഫൊറോനകളുടെ സാനിദ്ധ്യത്തിൽ നടന്ന റിലേ പദയാത്ര തൃശ്ശൂർ സ്വരാജ് റൗണ്ട് വലയം ചെയ്ത് ജില്ലാ ഹോസ്പിറ്റലിന് സമീപം സമാപിച്ചു. സമാപന നിൽപ്പ് സമരം കെ സി വൈ എം മുൻ സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ ഉദ്ഘാടനം ചെയ്തു.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# സി.എൽ.സി.

### 1. വി. ഇഗ്നേഷ്യസ് ലയോള അനുസ്മരണം

തൃശ്ശൂർ: തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ ഈ വർഷത്തെ വി. ഇഗ്നേഷ്യസ് ലയോള ദിനാചരണത്തിന്റെ ഭാഗമായുള്ള അനുസ്മരണ ദിവ്യബലിയും വിശുദ്ധന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചനയും തൃശ്ശൂർ ഡിബിസിഎൽസിയിൽ വച്ച് നടന്നു. തൃശൂർ അതിരൂപത മെത്രപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് അനുസ്മരണ ബലിയിൽ കാർമികത്വം വഹിച്ചു. തൃശ്ശൂർ അതിരൂപതയിലെ മരിയമക്കളുടെ കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള 'ഓക്സില  എല്ലാം ഉപരി മഹത്വത്തിന്' എന്ന പേരിൽ സമാഹരിച്ച 1,81,676 രൂപ അതിരൂപത പ്രസിഡന്റ് ഡോംസൺ സൈമൺ പ്രോഗ്രാം കൺവീനർ ഫെസിൻ മാത്യൂ എം, ജോയിന്റ് കൺവീനർ ജെറിൻ ജോസ് എന്നിവർ ചേർന്ന് അഭിവന്ദ്യ പിതാവിന് കൈമാറി.

**2. മാതാവിന്റെ സ്വർഗാരോപണ തിരുനാളും പതാക ദിനവും ആച രിച്ചു**

ചിറ്റിശ്ശേരി: മാതാവിന്റെ സ്വർഗാരോപണദിനമായ ആഗസ്റ്റ് 15ന് തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ പതാക ദിനാഘോഷം പുതുക്കാട് ഫൊ റോന സി.എൽ.സിയുടെ ആഭിമുഖ്യത്തിൽ ചിറ്റിശ്ശേരി സെന്റ്.മേരീസ് ദേവാലയത്തിൽ വച്ച് നടന്നു. രാവിലെ 10 മണിക്ക് നടന്ന ദിവ്യബലി ക്കും തുടർന്ന് പതാക ഉയർത്തലിനും അതിരൂപത സഹായമെത്രാൻ മാർ.ടോണി നീലങ്കാവിൽ പിതാവ് നേതൃത്വം വഹിച്ചു. അതിരൂപത പ്ര സിഡന്റ് ഡോംസൺ സൈമൺ അംഗങ്ങളെ സ്വാഗതം ചെയ്തു. തു ടർന്ന് അതിരൂപത സെക്രട്ടറി ഫെസിൻ മാത്യൂ പ്രതിജ്ഞ ചൊല്ലിക്കൊ ടുത്തു.

**3. അതിരൂപതയിലെ മരിയമക്കളുടെ കരുതലിന്റെ മുഖമായി ഓക് സില**

തൃശ്ശൂർ അതിരൂപത സി.എൽ.സി മുന്നോട്ട് വച്ച ഓക്സില എ ല്ലാം ഉപരിമഹത്വത്തിന് എന്ന ജീവകാരുണ്യ പ്രവർത്തനത്തിലേക്ക് അ തിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമുള്ള മരിയ മക്കൾ 50 രൂ പ ചലഞ്ച് വഴിയായി ശേഖരിച്ച 1,81,676 അതിരൂപതയിലെ വിവിധ ആ തുര സേവന കേന്ദ്രങ്ങളിൽ സമർപ്പിച്ചു. വിശുദ്ധ ഇഗ്നേഷ്യസ് ലയോ ളയുടെ മാനസാന്തരത്തിന്റെ 500 വാർഷികത്തോടുബന്ധിച്ച് ജൂലൈ 1 മുതൽ 31 വരെ ഉള്ള ദിവസങ്ങളിൽ ഈ തുക വിവിധ മേഖലകൾ ആ യി തിരിച്ച് ഇടവക ഫൊറോനാ ഭാരവാഹികൾ വഴിയായി ശേഖരിക്കു കയും തുടർന്ന് ജൂലൈ 31 വി. ഇഗ്നേഷ്യസ് ലയോള അനുസ്മരണ ദി നത്തിൽ അതിരൂപത അധ്യക്ഷൻ മാർ. ആൻഡ്രൂസ് താഴത്ത് പിതാവി ന് പ്രതീകാത്മകമായി കൈമാറുകയും ചെയ്തു. തുടർന്ന് മാതാവിന്റെ സ്വർഗാരോപണ തിരുനാൾ ദിനമായ ആഗസ്റ്റ് 15ന് മുൻപായി അതിരൂപ തയിലെ തന്നെ 7 സ്ഥാപനങ്ങളിൽ ആയി വിതരണം ചെയ്യുകയും ചെ യ്തു.

ആഗസ്റ്റ് 14ന് അത്താണി ഗ്രേസ് ഹോമിൽ അതിരൂപത സി.എൽ.സി അസിസ്റ്റന്റ് ഡയറക്ടറും എരുമപ്പെട്ടി ഫൊറോന പ്രമോട്ട റുമായ ഫാ. സിജു പുളിക്കന്റെ സാന്നിദ്ധ്യത്തിൽ എരുമപ്പെട്ടി ഫൊറോ ന എക്സിക്യൂട്ടിവ് എയ്ഞ്ചൽ, വടക്കാഞ്ചേരി ഫൊറോന പ്രസിഡന്റ് എഡ്വിൻ, മേഖല കൺവീനർ ഫിജി എന്നിവർ ചേർന്ന് കൈമാറി. തു ടർന്ന് കോളങ്ങാട്ടുകര ബെദനി ഭവനിൽ കൊട്ടേക്കാട് ഫൊറോന പ്ര മോട്ടർ ഫാ. ഷിന്റോ മാറോക്കിയുടെ സാന്നിദ്ധ്യത്തിൽ ഫൊറോന പ്ര സിഡന്റ് ലിയോ, വേലൂർ ഫൊറോന പ്രസിഡന്റ് അഖിൽ എന്നിവർ

ചേർന്ന് കൈമാറി. ചേറൂർ ക്രൈസ്റ്റ് വില്ലയിൽ ലൂർദ് ഫൊറോന പ്രൊ മോട്ടർ ഫാ. അനുവിൻ ചിറ്റിലപ്പിള്ളിയുടെ സാന്നിദ്ധ്യത്തിൽ പ്രസി ഡന്റ് ലിജോ ജോസ് രൂപത ജോയിന്റ് സെക്രട്ടറി ആൻ ഗ്ലെണ്ട എന്നി വർ ചേർന്ന് കൈമാറി. അന്നേ ദിവസം തന്നെ മുളയം ഹോം ഓഫ് ലൗ കേന്ദ്രത്തിൽ വച്ച് ഒല്ലൂർ ഫൊറോന പ്രമോട്ടർ ഫാ. സെബി വെളിയന്റെ സാന്നിദ്ധ്യത്തിൽ ഫൊറോന പ്രസിഡന്റ് ക്രിസ്റ്റഫർ, പുതുക്കാട് ഫൊ റോന പ്രസിഡന്റ് ജോബിൻസ് എന്നിവർ ചേർന്ന് കൈമാറി.

രണ്ടാം ദിനമായ ഓഗസ്റ്റ് 15ന് പുല്ലൂർ സെന്റ്. ജോസഫ് മെന്റൽ ഹോമിൽ അതിരൂപത പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്തിന്റെയും ബസിലിക്ക ഫൊറോന പ്രമോട്ടർ ഫാ. പ്രകാശ് പുത്തൂരിന്റെയും സാ ന്നിദ്ധ്യത്തിൽ ബസിലിക്ക ഫൊറോന പ്രസിഡന്റ് ജിന്റോ, പഴുവിൽ ഫൊറോന പ്രസിഡന്റ് ജോസഫ് എന്നിവർ ചേർന്ന് കൈമാറി. പറപ്പൂർ ഫൊറോനാ ഭാരവാഹികളും കണ്ടശ്ശാംകടവ് ഫൊറോന പ്രസിഡന്റ് ആകാശും ചേർന്ന് ചിറ്റിലപ്പിള്ളി ശാന്തിനികേതനിൽ പറപ്പൂർ ഫൊ റോനാ പ്രമോട്ടർ ഫാ. ഷിജോ ചിരിയങ്കണ്ടത്തിന്റെ സാന്നിദ്ധ്യത്തിൽ തുക കൈമാറി. അന്നേ ദിവസം തന്നെ എടക്കളത്തൂർ നിർമല സദ നിൽ പാലയൂർ ഫൊറോന പ്രമോട്ടർ ഫാ. ലിവിൻ ചൂണ്ടലിന്റെ സാന്നി ദ്ധ്യത്തിൽ പ്രസിഡന്റ് അജയ്, മറ്റം ഫൊറോന പ്രസിഡന്റ് സഞ്ജയ് എന്നിവർ ചേർന്ന് കൈമാറി. എല്ലാ സ്ഥലങ്ങളിലും അതത് ഫൊറോന ഭാരവാഹികൾ സന്നിഹിതരായിരുന്നു. അതിരൂപത സി.എൽ.സി പ്രസി ഡന്റ് ഡോംസൺ, അതിരൂപത സെക്രട്ടറിയും ഓക്സില കൺവീനറു മായ ഫെസിൻ, അതിരൂപതാ വൈസ് പ്രസിഡന്റും ഓക്സില ജോ യിന്റ് കൺവീനറുമായ ജെറിൻ, ട്രഷറർ അജിത്ത്, മേഖല കൺവീനർ മാരായ ഫിജി, അലീന, ആഷ്‌ലി മറ്റു രൂപത എക്സിക്യൂട്ടിവ് അംഗ ങ്ങൾ തുടങ്ങിയവർ ഈ അവസരത്തിൽ സന്നിഹിതരായിരുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
**ഫാ. സിജു പുളിക്കൻ**
അസി. പ്രമോട്ടർമാർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# ചിൽഡ്രൻസ് മിനിസ്ട്രി

**1. ഓൺലൈൻ കലോത്സവം 2021**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓൺലൈൻ കലോത്സവം 2021 സംഘടിപ്പിക്കുന്നു. സെപ്തംബർ–ഒക്ടോബർ മാസങ്ങളിൽ ഫൊറോന പ്രമോട്ടേഴ്സിന്റെ നേതൃത്വത്തിൽ ഫൊറോന തലത്തിലാണ് അദ്യമത്സരം നടത്തപ്പെടുന്നത്. ഫൊറോന തലത്തിൽ ഒന്നാം സ്ഥാനം നേടുന്നവരെ അതിരൂപതതല മത്സരത്തിൽ പങ്കെടുപ്പിക്കുന്നതാണ്. പ്രസംഗം, ലളിതഗാനം, ഫാൻസി ഡ്രസ്സ്, മോണോ ആക്ട്, ബൈബിൾ വായന, സിംഗിൾ ഡാൻസ്, കവിത പാരായണം, വാദ്യോപകരണസംഗീതം, സങ്കീർത്തനാലാപനം, മാർഗ്ഗം കളിപാട്ട്, കഥപറച്ചിൽ എന്നീ മത്സരങ്ങളായിരിക്കും കലോത്സവത്തിൽ ഉണ്ടായിരിക്കുക. സബ് ജൂനിയർ (Std. LKG-IV), ജൂനിയർ (Std. V-VII), സീനിയർ (Std. VIII-X) എന്നീ മൂന്ന് വിഭാഗങ്ങളിലായിട്ടായിരിക്കും മത്സരം നടത്തപ്പെടുന്നത്. മത്സര നിബന്ധനകളും മറ്റും പിന്നീട് അറിയിക്കുന്നതായിരിക്കും.

**2. Saints' Quiz 2021-2022**

വിശുദ്ധരെക്കുറിച്ച് പഠിക്കാനും അവരുടെ മാതൃകകൾ ആഴത്തിൽ ഉൾകൊള്ളാനും തൃശ്ശൂർ അതിരൂപത ജൂനിയർ സി.എൽ.സി യും മിഷൻലീഗും ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി Saints' Quiz 2021-2022 നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഒക്ടോബർ 3 ഞായറാഴ്ച്ച ഇടവകതലത്തിലും, നവംബർ 28 ന് ഫൊറോന തലത്തിലും, 2022 ജനുവരി 8 ന് അതിരൂപത തലത്തിലും മത്സരം സംഘടിപ്പിക്കുന്നതാണ്. സാഹചര്യങ്ങൾ അനുകൂലമല്ലെങ്കിൽ ഓൺലൈൻ വഴിയായിരിക്കും മത്സരം നടത്തുന്നത്. Saints' Quiz ൽ പങ്കെടുക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള 'വിശുദ്ധരുടെ ജീവചരിത്രത്തിലൂടെ' എന്ന പുസ്തകം ഡി.ബി.സി.എൽ.സി.യിലെ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിതരണത്തിനായി തയ്യാറായിട്ടുണ്ട്. നേരത്തെ റജിസ്റ്റർ ചെയ്തിരിക്കുന്നവർ എത്രയും വേഗം പുസ്തകങ്ങൾ കൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു.

### 3. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം

**തിരുവചനം:** "തെറ്റുകൾ മറച്ചുവയ്ക്കുന്നവന് ഐശ്വര്യമുണ്ടാവുകയില്ല; അവ ഏറ്റുപറഞ്ഞ് പരിത്യജിക്കുന്നവന് കരുണ ലഭിക്കും." (സുഭാഷിതങ്ങൾ 28: 13)

**സുകൃതജപം:** കുരിശിനാൽ ലോകത്തെ രക്ഷിച്ച ഈശോയെ, കുരിശു വഹിക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ.

**പ്രാർത്ഥനാ നിയോഗം:** പലവിധ സഹനങ്ങളാൽ കടന്നുപോയിക്കൊണ്ടിരിക്കുന്ന ലോക ജനതയെ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിൽ സമർപ്പിച്ചുകൊണ്ട് സഹനശക്തിക്കായി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. പാദ്രേ പീയോ (സെപ്തംബർ 23) – "നമ്മുടെ കർത്താവായ യേശുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ" എന്ന വി. പൗലോസ് ശ്ലീഹായുടെ വചനങ്ങൾക്ക് ജീവിതത്തിൽ വളരെ പ്രാധാന്യം നല്കി നമ്മുടെ കർത്താവിന്റെ പഞ്ചക്ഷതങ്ങളെ സ്വശരീരത്തിൽ ഏറ്റുവാങ്ങിയ വിശുദ്ധനാണ് വിശുദ്ധ പാദ്രേ പീയോ.

**പ്രവർത്തനം**: പരിശുദ്ധ കന്യാകാമറിയത്തിന്റെ പിറവിതിരുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ ജപമാല ചൊല്ലി കോർത്തിണക്കിയ റോസാപൂമാല മാതാവിന് സമർപ്പിക്കുക.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. വാ. മാറ്റ് ടാൽബോത്ത് അനുസ്മരണം**

മദ്യവിരുദ്ധ പ്രവർത്തകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വാഴ്ത്തപ്പെട്ട മാറ്റ് ടാൽബോത്ത് അനുസ്മരണവും ഫാ. ജോൺ മരിയ ഹാവ് അനുസ്മരണവും സംയുക്തമായി നെഹ്റു നഗറിലുള്ള ക്രിസ്തുരാജ ഭവനിൽ വച്ച് ജൂൺ 19–ാം തീയതി അരങ്ങേറി. തൃശൂർ മദ്യവിരുദ്ധസമിതി പ്രസിഡന്റ് C.P. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണയോഗം SJS കോൺവെന്റ് മദർ സുപ്പീരിയർ Sr. ലളിതയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. ക്രിസ്തുരാജ ഭവൻ സുപ്പീരിയർ ബഹു. ഫാ. ലിജോ ഐക്കരത്താഴെയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷണം ചെയ്തു. വാഴ്ത്തപ്പെട്ട മാറ്റ് ടാൽബോത്ത് അനുസ്മരണം C.P. ഡേവീസും ഫാ. ജോൺ മരിയ ഹാവ് അനുസ്മരണം ഡീക്കൻ എഡിസൻ ആറ്റുപുറത്തും അവതരിപ്പിച്ചു. അതിരൂപത സെക്രട്ടറി T.S. അബ്രാഹം കൃതജ്ഞത രേഖപ്പെടുത്തി. മദ്യവിരുദ്ധസമിതി പ്രവർത്തകർ വീടുകളിലും പൊതുസ്ഥലങ്ങളിലും ആദരസൂചകമായി മദ്ധ്യസ്ഥന്റെ പ്രാർത്ഥനാസൂക്തങ്ങൾ എഴുതിയ പ്ലക്കാർഡുകൾ പ്രദർശിപ്പിച്ചു.

**2. ആഗോള ലഹരിവിരുദ്ധ ദിനാചരണം**

ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം പുത്തൂർ ഫൊറോന ദൈവാലയത്തിൽ വച്ച് സമുചിതമായി ആചരിച്ചു. അടുത്ത ദിവസം ചരമമടഞ്ഞ പുത്തൂർ മദ്യവിരുദ്ധസമിതി പ്രസിഡന്റ് T.J. ഡേവീസ് അനുസ്മരണവും സംയുക്തമായാണ് സംഘടിപ്പിച്ചത്. മദ്യവിരുദ്ധസമിതി പ്രസിഡന്റ് C.P. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് അതിരൂപത സമിതി ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ആമുഖപ്രഭാഷണവും നടത്തി. പുത്തൂർ ഫൊറോന വികാരിയായ വെരി. റവ. ഫാ. ചാക്കോ ചെറുവത്തൂരാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. ആഗോള ലഹരി വിരുദ്ധദിനത്തിന്റെ സന്ദേശം Dr. K.G. ഷൈനി നൽകി. അകാലത്തിൽ വിട്ടുപിരിഞ്ഞ T.J.ഡേവീസിനെ മോനി C.ലാസർ അനുസ്മരിച്ച് സംസാരിച്ചു. T.S.അബ്രാഹം ലഹരി വിരുദ്ധ

പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിരൂപത ഡയറക്ടർ അർപ്പിച്ച ദിവ്യ ബലിക്കു ശേഷമായിരുന്നു പൊതുസമ്മേളനം.

**3. ഫാ. ജോൺ അരീക്കന്റെ അറസ്റ്റിൽ പ്രതിഷേധം**

ആഗോള ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി സെക്ര ട്ടറിയേറ്റിനു മുന്നിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സമാ ധാനപരമായി പ്രതീകാത്മക സമരം അനുഷ്ഠിച്ചിരുന്ന മദ്യവിരുദ്ധ സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കനേയും സംസ്ഥാന വൈസ് പ്രസിഡന്റ് അജിത് ശംഖുമുഖത്തെയും അന്യായമായി അറസ്റ്റ് ചെയ്തതിൽ തൃശൂർ അതിരൂപത മദ്യവിരുദ്ധ സമിതി ശക്തമായി പ്രതി ഷേധിച്ചു. സമിതി ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ കുണ്ടു കാട് ദൈവാലയത്തിൽ കുർബാനയർപ്പിച്ചുകൊണ്ട് പ്രതിഷേധ പരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ഒല്ലൂർ, ചേർപ്പ്, ചൊവ്വൂർ, പാല യ്ക്കൽ, വടക്കാഞ്ചേരി, സ്നേഹപുരം, കുമ്പളങ്ങാട്, തൈക്കാട്ടുശ്ശേരി, മുക്കാട്ടുകര തുടങ്ങിയ യൂണിറ്റുകളിലും അന്നേ ദിവസം പ്രതിഷേധമി രമ്പി.

വൈദികനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ഫാ. ലോറ ൻസ് ഒലക്കേങ്കിൽ, ഫാ. ജോർജ്ജ് വടക്കേത്തല, ഫാ, ജോർജ്ജ് തേർമ ഠം, ഫാ. ജോർജ്ജ് തേറാട്ടിൽ, ഫാ. ജോർജ്ജ് ചേലപ്പാടൻ, ഫാ. ജോൺ സൺ പുലിക്കോട്ടിൽ, ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ, ഫാ. ചെറി യാൻ പാറക്കൽ, ഫാ. സജീവ് ഇമ്മട്ടി, ഫാ. സെബി കവലക്കാട്ട്, ഫാ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് തുടങ്ങിയ വൈദികരും വിവിധ സന്യാസ സഭകളിലെ സന്യാസിനിമാരും പ്ലക്കാർഡുകളേന്തി പ്രതിഷേധസമര ത്തിൽ പങ്കെടുത്തു.

**4. കോർപ്പറേഷനു മുന്നിലെ പ്രതിഷേധം**

മദ്യവിരുദ്ധസമിതി പ്രവർത്തകരെ അന്യായമായി അറസ്റ്റ് ചെയ് തതിൽ പ്രതിഷേധിച്ചുകൊണ്ട് നിൽപ്പ് സമരം സംഘടിപ്പിച്ചു. സെന്റ് തോമസ് കോളെജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാ ടൻ ആണ് പ്രതിഷേധപരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. അതി രൂപത ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, ടി.എസ്. അബ്രാഹം, വി.ഐ. ജോസ്, ടി.ടി കൊച്ചുവർക്കി, ഐ.ജെ. സിജോ, ബെന്നി പുലി ക്കൻ എന്നിവർ സമരത്തിൽ പങ്കെടുത്ത് പ്രസംഗിച്ചു.

**5. ഫാ. സ്റ്റാൻ സ്വാമിയുടെ നിര്യാണത്തിൽ പ്രതിഷേധം**

പ്രമുഖ സാമൂഹ്യപ്രവർത്തകനും ഈശോ സഭാംഗവൈദിക നുമായ ബഹു. സ്റ്റാൻ സ്വാമിയുടെ കിരാതമായ കസ്റ്റഡിയും തുടർന്ന്

മരണപ്പെട്ടതുമായ സംഭവത്തിൽ ലോകജനത നടുക്കം പ്രകടിപ്പിച്ചതിനോടനുബന്ധിച്ച് തൃശൂർ അതിരൂപത വിശ്വാസ സമൂഹത്തോടൊപ്പം കെ.സി.ബി.സി. മദ്യവിരുദ്ധസമിതി തൃശൂർ അതിരൂപത സമിതിയുടെ ഭാരവാഹികളും പ്രവർത്തകരും പ്ലക്കാർഡുകൾ പ്രദർശിപ്പിച്ച് പ്രതിഷേധത്തിൽ പങ്കുചേർന്നു.

**6. തിരുവചന മത്സര വിജയികൾ**

ലോകപുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതി ഒരുക്കിയ ലഹരി വിരുദ്ധ തിരുവചന ക്വിസ് മത്സരത്തിന്റെ വിജയികളെ സമിതി കാര്യാലയത്തിൽ വച്ച് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ 11.07.2021 ന് തിരഞ്ഞെടുത്തു. മുഴുവൻ ശരിയുത്തരങ്ങളും നൽകിയവർ ധാരാളമായിരുന്നതുകൊണ്ട് വിജയികളെ നറുക്കെടുപ്പിലൂടെയാണ് കണ്ടെത്തിയത്. നറുക്കെടുപ്പ് കർമ്മം നിർവ്വഹിച്ചത് ചേറൂർ ക്രൈസ്റ്റ് വില്ല ഡയറക്ടർ ബഹു. ഫാ. സെബി കവലക്കാട്ടാണ്.

**സമ്മാനാർഹർ**

1–ാം സമ്മാനം ഫ്ളെന്നി ഇ.ഡി. എരിഞ്ഞേരി ഹൗസ്, പാലക്കൽ ഇടവക

2–ാം സമ്മാനം അലൻ ജെയ്സൻ, കളപ്പുരക്കൽ ഹൗസ്

3–ാം സമ്മാനം മേരി തോമസ്, ചിറയത്ത് ഹൗസ്

വിജയികളെ ഡയറക്ടറച്ചൻ അനുമോദിച്ചു. സഹകരിച്ചവർക്കെല്ലാം മദ്യവിരുദ്ധസമിതിയുടെ അകമഴിഞ്ഞ നന്ദി.

**7. അനുശോചനം**

ഇരിങ്ങാലക്കുട രൂപത കെ.സി.ബി.സി. എക്സിക്യൂട്ടീവ് അംഗങ്ങളായ പുത്തൻചിറ ഇടവകയിലെ ബിജു മാസ്റ്റർ, താഴേക്കാട് ഇടവകയിലെ ഡേവീസ് ആളൂക്കാരൻ എന്നിവരുടെ അകാല ദേഹവിയോഗത്തിൽ അതിരൂപത സമിതി അനുശോചിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ഫ്രാൻസിസ്കൻ അൽമായ സഭ

തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭ (S.F.O) യുടെ കമ്മിറ്റി മീറ്റിംഗ്, തൃശ്ശൂർ കാൽവരി കപ്പൂച്ചിൻ ആശ്രമത്തിൽ 2021 ജൂലൈ 6ന് നടന്നു. യോഗം ആലുവ കപ്പൂച്ചിൻ പ്രോവിൻഷ്യൽ ഹൗസ് വൈസ് പ്രൊവിൻഷ്യൽ റവ. ഫാ. ജെയ്സൺ കാളൻ OFM. Cap. ഉത്ഘാടനം ചെയ്തു. യോഗത്തിൽ പുതിയതായി ചാർജ്ജ് എടുത്ത അതിരൂപത S.F.O ഡയറക്ടർ ആന്റണി തെക്കിനിയത്ത്, സ്പിരിച്ചൽ അസിസ്റ്റന്റ് മാരായ ഫാ. തോമസ് പുത്തൂർ, ഫാ. വിൻസെന്റ് കണ്ണനായ്ക്കൽ എന്നിവർക്ക് സ്വീകരണം നൽകി. മുൻ സ്പിരിച്ചൽ അസിസ്റ്റന്റ് മാരായ ഫാ. ദിൽ കോനിക്കര, ഫാ. ജോസ് പുല്ലോക്കാരൻ അതിരൂപതാ ഡയറക്ടർ ആയിരുന്ന ഫാ. ഷെജോ മഞ്ഞളി എന്നിവർ യാത്രയയപ്പ് നൽകി.

അതിരൂപത പ്രസിഡന്റ് ജോസ് പീറ്റർ സ്വാഗതവും സെക്രട്ടറി സണ്ണി വടക്കൻ റിപ്പോർട്ടും അവതരിപ്പിച്ചു. യോഗത്തിൽ തൃശൂർ റീജിയൻ പ്രസിഡന്റ് ഷാജു കോട്ടപറമ്പിൽ, കണ്ടശ്ശാംകടവ് റീജിയൻ പ്രസിഡന്റ്, പി. വി. ഔസേപ്പ് എന്നിവർ ആശംസകൾ നേർന്നു. അതിരൂപത ആനിമേറ്റർമാരായ റവ. സി. ലിറ്റി തെരേസ (ഒല്ലൂർ റീജിയൻ) റവ. സി. റോസി മരിയ (വടക്കാഞ്ചേരി റീജിയൻ) റവ. സി. ടെസിൻ ജോസഫ് (കണ്ടശ്ശാംകടവ് റീജിയൻ) റവ. സി. ഷാരോൺ തെരേസ (തൃശൂർ റീജിയൻ) എന്നിവർ നേതൃത്വം നൽകി.

അതിരൂപതയിലെ 5 റീജിയൻ എക്സിക്യൂട്ടീവ് കമ്മിറ്റിയും യോഗം കൂടുന്നതിനും എല്ലാ റീജിയനുകളും യൂണിറ്റുകളും വാട്സ്ആപ്പ് കൂട്ടായ്മ തുടങ്ങുവാനും ധാരണയായി. എല്ലാ റീജിയനുകളും അവരുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപെടുത്തുവാനും അവ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ പ്രേക്ഷപം ചെയ്യുവാനും ധാരണയായി. കെ. ടി ഷാജു നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ജോസ് പീറ്റർ**
പ്രസിഡന്റ്

**ഫാ. ആന്റണി തെക്കിനിയത്ത്**
ഡയറക്ടർ

# ലോഫ്

## 1. Family Enrichment Programme (FEP)

കുടുംബങ്ങളെ സുവിശേഷം അറിയിക്കുക എന്ന ലക്ഷ്യത്തോടെ ലോഫ് ആരംഭിച്ചിരിക്കുന്ന പ്രോഗ്രാമാണ് FEP. ആഗസ്റ്റ് മാസം 1–ാം തിയതി ലോഫ് ഔട്ട് റീച്ചിന്റെ ഭാഗമായി നടത്തറ തിരുഹൃദയ ദേവാലയത്തിൽ യുവദമ്പതികൾക്ക് വേണ്ടി ഓൺലൈനിലൂടെ പരിപാടി സംഘടിപ്പിച്ചു. ഇടവകയിൽ നിന്നും ലോഫിൽ നിന്നും ആയി 40–ഓളം കുടുംബങ്ങൾ പങ്കെടുത്തു. ലോഫിന്റെ ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ ആമുഖസന്ദേശവും, ഇടവക വികാരിയായ ഫാ. ജോജു പൊറത്തൂർ ആശംസയും, അസി. വികാരി ഫാ. അൻവിൻ സ്വാഗതവും പറഞ്ഞു. ലോഫിലെ സ്ഥിര അംഗങ്ങളായ ഡോ. അനുമോദ്, ഡോ. പ്രിയ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## 2. LOAF Core Team

ആഗസ്റ്റ് മാസം 13–ാം തിയതി ലോഫിന്റെ ഡയറക്ടറായ ഫാ. ഫ്രാൻസിസ് ആളൂരിന്റെ സാന്നിധ്യത്തിൽ ലോഫ് കോർ ടീം നടന്നു.

## 3. LOAF Spiritual Day

ആഗസ്റ്റ് മാസം 14–ാം തിയതി എല്ലാ കുടുംബങ്ങൾക്കും വേണ്ടി ലോഫ് ഒരുക്കുന്ന സ്പിരിചൽ ഡേ സംഘടിപ്പിക്കുകയുണ്ടായി. വി.ബലിക്ക് ലോഫിന്റെ ഡയറക്ടറായ ഫാ. ഫ്രാൻസിസ് ആളൂർ നേതൃത്വം നൽകി. വചന വിചിന്തനത്തിനും തുടർന്ന് ആരാധനയ്ക്കും ജെറുസലേം ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ഫാ. ഡേവിസ് പട്ടത്ത് CMI നേതൃത്വം നൽകി.

**ഡോ. ടോണി & ഡോ സുനി**
പ്രസിഡണ്ട് കപ്പിൾസ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ





ഭരത ഹോളി ട്രിനിറ്റി
ഇടവകയുടെ നവീകരിച്ച
ദൈവാലയവും അൾത്താരയും
(മാർ ആൻഡ്രൂസ് താഴത്ത് -
2021 ആഗസ്റ്റ് 15)



പൂത്തോൾ സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര
(മാർ ആൻഡ്രൂസ് താഴത്ത് -2021 ആഗസ്റ്റ് 22)

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.08.2021
**September - 2021**



# വി. കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ

**സെപ്തംബർ 14**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor